# സാമൂഹ്യശാസ്ത്രം

ഭാഗം - 2

## സ്റ്റാൻഡേർഡ് VII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

7

# സാമൂഹ്യശാസ്ത്രം

*Prepared by*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2024
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

സാമൂഹിക ജീവിതത്തിന്റെയും വിദ്യാഭ്യാസ വികാസത്തിന്റെയും നിലനില്പിനാധാരമായ പഠനശാഖയാണ് സാമൂഹ്യശാസ്ത്രം. ഭൂതകാലത്തെ അടിസ്ഥാനമാക്കി സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിനും പുതിയ കാലവും ചുറ്റുപാടുകളും രൂപപ്പെടുത്തുന്ന വിപരീത സാഹചര്യങ്ങളെ മറികടക്കുന്നതിനും സാമൂഹ്യശാസ്ത്രപഠനത്തിലൂടെ കഴിയേണ്ടതുണ്ട്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൗലികാവകാശങ്ങളെ ശാസ്ത്രീയ ചിന്തയോടെ നടപ്പിലാക്കാനും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുമാവശ്യമായ സാധ്യതകൾ കണ്ടെത്തുന്നതിനും സാമൂഹ്യശാസ്ത്രം നമ്മെ സഹായിക്കുന്നുണ്ട്.

പാർശ്വവത്ക്കരിക്കപ്പെടുന്ന എല്ലാ സാമൂഹിക വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന മനഃസ്ഥിതി വളർത്തുന്നതിനും നാടിന്റെ ഉന്നതമായ സാംസ്കാരിക-മതനിരപേക്ഷ പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിനും നമുക്ക് സമൂഹത്തെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകണം. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണ്ടെത്താനും പ്രകൃതി സംരക്ഷണത്തിനും കാർഷിക സംസ്കൃതി അഭിവൃദ്ധിപ്പെടുത്താനും ഒരു സാമൂഹ്യശാസ്ത്ര വിദ്യാർഥിക്ക് കഴിയേണ്ടതുണ്ട്.

പരിഷ്കരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 മുന്നോട്ടുവയ്ക്കുന്ന ഇത്തരം പുരോഗമന കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം ഭാഗം 2 നിങ്ങളുടെ ജീവിത വിജയത്തിന് മുതൽക്കൂട്ടാകുമെന്ന് പ്രത്യാശിക്കുന്നു.

സമൂഹത്തെ കൂടുതൽ ചലനാത്മകമാക്കുന്നതിനും മാനവികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കുമെന്ന് ഉറപ്പുണ്ട്.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

## പാഠപുസ്തകരചനാസമിതി

**അഡ്വൈസർ**

**ഡോ. കെ.എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്

**ചെയർപേഴ്സൺ**

**ഡോ. ബൈജു കെ.സി.**
വൈസ് ചാൻസലർ (ഇൻ-ചാർജ്), കേന്ദ്ര സർവകലാശാല, കാസറഗോഡ്

**വിദഗ്ധർ**

**ഡോ. പി.പി. അബ്ദുൾ റസാക്**
അസോസിയേറ്റ് പ്രൊഫസർ (റിട്ട.)
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

**ഡോ. അനീഷ് വി.ആർ.**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്,
എസ്.എ.ആർ.ബി.ടി.എം. ഗവ: കോളേജ്, കൊയിലാണ്ടി

**ഡോ. നന്ദകുമാർ ബി.വി.**
അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
എസ്.എൻ. കോളേജ്, വർക്കല

**അംഗങ്ങൾ**

**അനൂപ് കെ.പി.**
പി.എം.എസ്.എ,പി.ടി.എച്ച്.എസ്.എസ്. കക്കോവ്, മലപ്പുറം

**എം. ജോൺബായ്**
എം.വി.എച്ച്.എസ്.എസ്., അരുമാനൂർ, തിരുവനന്തപുരം

**ജോൺസൺ റ്റി.വൈ.**
സി.എസ്.ഐ.എച്ച്.എസ്.എസ്. ഫോർ ഡെഫ്, വാളകം

**കൃഷ്ണൻ കുറിയ**
എ.ഇ.ഒ. (റിട്ട.), കണ്ണൂർ സൗത്ത്

**മുസ്തഫ മറ്റത്തൂർ**
ടീച്ചർ എഡ്യൂക്കേറ്റർ, ഗവ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, മലപ്പുറം

**നിഷ എം.എസ്.**
പി.എച്ച്.എസ്.എസ്., മെഴുവേലി, പത്തനംതിട്ട

**റ്റി.എസ്. നിഷ**
എസ്.എൻ.വി.യു.പി.എസ്., മരുതമൺപള്ളി, കൊല്ലം

**പ്രേംജിത്ത് സുരേഷ്ബാബു**
ആർട്ടിസ്റ്റ്

**പ്രിയ എസ്.എസ്.**
ജി.ബി.എച്ച്.എസ്.എസ്., മിതിർമല, തിരുവനന്തപുരം

**രാജൻ പി.പി.**
ട്രെയിനർ, ബി.ആർ.സി., മലപ്പുറം

**രാജൻ കുളങ്ങര**
ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ്., വടകര, കോഴിക്കോട്

**ഷാൻലാൽ എ.ബി.**
എച്ച്.എസ്.എസ്.ടി., ജ്യോഗ്രഫി,
പി.എൻ.എം. ഗവ: എച്ച്.എസ്സ്. എസ്സ്., കൂന്തള്ളൂർ, ചിറയിൻകീഴ്

**അക്കാദമിക് കോഡിനേറ്റർ**

**ഡോ. അനിൽ ഡി.**
റിസർച്ച് ഓഫിസർ, എസ്.സി.ഇ.ആർ.ടി., കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


8. അധികാരം ജനങ്ങൾക്ക് ........ 119-131

9. ഭൂമിയെ അറിയാൻ ഭൂപടങ്ങളും
   ആധുനികസങ്കേതങ്ങളും ........ 132-151

10. ബജറ്റ് : വികസനത്തിന്റെ നേർരേഖ ........ 152-165

11. വിവേചനത്തിനെതിരെ ........ 166-179

12. ചരിത്രത്തിന്റെ ആധാര ശിലകൾ ........ 180-198


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠന പ്രവർത്തനം


തുടർപ്രവർത്തനങ്ങൾ


നമുക്ക് വായിക്കാം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



8

# അധികാരം ജനങ്ങൾക്ക്

## വികസനത്തിന്റെ പൂക്കോട്ടുമല മാതൃക




*ചിത്രം 8.1*

പൂക്കോട്ടുമല ഗ്രാമത്തെക്കുറിച്ചുള്ള വാർത്താതലക്കെട്ടുകൾ ശ്രദ്ധിച്ചല്ലോ. ജനങ്ങളുടെ പങ്കാളിത്തം കൊണ്ട് സുസ്ഥിര പുരോഗതി കൈവരിച്ച ഗ്രാമമാണ് പൂക്കോട്ടുമല. ഭക്ഷ്യ സ്വയംപര്യാപ്തത, തണ്ണീർത്തട വികസനം, എല്ലാ വാർഡുകളിലും പച്ചത്തുരുത്തുകൾ, തരിശു രഹിത ഗ്രാമം, ജലസമൃദ്ധി പദ്ധതി, ഫിലമെന്റ് രഹിത ഗ്രാമം തുടങ്ങി അനവധി വികസന പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ വാർഡുകളിലായി നടപ്പാക്കിയിട്ടുള്ളത്. ഗ്രാമസഭകളിലെ മികച്ച ജനപങ്കാളിത്തവും

ആസൂത്രണവും ഉദ്യോഗസ്ഥരുടെ കൃത്യമായ ഇടപെടലും മേൽനോട്ടവും ജനങ്ങളുടെ അർപ്പണമനോഭാവവുമാണ് പൂക്കോട്ടുമല ഗ്രാമത്തിന്റെ വികസനം ഇത്തരത്തിൽ സാധ്യമാക്കിയത്.

പൂക്കോട്ടുമല ഗ്രാമത്തിന്റെ വികസന മുന്നേറ്റങ്ങൾക്ക് പ്രേരകശക്തിയായിത്തീർന്ന ഘടകങ്ങൾ എന്തൊക്കെയാണ്?

ഗ്രാമസഭകളിലൂടെയോ വാർഡ്സഭകളിലൂടെയോ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയ ചില വികസന പ്രവർത്തനങ്ങൾ നിങ്ങളുടെ പ്രദേശത്തും ഉണ്ടാകുമല്ലോ. ടീച്ചറുടെ സഹായത്തോടെ അവ കണ്ടെത്തി പട്ടികപ്പെടുത്തുക.

- റോഡ് നിർമ്മാണം
- ...................................................
- ...................................................
- ...................................................

## ഗ്രാമസഭ/വാർഡ് സഭകളെ അടുത്തറിയുമ്പോൾ



നിവിന്റെ പോസ്റ്റിൽ നിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തൂ.

പോസ്റ്റിൽ എന്തിനെക്കുറിച്ചാണ് പരാമർശിക്കുന്നത്?

ഗ്രാമസഭയിൽ ചർച്ചചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാം?

ഗ്രാമസഭയിൽ അധ്യക്ഷത വഹിക്കുന്നതാര്?

ഗ്രാമസഭയ്ക്ക് സമാനമായി നഗരങ്ങളിലുള്ള സംവിധാനമേത്?

ഗ്രാമസഭയുടെ കൺവീനർ ആരാണ്?

**കതിർമല ഗ്രാമപഞ്ചായത്ത്**

**ഗ്രാമസഭാ നോട്ടീസ്**

കതിർമല ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ (മേലറ്റൂർ) യോഗം 29.07.2023 ശനിയാഴ്ച 2.30 മണിക്ക് കതിർമല കുടുംബാരോഗ്യ കേന്ദ്രത്തിൽ വച്ച് ചുവടെ ചേർത്തിരിക്കും പ്രകാരമുള്ള അജണ്ട വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് യോഗംചേരുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുതയോഗത്തിൽ മേലറ്റൂർ വാർഡിലെ എല്ലാ വോട്ടർമാരും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

05.07.2023 **കൺവീനർ**
കതിർമല വാർഡ് മെമ്പർ

**അജണ്ട**

1. നാടിന്റെ പൊതുവികസനം സംബന്ധിച്ച ചർച്ചകൾ
2. പ്രതിഭകളെ ആദരിക്കൽ
3. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ
4. നമുക്ക് മുന്നേറാം-സ്ത്രീ ശാക്തീകരണ പരിപാടി

NB: 50 രൂപ യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് നൽകാതെ കത്തിക്കുകയോ, വലിച്ചെറിയുകയോ, കുഴിച്ചിടുകയോ ചെയ്യുന്നത് കതിർമല ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് മാനേജ്മെന്റ് ബൈലാ 2021 പ്രകാരം ശിക്ഷാർഹമാണ്.




*ചിത്രം 8.2*

മുകളിൽ നൽകിയിരിക്കുന്ന നോട്ടീസും ചിത്രവും ശ്രദ്ധിച്ചല്ലോ. ഗ്രാമസഭ വിളിച്ചു ചേർക്കുന്നതിനുള്ള നോട്ടീസിന്റെയും ഗ്രാമസഭയുടെയും ചിത്രങ്ങളാണിവ. നോട്ടീസിൽ നിന്ന് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഗ്രാമസഭയിൽ നടക്കുന്നതെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

- പ്രാദേശിക വികസന പ്രവർത്തനങ്ങൾ - ചർച്ചയും ആസൂത്രണവും
- 
- 

ഗ്രാമസഭകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ ക്രോഡീകരിച്ച് കുറിപ്പ് തയ്യാറാക്കുക.

## ക്ലാസ് സഭ ചേരാം

നിങ്ങളുടെ വിദ്യാലയത്തെ ഒരു ഗ്രാമപഞ്ചായത്തായും ക്ലാസിനെ ഒരു വാർഡായും സങ്കല്പിച്ച് നമുക്കൊരു മാതൃകാ 'ക്ലാസ് സഭ' ചേർന്നാലോ? ക്ലാസ് ലീഡർ വാർഡ് പ്രതിനിധി ആകട്ടെ.

ആദ്യമായി നമുക്ക് ക്ലാസ് സഭയ്ക്കായി അംഗങ്ങളെ ക്ഷണിക്കാൻ നോട്ടീസ് തയ്യാറാക്കാം. എന്തൊക്കെ വിവരങ്ങളാണ് നോട്ടീസിൽ ഉൾപ്പെടുത്തുന്നത്? ക്ലാസ് സഭയിൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

- ക്ലാസ്മുറികൾ ശിശുസൗഹൃദമാക്കാൻ വരുത്തേണ്ട മാറ്റങ്ങൾ
- വിദ്യാലയ ശുചിത്വം സംബന്ധിച്ച പ്രവർത്തനങ്ങൾ
-
-
-

ടീച്ചറുടെ സഹായത്തോടെ നോട്ടീസ് തയ്യാറാക്കി ക്ലാസ് സഭ സംഘടിപ്പിക്കുക.

## ഗ്രാമങ്ങൾ അടിസ്ഥാനമാകുമ്പോൾ



ചിത്രം 8.3

### ഗാന്ധിജിയുടെ സ്വപ്നം

"എന്റെ സങ്കല്പത്തിലുള്ള ഗ്രാമസ്വരാജ് മുഖ്യ ആവശ്യങ്ങൾക്കുവേണ്ടി അയൽക്കാരെ ആശ്രയിക്കേണ്ട ആവശ്യമില്ലാത്തതും ആശ്രയം ഒരു ആവശ്യമായിത്തീർന്നാൽ മാത്രം മറ്റുള്ളവരുമായി പരസ്പര സഹായത്തിലേർപ്പെടുന്നതുമായ ഒരു പൂർണ്ണ റിപ്പബ്ലിക്കാണ്. അതിനാൽ ഓരോ ഗ്രാമത്തിന്റെയും പ്രധാന താല്പര്യം ഭക്ഷ്യവിളവും തുണിക്കാവശ്യമായ പരുത്തിയുടെ വിളവും വർധിപ്പിക്കുക എന്നതായിരിക്കും. കന്നുകാലികൾക്ക് പ്രത്യേകം സ്ഥലവും പ്രായപൂർത്തിയായവർക്കും കുട്ടികൾക്കും വിനോദവും വിനോദശാലകളും വേണം. കൂടുതൽ ഭൂമിയുണ്ടെങ്കിൽ............................ പണം സമ്പാദിക്കാവുന്ന തരത്തിലുള്ള ഉൽപന്നങ്ങൾ വിളയിച്ചെടുക്കാൻ ഉപയോഗിക്കും."

**(ഹരിജൻ,** 26-7-1942, **ഗാന്ധി സാഹിത്യസംഗ്രഹം)**

ഗ്രാമങ്ങളുടെ വികസനത്തെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ എന്തെല്ലാമാണെന്ന് കണ്ടെത്തുക.

- ഗ്രാമത്തിന്റെ പ്രധാന ആവശ്യങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കുക.
-
-
-
-

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നതെന്നും ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമേ രാജ്യപുരോഗതി സാധ്യമാകൂ എന്നുമാണ് ഗാന്ധിജി വിശ്വസിച്ചത്. ജനാധിപത്യഭരണത്തിന്റെ അടിസ്ഥാന ഘടകം ഗ്രാമങ്ങളായതിനാൽ പഞ്ചായത്തുകളുടെ അധികാരം എത്രത്തോളം വർധിക്കുന്നുവോ അത്രത്തോളം അത് ജനക്ഷേമകരമായിരിക്കും. സ്വയംഭരണ ഗവൺമെന്റ് എന്ന അർഥത്തിലാണ് ഗാന്ധിജി ഗ്രാമസ്വരാജിനെ വിശേഷിപ്പിച്ചത്. ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് നടപ്പിൽ വരുത്തുന്നതിനുള്ള മാർഗമാണ് അധികാര വികേന്ദ്രീകരണം. ജനങ്ങളിലേക്ക് അധികാരം വികേന്ദ്രീകരിക്കപ്പെടുമ്പോഴാണ് 'ഗ്രാമസ്വരാജ്' എന്ന സങ്കല്പം പൂർണ്ണമാകുന്നത്.

## അധികാരം വികേന്ദ്രീകരിക്കുമ്പോൾ

ഗ്രാമപഞ്ചായത്ത് ഇടപെട്ടു : പാലം പണി വേഗത്തിൽ പൂർത്തിയായി

അർഹരായവരെ കണ്ടെത്താൻ ഗ്രാമസഭയിൽ പ്രത്യേക സമിതി: സ്വപ്നഭവനം പദ്ധതി യാഥാർഥ്യമായി

വാർഡുവികസന സമിതി സജീവമായി : എല്ലാവർക്കും കുടിനീർ സുലഭം

കർഷക കൂട്ടായ്മ ഉണർന്നു : കൊയ്ത്തുയന്ത്രങ്ങൾ പാടത്തേക്ക്

ജനങ്ങൾ മുൻകൈയെടുത്തു : പാതയോരങ്ങളിൽ തണൽ വിരിഞ്ഞു

ജനപങ്കാളിത്തമേറി : ഗ്രാമത്തിലെ റോഡുകൾ സജ്ജം, സഞ്ചാരയോഗ്യം

മുകളിൽ കൊടുത്തിട്ടുള്ള കൊളാഷിൽ നിന്നും, ജനപങ്കാളിത്തം കൊണ്ട് വിജയംവരിച്ച പ്രാദേശിക വികസനപദ്ധതികൾ ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞല്ലോ.

അധികാരം ചിലരിൽ മാത്രം കേന്ദ്രീകരിക്കുമ്പോഴല്ല പകരം എല്ലാ ജനങ്ങളിലേക്കും വികേന്ദ്രീകരിക്കപ്പെടുമ്പോഴാണ് ജനാധിപത്യം അർഥപൂർണ്ണമാകുന്നത്. ഇത്തരത്തിൽ ഒരു രാഷ്ട്രീയ വ്യവസ്ഥയിലോ ഭരണസംവിധാനത്തിലോ തീരുമാനങ്ങൾ എടുക്കാനും നടപ്പിലാക്കാനുമുള്ള അധികാരം ജനങ്ങളിലേക്ക് നിയമപരമായി കൈമാറുന്നതാണ് അധികാരവികേന്ദ്രീകരണം.

### അധികാരകേന്ദ്രീകരണം

ഭരണകാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അധികാരം ചിലരിൽ മാത്രം നിക്ഷിപ്തമാകുന്നതാണ് അധികാരകേന്ദ്രീകരണം. ഇവിടെ സാധാരണക്കാർക്ക് ഭരണകാര്യങ്ങളിൽ പങ്കാളികളാകാനുള്ള അവസരം താരതമ്യേന കുറവാണ്.

## അധികാരവികേന്ദ്രീകരണം : സവിശേഷതകൾ




മുകളിൽ കൊടുത്തിട്ടുള്ള ആശയപടം ശ്രദ്ധിച്ചല്ലോ. വികേന്ദ്രീകരണത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്ത് വിവരണം തയ്യാറാക്കുക.

### അധികാരവികേന്ദ്രീകരണം കാലങ്ങളിലൂടെ...

പുരാതനകാലം മുതൽ നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന ഗ്രാമീണ ഭരണ വ്യവസ്ഥയായിരുന്നു പഞ്ചായത്ത്. ഗ്രാമജീവിതത്തിന്റെ സിരാകേന്ദ്രങ്ങൾ ആയിരുന്നു അവ. പഞ്ച (അഞ്ച്), ആയത് (യോഗം അഥവാ സമ്മേളനം) എന്നീ സംസ്കൃത പദങ്ങൾ ചേർന്നാണ് പഞ്ചായത്ത് എന്ന പദം രൂപപ്പെട്ടത്. ബ്രിട്ടീഷ് ആധിപത്യത്തോടെ ഇന്ത്യയിൽ പഞ്ചായത്ത് ഭരണസംവിധാനം ദുർബലമാകാൻ തുടങ്ങി. എന്നാൽ 1882-ൽ റിപ്പൺ പ്രഭു ബ്രിട്ടീഷ് ഇന്ത്യയിൽ കൊണ്ടുവന്ന പരിഷ്കാരങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതുജീവൻ നൽകിയത്. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് നിലവിൽ വന്നതോടുകൂടി പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുകയും അവ പുനഃസംഘടിപ്പിക്കപ്പെടുകയും ചെയ്തു.

## അധികാരവികേന്ദ്രീകരണം ഭരണഘടനയിൽ

ഇന്ത്യൻ ഭരണഘടനയിൽ നിർദേശകതത്വങ്ങളുടെ ഭാഗമായി അനുഛേദം 40-ൽ ആണ് പഞ്ചായത്തുകളുടെ രൂപീകരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. എങ്കിലും ശക്തമായ പ്രാദേശിക ഭരണസംവിധാനത്തിന്റെ അഭാവം ഇന്ത്യയിലെ ഗ്രാമീണവികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. ഇത് പരിഹരിക്കുന്നതിനും പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി നിരവധി കമ്മിറ്റികൾ നിയോഗിക്കപ്പെട്ടു. അവയിൽ പ്രധാനപ്പെട്ടവയാണ് ബൽവന്ത്റായ് മേത്തയുടെയും അശോക് മേത്തയുടെയും നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ.

| ബൽവന്ത്റായ് മേത്ത കമ്മിറ്റി ശിപാർശ (1957) | അശോക് മേത്ത കമ്മിറ്റി ശിപാർശ (1978) |
|---|---|
| • ത്രിതലപഞ്ചായത്ത് സംവിധാനം- ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് സമിതി, ജില്ലാപരിഷത്ത് എന്നിവ | • ദ്വിതലപഞ്ചായത്ത് സംവിധാനം- മണ്ഡൽ പഞ്ചായത്ത്, ജില്ലാപരിഷത്ത് എന്നിവ |
| • ആസൂത്രണ വികസന പ്രവർത്തനങ്ങൾക്കുള്ള അധികാരം പഞ്ചായത്ത് സമിതികൾക്ക്, മേൽനോട്ടവും സംഘാടനവും ജില്ലാ പരിഷത്തിന് | • ജില്ലാപരിഷത്തിനായിരിക്കും ജില്ലാതല ആസൂത്രണ ചുമതല, മണ്ഡൽ പഞ്ചായത്തുകൾക്ക് ഗ്രാമങ്ങളുടെ ചുമതല |
| • ഗ്രാമപഞ്ചായത്തുകളിൽ പ്രത്യക്ഷ തിരഞ്ഞെടുപ്പ് | • പഞ്ചായത്തു സ്ഥാപനങ്ങൾക്ക് ഭരണഘടനാസാധുത |
| • ജില്ലാപരിഷത്ത്, പഞ്ചായത്തുസമിതി എന്നിവിടങ്ങളിലേക്ക് പരോക്ഷ തിരഞ്ഞെടുപ്പ് | • പട്ടികജാതി - പട്ടികവർഗ സംവരണം |

മുകളിൽ നൽകിയിട്ടുള്ള രണ്ട് കമ്മിറ്റികളുടെയും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പാനൽ ചർച്ച സംഘടിപ്പിക്കുക.

### തുടക്കം രാജസ്ഥാനിൽ

ബൽവന്ത്റായ് മേത്ത കമ്മിറ്റിയുടെ ശിപാർശ പ്രകാരം ഇന്ത്യയിൽ ആദ്യമായി പഞ്ചായത്തീരാജ് സംവിധാനം നടപ്പിൽ വന്നത് രാജസ്ഥാനിലാണ്. 1959 ഒക്ടോബർ രണ്ടിന് രാജസ്ഥാനിലെ നാഗൌർ ജില്ലയിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പദ്ധതി ഉദ്ഘാടനം ചെയ്തു. അതേവർഷം തന്നെ ആന്ധ്രാപ്രദേശിലും തുടർന്ന് തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നു.



*ചിത്രം 8.4*

## ഭരണഘടനാഭേദഗതി

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളുടെ ശിപാർശകൾ രാജ്യവ്യാപകമായി നടപ്പാക്കുന്നതിലെ കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും, ഏകീകൃത ഘടനയ്ക്കും തടസ്സമായി. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാസാധുത നൽകുവാൻ തീരുമാനിച്ചു. 1992-ലെ 73, 74 ഭരണഘടനാഭേദഗതികൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ ലഭ്യമായി. 73-ാം ഭരണഘടനാഭേദഗതിയിലൂടെ പഞ്ചായത്തീരാജ് നിയമവും 74-ാം ഭരണഘടനാഭേദഗതിയിലൂടെ നഗരപാലിക നിയമവും നിലവിൽ വന്നു.

| 73-ാം ഭരണഘടനാഭേദഗതി<br>പഞ്ചായത്തീരാജ് സംവിധാനം | 74-ാം ഭരണഘടനാഭേദഗതി<br>നഗരപാലിക സംവിധാനം |
|---|---|
| ഗ്രാമസഭകളുടെ രൂപീകരണം | വാർഡ് സഭകളുടെ രൂപീകരണം |
| ഭരണ കാലാവധി അഞ്ചുവർഷം | ഭരണ കാലാവധി അഞ്ചുവർഷം |
| പട്ടികജാതി - പട്ടികവർഗ സംവരണം | പട്ടികജാതി - പട്ടികവർഗ സംവരണം |
| വനിതാ സംവരണം | വനിതാ സംവരണം |
| തിരഞ്ഞെടുപ്പ് ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് | തിരഞ്ഞെടുപ്പ് ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് |
| അഞ്ചു വർഷത്തിലൊരിക്കൽ ധനകാര്യ കമ്മീഷൻ | അഞ്ചു വർഷത്തിലൊരിക്കൽ ധനകാര്യ കമ്മീഷൻ |
| ത്രിതല പഞ്ചായത്ത് സംവിധാനം- ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് | രണ്ടുതരം നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ നഗർ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ (കേരളത്തിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) |

73, 74 ഭരണഘടന ഭേദഗതികൾ അടിസ്ഥാനമാക്കി ക്ലാസിൽ പ്രശ്നോത്തരി സംഘടിപ്പിക്കുക.

- ഇന്ത്യയിലെ ഗ്രാമീണ അധികാരവികേന്ദ്രീകരണ സംവിധാനം ഏത് പേരിൽ അറിയപ്പെടുന്നു?
- പഞ്ചായത്തീരാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകം ഏത്?
- ..........................................................................................
- ..........................................................................................

ബൽവന്ത്റായ് മേത്ത, അശോക് മേത്ത കമ്മിറ്റികളുടെ ഏതൊക്കെ നിർദേശങ്ങളാണ് 73, 74 ഭരണഘടനാഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

- ത്രിതല പഞ്ചായത്ത് സംവിധാനം
- 
- 
- 

## കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - ഘടന




നിങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തി എഴുതുക.

| | |
|---|---|
| • ഗ്രാമപഞ്ചായത്ത് | |
| • ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ | |
| • ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | |
| • ബ്ലോക്ക്പഞ്ചായത്ത് | |
| • ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് | |
| • ജില്ലാപഞ്ചായത്ത് | |
| • ജില്ലാപഞ്ചായത്ത് പ്രസിഡന്റ് | |
| • മുനിസിപ്പാലിറ്റി | |
| • മുനിസിപ്പൽ കൗൺസിലർ | |

| | |
|---|---|
| ● മുനിസിപ്പൽ ചെയർപേഴ്സൺ | |
| ● കോർപ്പറേഷൻ | |
| ● കോർപ്പറേഷൻ കൗൺസിലർ | |
| ● മേയർ | |

### ജനകീയാസൂത്രണം കേരളത്തിൽ

73, 74 ഭരണഘടനാഭേദഗതികളെ തുടർന്ന് 1996-ൽ കേരളത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണ പ്രക്രിയ 'ജനകീയാസൂത്രണം' എന്ന പേരിൽ അറിയപ്പെടുന്നു. പ്രാദേശിക ഭരണസംവിധാനത്തിന് കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകി അവ നടപ്പിലാക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ, ഫണ്ട് എന്നിവ ലഭ്യമാക്കാൻ ജനകീയാസൂത്രണം വഴിയൊരുക്കി. ഈ ഭരണഘടനാഭേദഗതികളുടെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 33% സ്ത്രീസംവരണം ഏർപ്പെടുത്തിയിരുന്നു. തുടർന്ന്, 2005-ലെ പഞ്ചായത്തീരാജ് ആക്ട് ഭേദഗതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ത്രീ പ്രാതിനിധ്യം 50% ആയി ഉയർത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 10% സ്ത്രീകൾക്കു മാത്രമുള്ള പദ്ധതികൾക്കായി മാറ്റിവയ്ക്കുന്നുണ്ട്. അങ്ങനെ കാര്യക്ഷമമായ അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ കേരളം രാജ്യത്തിന് മാതൃകയായി...

## ചുമതലകൾ പലവിധം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മുന്നിൽ പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡ് നിരീക്ഷിക്കൂ. എന്തൊക്കെ ചുമതലകളും സേവനങ്ങളുമാണ് അവ നിർവഹിക്കുന്നത്.

- ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യൽ
- സ്ഥിതിവിവര കണക്കുകൾ ശേഖരിക്കൽ
- പ്രാഥമിക വിദ്യാലയങ്ങളുടെ മേൽനോട്ടവും ചുമതലയും
- മാതൃ-ശിശു വികസനം
- കെട്ടിടനിർമ്മാണത്തിന് അനുമതി നൽകൽ
- പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കൽ
- മാലിന്യ നിർമാർജനം
- വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ

നിങ്ങളുടെ കുടുംബത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സേവനങ്ങൾ എന്തൊക്കെയാണ്? ചർച്ച ചെയ്യുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളെക്കുറിച്ച് കൂടുതൽ അറിയാൻ നിങ്ങളുടെ ജനപ്രതിനിധികളുമായി അഭിമുഖം നടത്തുന്നതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കുക.

## വരുമാനം വിവിധ സ്രോതസ്സുകളിലൂടെ



*ചിത്രം 8.5*



*ചിത്രം 8.6*

മിഴി : മുത്തശ്ശീ, ഇന്നു ഞങ്ങൾ പഞ്ചായത്തിന്റെ ചുമതലകളെക്കുറിച്ച് പഠിച്ചല്ലോ.

മുത്തശ്ശി : ആഹാ! എന്തൊക്കെ കാര്യങ്ങൾ പഠിച്ചു?

മിഴി : സാംക്രമിക രോഗങ്ങൾ തടയുക, ജലാശയങ്ങൾ സംരക്ഷിക്കുക, ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യുക അങ്ങനെ പലതും. മുത്തശ്ശി മുൻപ് പഞ്ചായത്ത് പ്രസിഡന്റായിരുന്നല്ലോ, ഇതൊക്കെ ചെയ്യാനുള്ള വരുമാനം പഞ്ചായത്തിന് എവിടെനിന്നാണ് ലഭിക്കുന്നതെന്ന് പറയാമോ?



*ചിത്രം 8.7*

മുത്തശ്ശി : മിടുക്കി ! നല്ല ചോദ്യം. പഞ്ചായത്തിന് വിവിധതരം വരുമാന മാർഗങ്ങൾ ഉണ്ട്. ഉദാഹരണമായി, കേന്ദ്രസംസ്ഥാന ഗവൺമെന്റുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളും ഗ്രാന്റുകളുമുണ്ട്. കൂടാതെ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങി പലതരം നികുതികളിൽ നിന്നും പഞ്ചായത്തുകൾക്ക് വരുമാനം ലഭിക്കുന്നുണ്ട്.

മിഴി : മുത്തശ്ശീ, കഴിഞ്ഞ ദിവസം അച്ഛൻ കെട്ടിടത്തിന്റെ പെർമിറ്റ് എടുക്കാൻ ഫീസടച്ചിരുന്നല്ലോ, അതും പഞ്ചായത്തിന്റെ വരുമാന മാർഗത്തിൽ പെടില്ലേ?



*ചിത്രം 8.8*

മുത്തശ്ശി : അതെ, അതുമുൾപ്പെടും. പെർമിറ്റ്, രജിസ്ട്രേഷൻ മുതലായവയിൽ നിന്നുള്ള ഫീസുകളും, ബസ് സ്റ്റാൻഡ്, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റുകൾ, മൈതാനം എന്നിവ ഉപയോഗിക്കുന്നവരിൽ നിന്നുള്ള ഫീസുകളും പഞ്ചായത്ത് ചുമത്തുന്ന പിഴകളും വരുമാനമാർഗത്തിൽപ്പെടും.

മിഴി : ആഹാ ! അപ്പോൾ ഇത്രയേറെ വരുമാന മാർഗങ്ങൾ ഉണ്ടല്ലേ !

മുത്തശ്ശി : ഉണ്ട്. പക്ഷേ, ഓരോ പഞ്ചായത്തും സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് വരുമാനത്തിൽ വ്യത്യാസം വരും എന്നതു മറക്കണ്ട. പ്രാദേശിക വികസനം സാധ്യമാകണമെങ്കിൽ പഞ്ചായത്തിന് ധാരാളം വരുമാനം വേണ്ടേ? ഇത് മാത്രമല്ല, സർക്കാർ അംഗീകാരത്തോടെ വിവിധതരം വായ്പകളും, ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിഹിതങ്ങളും, നിബന്ധനകളോടുകൂടി സ്വീകരിക്കുന്ന സംഭാവനകളും വരുമാനത്തിൽ ഉൾപ്പെടുന്നുണ്ട് കേട്ടോ.



മുകളിൽ കൊടുത്തിട്ടുള്ള സംഭാഷണത്തിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക.

- വിവിധ തരം നികുതികൾ
- 
- 
- 

## പ്രതിസന്ധികൾ, വെല്ലുവിളികൾ

അധികാരവികേന്ദ്രീകരണത്തിലൂടെ കേരളം ജനകീയാസൂത്രണമുൾപ്പെടെ ഏറെ നേട്ടങ്ങൾ സ്വായത്തമാക്കിയെങ്കിലും നിരവധി വെല്ലുവിളികളും നേരിടുന്നുണ്ട്. 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ മിലൻ തയ്യാറാക്കിയ സെമിനാർ പ്രബന്ധത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികൾ



അധികാരവികേന്ദ്രീകരണം കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ നേട്ടങ്ങൾ മാത്രം ഉയർത്തിപ്പിടിക്കാതെ പരിമിതികൾ കൂടി തിരിച്ചറിഞ്ഞ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളും പ്രശ്നങ്ങളും ചുവടെ ചേർക്കുന്നു.

- പദ്ധതിവിഹിതം സമയബന്ധിതമായി ലഭിക്കാത്ത അവസ്ഥ
- വികേന്ദ്രീകരണം പൂർണ്ണമായും നടപ്പാക്കപ്പെടാത്ത സാഹചര്യം
- ഗ്രാമസഭകളിലെ കുറഞ്ഞ ജനപങ്കാളിത്തം
- ഗ്രാമീണ മേഖലയിലെ പഞ്ചായത്തുകളുടെ തനതു വരുമാനത്തിലെ കുറവ്
- ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത

നിങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തെക്കുറിച്ചുള്ള ഒരു ലഘുലേഖ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

**'ഞാൻ പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ ആയാൽ'** നിങ്ങളുടെ ആശയങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക.

ജനാധിപത്യം അർഥവത്താകുന്നത് അധികാരത്തിൽ ജനങ്ങളും പങ്കാളികളാകുമ്പോഴാണ്. അധികാരവികേന്ദ്രീകരണം ഇതുറപ്പാക്കുന്നു. ഒരു സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഭരണത്തിൽ പങ്കാളികളാക്കുന്ന പ്രക്രിയ കൂടിയാണിത്. അതുകൊണ്ടുതന്നെ അധികാര വികേന്ദ്രീകരണത്തിലെ വെല്ലുവിളികൾ തരണം ചെയ്തും അവ പരിഹരിച്ചും മുന്നോട്ടു പോകേണ്ടത് ജനാധിപത്യം ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്.

## തുടർപ്രവർത്തനങ്ങൾ

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ ജനപ്രതിനിധിയുമായി അഭിമുഖം സംഘടിപ്പിക്കുക.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ട് ബോധ്യപ്പെടുന്നതിനായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക, യാത്രയുടെ ഡിജിറ്റൽ ഡോക്യുമെന്റേഷൻ തയ്യാറാക്കുക.
- നിങ്ങളുടെ പ്രദേശത്തെ ഗ്രാമസഭ/വാർഡ് സഭ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുക.
- '73, 74 ഭരണഘടനാഭേദഗതികളിലെ വനിതാസംവരണം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു സംവാദം സംഘടിപ്പിക്കുക.
- ക്ലാസ് സഭ സംഘടിപ്പിച്ചപ്പോൾ ഉയർന്നുവന്ന വികസനാശയങ്ങൾ ഉൾപ്പെടുത്തി ക്ലാസ് വികസന രേഖ തയ്യാറാക്കുക. ആദ്യം സ്കൂൾ പാർലമെന്റിൽ അവതരിപ്പിക്കുക. തുടർന്ന് സ്കൂൾ വികസന സമിതി അംഗങ്ങളെ ക്ഷണിച്ച്, അവരുടെ സാന്നിധ്യത്തിൽ അസംബ്ലിയിൽ പ്രകാശനം ചെയ്യുക.



09

# ഭൂമിയെ അറിയാൻ ഭൂപടങ്ങളും ആധുനികസങ്കേതങ്ങളും




ചിത്രം 9.1

ഒരു കുട്ടി തന്റെ അച്ഛനോടൊപ്പം നടത്തിയ യാത്രയെക്കുറിച്ചുള്ള സംഭാഷണം വായിച്ചല്ലോ. ഭൂപടങ്ങൾ അവരുടെ യാത്രയിൽ എത്രത്തോളം സഹായകരമായിരുന്നുവെന്ന് കണ്ടില്ലേ. വാഹനങ്ങളിലും മൊബൈൽ ഫോണിലുമൊക്കെയുള്ള ഡിജിറ്റൽ ഭൂപടങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാവും. യാത്രകളിൽ ഇത്തരം ഭൂപടങ്ങൾ ഉപയോഗിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ. സ്കൂളിലെ സാമൂഹ്യശാസ്ത്ര ലാബിൽ പ്രദർശിപ്പിച്ചിട്ടുള്ള വിവിധതരം ഭൂപടങ്ങളും നിങ്ങൾക്ക് പരിചിതമാണ്.

ഏതൊക്കെ സന്ദർഭങ്ങളിലാണ് നാം ഭൂപടങ്ങൾ പ്രയോജനപ്പെടുത്തുന്നത്. ഒന്ന് എഴുതി നോക്കൂ

- ഒരു സ്ഥലത്തിന്റെ സ്ഥാനം മനസ്സിലാക്കുന്നതിന്
- ലക്ഷ്യസ്ഥാനത്തേക്കുള്ള വഴികൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിന്
- ഭൂപ്രകൃതി മനസ്സിലാക്കുന്നതിന്
- 

ഭൂപടത്തിന്റെയും ഗ്ലോബിന്റെയും ചിത്രങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്. അവ നിരീക്ഷിച്ച്, നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ അവ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തൂ. സാമൂഹ്യശാസ്ത്ര ലാബിലുള്ള ഗ്ലോബും ഭൂപടവും കൂടി ഇതിനായി പ്രയോജനപ്പെടുത്തുമല്ലോ.






*ചിത്രങ്ങൾ 9.2*

സൂചനകൾ:

- ആകൃതി
- അക്ഷാംശ-രേഖാംശ രേഖകൾ
- ഉപയോഗം

ഗ്ലോബുകളുടെയും ഭൂപടങ്ങളുടെയും ചില പ്രധാന സവിശേഷതകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവ ഗ്ലോബുകളുടെ സവിശേഷതകൾ, ഭൂപടങ്ങളുടെ സവിശേഷതകൾ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തൂ.

- ഭൂമിയുടെ യഥാർഥ മാതൃക
- ഭൂമിയുടെ ദ്വിമാന ചിത്രീകരണം
- ഭൂമിയുടെ ഗോളാകൃതിയിലുള്ള ചിത്രീകരണം
- ഭൂമിയെ ഭാഗികമായോ പൂർണ്ണമായോ ഒരു പരന്ന പ്രതലത്തിൽ ചിത്രീകരിക്കുന്നത്
- ഭൂമിയെ പൂർണ്ണമായും ചിത്രീകരിക്കുന്നതിനാൽ ഭൂമിയെപ്പറ്റിയുള്ള ഒരു സമഗ്രമായ ദൃശ്യബോധം പ്രദാനം ചെയ്യുന്നു.
- രേഖാംശ രേഖകളും അക്ഷാംശ രേഖകളും നേർരേഖകളായി ചിത്രീകരിക്കുന്നു.
- രേഖാംശ രേഖകൾ അർധ വൃത്തങ്ങളായും അക്ഷാംശ രേഖകൾ കേന്ദ്രീകൃത വൃത്തങ്ങളായും ചിത്രീകരിക്കുന്നു.
- ഒരു നിശ്ചിത പ്രദേശത്തെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും യാത്രയ്ക്കായി വഴികൾ ആസൂത്രണം ചെയ്യുന്നതിനും ഏറെ പ്രയോജനകരം
- 

ഇനി പറയൂ എന്താണ് ഭൂപടങ്ങൾ? ഭൂമിയെ പൂർണ്ണമായോ ഭാഗികമായോ ഒരു പരന്ന പ്രതലത്തിൽ ചിത്രീകരിച്ചാണ് ഭൂപടങ്ങൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ ചിത്രീകരിച്ചിട്ടുള്ള പരന്ന പ്രതലങ്ങളാണ് ഭൂപടങ്ങൾ.

## ആവശ്യങ്ങൾ വ്യത്യസ്തം - ഭൂപടങ്ങളും വ്യത്യസ്തം

എന്തെല്ലാം ആവശ്യങ്ങൾക്കായാണ് നാം ഭൂപടങ്ങൾ ഉപയോഗിക്കുന്നതെന്ന് നിങ്ങൾ കണ്ടെത്തിയില്ലേ? ഒരേ ഭൂപടം തന്നെ നമുക്ക് എല്ലാ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുവാനാകുമോ? നമ്മുടെ ആവശ്യങ്ങൾ വ്യത്യസ്തമാണ്. അതിനനുസൃതമായി ഭൂപടങ്ങളും വ്യത്യസ്തമായിരിക്കും. ഭൂപടങ്ങളെ പ്രധാനമായും ചുവടെ നൽകിയിട്ടുള്ള രണ്ട് ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം.

- ഭൂപടങ്ങൾ നിറവേറ്റുന്ന ധർമ്മം
- ഭൂപടങ്ങൾ തയ്യാറാക്കിയിരിക്കുന്ന അളവ് അഥവാ തോത്

## ഭൂപടങ്ങളുടെ ചരിത്രം

ഭൂപടനിർമ്മാണത്തിന്റെ ചരിത്രം മനുഷ്യരാശിയുടെ ചരിത്രത്തോളം തന്നെ പഴക്കമുള്ളതാണ്. ആദിമ ഭൂപടങ്ങൾ കല്ലുകളിലും തടികളിലും കൊത്തി ഉണ്ടാക്കിയിട്ടുണ്ട്; മണ്ണിലും മൃഗത്തോലിലും തുണിയിലും അവ നിർമ്മിച്ചിട്ടുണ്ട്. അറിയപ്പെടുന്നതിൽ വച്ച് ഏറ്റവും പഴക്കമുള്ള ഭൂപടം ഏതാണ്ട് ബി സി ഇ 2500-കാലഘട്ടങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്ന് കരുതപ്പെടുന്നു. മെസൊപ്പൊട്ടേമിയയിലെ ഒരു കളിമൺ ഫലകത്തിൽ വരച്ച ഭൂപടമാണത്. ഭൂമി ഉരുണ്ടതാണെന്ന് രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് ഭൗമശാസ്ത്രജ്ഞനായ ടോളമി വിശ്വസിച്ചിരുന്നു. അതനുസരിച്ച് ഒരു ഭൂപടം നിർമ്മിക്കാൻ ടോളമി ശ്രമിച്ചിരുന്നു. സി ഇ 1400-കളുടെ അവസാനത്തിൽ ഒരു അറ്റ്ലസിൽ അച്ചടിച്ചു വരുന്നതുവരെ ടോളമിയുടെ ഭൂപടങ്ങളെ കുറിച്ച് പുറംലോകത്തിന് അറിവില്ലായിരുന്നു. അതിനു ശേഷം അവ കൊളംബസ്, കാബട്ട്, മഗെല്ലൻ, ഡ്രേക്ക്, വെസ്പൂചി എന്നീ നാവികർക്ക് ഭൂമിശാസ്ത്ര വിവരങ്ങളുടെ ഉറവിടമായി മാറി. ഇന്നും, ടോളമി നിർമ്മിച്ച ഭൂപടത്തിന് ആധുനിക ഭൂപടങ്ങളോട് സാദൃശ്യമുണ്ട്. ഗ്രീക്ക്, അറബ് ഭൂമിശാസ്ത്രജ്ഞരാണ് ആധുനിക ഭൂപട നിർമ്മാണത്തിന് അടിത്തറ പാകിയത്. അതിപുരാതനകാലം മുതൽക്കേ ഇന്ത്യയിലും ഭൂപടങ്ങൾ നിർമ്മിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നതായി കരുതപ്പെടുന്നു.




*ചിത്രം 9.3*
*ടോളമിയുടെ ലോകഭൂപടം*

നിങ്ങളുടെ സാമൂഹ്യശാസ്ത്ര ലാബിലെ ഭൂപടങ്ങളുടെ തലക്കെട്ടുകൾ പരിശോധിച്ച് അവ ഏതൊക്കെയെന്ന് പട്ടികപ്പെടുത്തൂ.

- രാഷ്ട്രീയ ഭൂപടം
- ഭൂപ്രകൃതി ഭൂപടം
- ഗതാഗത ഭൂപടം
- മണ്ണ് ഭൂപടം
- 

ഓരോ ഭൂപടത്തിനും വ്യത്യസ്ത തലക്കെട്ടുകളാണെന്ന് ബോധ്യമായില്ലേ? ഓരോ ഭൂപടവും നിറവേറ്റുന്ന ധർമ്മത്തിന്റെ അടിസ്ഥാനത്തിലാണ് അവയ്ക്ക് തലക്കെട്ടുകൾ നൽകിയിട്ടുള്ളത്. കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം പരിശോധിക്കൂ. കേരളത്തിലെ ജില്ലകളുടെ വിവരങ്ങൾ നമുക്ക് അതിൽനിന്നും കണ്ടെത്താനാവുന്നില്ലേ? ഇതുപോലെ ഒരു ഭൂഖണ്ഡത്തിന്റെയോ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ രാഷ്ട്രീയ ഭൂപടങ്ങൾ നിരീക്ഷിച്ച് അവ പ്രദാനം ചെയ്യുന്ന വിവരങ്ങൾ പട്ടികപ്പെടുത്തിനോക്കൂ.

നിങ്ങൾക്കിപ്പോൾ എന്താണ് രാഷ്ട്രീയ ഭൂപടങ്ങളുടെ ധർമ്മം എന്ന് മനസ്സിലായില്ലേ? മണ്ണ് ഭൂപടമാകട്ടെ ഒരു പ്രദേശത്തെ വ്യത്യസ്തതരം മണ്ണിനങ്ങളുടെ വിതരണത്തെ കാണിക്കുന്നു. ഒരു പ്രദേശത്തിന്റെ വ്യത്യസ്തതരം മണ്ണിനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് മണ്ണ് ഭൂപടത്തിന്റെ ധർമ്മം.

എന്നാൽ ഇനി ഒരു ഭൂപ്രകൃതി ഭൂപടത്തിന്റെ ധർമ്മമെന്താണെന്ന് പറയൂ.

ഭൂപടത്തിന്റെ ധർമ്മം അതിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലായില്ലേ?

ഭൂപടങ്ങളെ അവ നിർവഹിക്കുന്ന ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ പൊതുവെ രണ്ടായി തരംതിരിക്കാം.

അവയേതെല്ലാമെന്ന് നോക്കൂ.

| | |
|---|---|
| **ഭൗതിക ഭൂപടങ്ങൾ** | ഭൂപ്രകൃതി, മണ്ണ്, നദികൾ , കാലാവസ്ഥ, നൈസർഗിക സസ്യ ജാലങ്ങൾ തുടങ്ങിയ പ്രകൃതിദത്തമായ സവിശേഷതകൾ ചിത്രീകരിക്കുന്ന ഭൂപടങ്ങൾ. |
| **സാംസ്കാരിക ഭൂപടങ്ങൾ** | മനുഷ്യനിർമ്മിതമായ സവിശേഷതകൾ ചിത്രീകരിക്കുന്ന ഭൂപടങ്ങൾ. ഉദാഹരണം-രാജ്യങ്ങൾ, സംസ്ഥാനങ്ങൾ, ജില്ലകൾ തുടങ്ങിയ രാഷ്ട്രീയ വിഭാഗങ്ങൾ, റോഡുകൾ, റെയിൽ പാത കൾ, തുറമുഖങ്ങൾ, ജനസംഖ്യാവിതരണം തുടങ്ങിയവ. |

ചുവടെ ചേർത്തിട്ടുള്ള ഭൂപടങ്ങളെ ഭൗതിക ഭൂപടങ്ങളെന്നും സാംസ്കാരിക ഭൂപടങ്ങളെന്നും വേർതിരിച്ച് പട്ടികപ്പെടുത്തൂ.

ഭൂപ്രകൃതി ഭൂപടം, മണ്ണ് ഭൂപടം, കാലാവസ്ഥാ ഭൂപടം, നൈസർഗിക സസ്യ ജാല ഭൂപടം, നദീ വ്യവസ്ഥാ ഭൂപടം, രാഷ്ട്രീയ ഭൂപടം, ജനസംഖ്യ ഭൂപടം, സാമ്പത്തിക ഭൂപടം, ഗതാഗത ഭൂപടം.

വിവിധ ഭൗമോപരിതല സവിശേഷതകളും അവ ചിത്രീകരിച്ചിട്ടുള്ള ഭൂപട ങ്ങളുടെ പേരുകളുമാണ് എ, ബി എന്നീ കോളങ്ങളിൽ നൽകിയിട്ടുള്ളത്. വരകൾ ഉപയോഗിച്ച് അവയെ ചേരുംപടി ചേർക്കൂ.

| എ | ബി |
|---|---|
| • മഴയുടെ വിതരണം | • കാർഷിക ഭൂപടം |
| • വന വിസ്തൃതി | • ഗതാഗത ഭൂപടം |
| • നെൽപ്പാടങ്ങളുടെ വിതരണം | • കാലാവസ്ഥാ ഭൂപടം |
| • റോഡ് ശൃംഖല | • നൈസർഗിക സസ്യജാല ഭൂപടം |

നിങ്ങൾ വ്യത്യസ്തതരം ഭൂപടങ്ങൾ പരിചയപ്പെട്ടില്ലേ? അവയോരോന്നും വിവിധ ഭൗമോപരിതല സവിശേഷതകളെ പ്രത്യേകം ചിത്രീകരിച്ചിട്ടുള്ളവയാണ്. എന്തുകൊണ്ടാണിങ്ങനെ വ്യത്യസ്ത ഭൗമോപരിതല സവിശേഷതകൾ ചിത്രീകരിക്കുന്നതിനായി പ്രത്യേകം ഭൂപടങ്ങൾ ഉപയോഗിക്കുന്നതെന്ന് അറിയാമോ? ചുവടെ ചേർത്തിട്ടുള്ള ഭൂപടങ്ങൾ നിരീക്ഷിക്കൂ.







*ചിത്രങ്ങൾ 9.4*

ഒന്നാമത്തെ ഭൂപടത്തിൽ ഇന്ത്യയിലെ മണ്ണിനങ്ങളുടെ വിതരണവും രണ്ടാമത്തേതിൽ ഇന്ത്യയിലെ നൈസർഗിക സസ്യജാലങ്ങളുടെ വിതരണവും ചിത്രീകരിച്ചിരിക്കുന്നു. ഈ രണ്ട് ഭൂപടങ്ങളിലുള്ള വിവരങ്ങളും ഒരേ ഭൂപടത്തിൽ ചിത്രീകരിക്കുകയാണെന്ന് സങ്കല്പിക്കൂ. എങ്കിൽ എന്താണ് സംഭവിക്കുക? രണ്ട് ഭൂപടങ്ങളിലേയും വിവരങ്ങൾ കൂടിക്കലർന്ന് നമുക്ക് ഏറെ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുകയും വിവര ശേഖരണം കൂടുതൽ സങ്കീർണമാകുകയും ചെയ്യും. അതുകൊണ്ടാണ് പ്രധാന ഭൗമോപരിതല സവിശേഷതകൾ ഓരോന്നും പ്രത്യേക ഭൂപടങ്ങളിലായി ചിത്രീകരിക്കുന്നത്. ഇത്തരത്തിൽ ഒരു പ്രത്യേക വിഷയം മാത്രം പ്രതിപാദിക്കുന്ന ഭൂപടങ്ങളെ നാം വിഷയാധിഷ്ഠിത ഭൂപടങ്ങൾ എന്ന് വിളിക്കുന്നു.

ഒരു അറ്റ്ലസ് പരിശോധിച്ച് ഇത്തരത്തിലുള്ള ഭൂപടങ്ങൾ കണ്ടെത്തി അവയുടെ സവിശേഷതകൾ തിരിച്ചറിയൂ.

ഇനി ഭൂപടങ്ങൾ തയ്യാറാക്കിയിരിക്കുന്ന അളവിന്റെ അടിസ്ഥാനത്തിൽ ഭൂപടങ്ങളെ നമുക്കെങ്ങനെ വർഗീകരിക്കാമെന്ന് നോക്കാം. എല്ലാ ഭൂപടങ്ങളും ഒരു നിശ്ചിത അളവ് അഥവാ തോത് അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. എന്താണ് ഭൂപടങ്ങൾ തയ്യാറാക്കുന്നതിനായുള്ള തോത്? നിങ്ങളുടെ ക്ലാസ് മുറിയുടെ രൂപരേഖ ഒരു നോട്ട് ബുക്കിൽ വരച്ച് നോക്കൂ. നിങ്ങൾ ഓരോരുത്തരും വരച്ച രൂപരേഖകൾ ഒരുപോലെയാണോ? അല്ലായെന്ന് ബോധ്യമായില്ലേ? എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചത്? കാരണം നിങ്ങൾ പൊതുവായ

ഒരു അളവ് അഥവാ തോത് അടിസ്ഥാന മാക്കിയല്ല രൂപരേഖകൾ തയ്യാറാക്കിയത്.

കൃത്യമായ അളവിൽ ക്ലാസ് മുറിയുടെ യഥാർഥ വിസ്തൃതിയിൽ ഒരു രൂപരേഖ വരയ്ക്കുക സാധ്യമാണോ? തീർച്ചയായും അല്ല. കാരണം ഒരു ക്ലാസ് മുറിയുടെ യഥാർഥ വിസ്തൃതിയിൽ ഒരു രൂപരേഖ വരയ്ക്കണമെങ്കിൽ നമുക്ക് അത്രതന്നെ വിസ്തൃതിയുള്ള ഒരു കടലാസോ നോട്ടുബുക്കോ വേണം. അപ്പോൾ ഒരു പ്രദേശത്തിന്റെ കാര്യമെടുത്താലോ. ഒരു പ്രദേശത്തിന്റെ ഭൂപടം കൃത്യമായ അളവിലും യഥാർഥ വിസ്തൃതിയിലും തയ്യാറാക്കുന്നതിന് ആ പ്രദേശത്തിന്റെ അത്രതന്നെ വലിപ്പമുള്ള ഒരു പ്രതലം അഥവാ ഒരു കടലാസ് ആവശ്യമാണ്.



ചിത്രം 9.5

ഇത് സാധ്യമായ ഒരു കാര്യമാണോ? അപ്പോൾ കൃത്യമായ അളവുകളിൽ ഒരു ഭൂപടമോ രൂപരേഖയോ നമുക്കെങ്ങനെ തയ്യാറാക്കാനാകും. ഇവിടെയാണ് നാം തോത് ഉപയോഗിക്കുന്നത്.



**ക്ലാസ് മുറിയുടെ രൂപരേഖ ഇനി ഒരു തോതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി നോക്കാം.**

നിങ്ങളുടെ ക്ലാസിന്റെ വീതി 5 മീറ്ററും, നീളം 10 മീറ്ററുമാണെന്ന് കരുതുക. ക്ലാസിലെ ഒരു മീറ്റർ നാം ഒരു സെന്റിമീറ്ററായി കണക്കാക്കി നോട്ടുബുക്കിൽ വരക്കുന്നുവെന്ന് കരുതുക. അങ്ങനെയെങ്കിൽ ക്ലാസ് മുറിയുടെ രൂപരേഖ നാം നോട്ട് ബുക്കിൽ വരയ്ക്കുമ്പോൾ 5 സെന്റിമീറ്റർ വീതിയും 10 സെന്റിമീറ്റർ നീളവുമുള്ള ഒരു ദീർഘചതുരം നമുക്ക് വരയ്ക്കാനാകുന്നില്ലേ. അതുപോലെ ബഞ്ചുകളുടെയും മേശയുടെയും നീളവും വീതിയുമൊക്കെ അളന്ന് ക്ലാസ് മുറിയിലെ ഒരു മീറ്റർ, രൂപരേഖയിൽ ഒരു സെന്റിമീറ്റർ എന്ന അളവിൽ നോട്ട് ബുക്കിൽ വരയ്ക്കൂ. വടക്ക് ദിശകൂടി കണ്ടെത്തി അടയാളപ്പെടുത്തിയാണ് രൂപരേഖ വരയ്ക്കുന്നതെങ്കിൽ എല്ലാ കൂട്ടുകാരും വരയ്ക്കുന്ന രൂപരേഖകളും ഒരേപോലെയായിരിക്കും. അതിനുശേഷം രൂപരേഖയുടെ ചുവടെ രൂപരേഖയിലെ ഒരു സെന്റിമീറ്റർ ക്ലാസ്മുറിയിലെ ഒരു മീറ്ററിനെ സൂചിപ്പിക്കുന്നു എന്നുകൂടി എഴുതൂ (1 സെന്റിമീറ്റർ =1 മീറ്റർ). ഇതാണ് രൂപരേഖയുടെ തോത്. ക്ലാസ് മുറിയിലെ അകലവും രൂപരേഖയിലെ അകലവും തമ്മിലുള്ള ഈ അനുപാതമാണ് നമ്മൾ വരച്ച രൂപരേഖയുടെ തോത്.

ഇതുപോലെയാണ് തോത് അടിസ്ഥാനമാക്കി ഭൂപടങ്ങളും തയ്യാറാക്കുന്നത്. ഭൂമിയിലെ യഥാർഥ അകലവും ഭൂപടത്തിലെ അകലവും തമ്മിലുള്ള അനുപാതമാണ് ഒരു ഭൂപട

ത്തിന്റെ തോത്. ഉദാഹരണമായി, ഒരു ഭൂപടത്തിന്റെ തോത് 1 സെന്റിമീറ്റർ = 1 കിലോമീറ്റർ എന്നാണെന്ന് കരുതൂ. എന്താണ് ഇതുകൊണ്ട് അർഥമാക്കുന്നത് ? ഭൂപടത്തിലെ ഒരു സെന്റിമീറ്റർ അകലം ഭൂമിയിലെ ഒരു കിലോമീറ്റർ അകലത്തെ സൂചിപ്പിക്കുന്നു. ഈ തോത് അടിസ്ഥാനമാക്കിയുള്ള ഒരു ഭൂപടത്തിൽ റോഡിന്റെ നീളം 10 സെന്റിമീറ്ററാണെങ്കിൽ യഥാർഥ നീളം 10 കിലോമീറ്റർ ആയിരിക്കും.

എങ്കിൽ പറയൂ 'എ' എന്ന സ്ഥലത്തുനിന്നും 'ബി' എന്ന സ്ഥലത്തേക്കുള്ള ഭൂപടത്തിലെ റോഡ് ദൂരം 23 സെന്റിമീറ്റർ ആണെങ്കിൽ യഥാർഥ ദൂരം മുകളിൽ നൽകിയിട്ടുള്ള തോത് പ്രകാരം എത്രയായിരിക്കും?

> സാമൂഹ്യശാസ്ത്ര ലാബിലെ ഭൂപടങ്ങൾ നിരീക്ഷിച്ച് അവയുടെ തോതുകൾ കണ്ടെത്തി എഴുതൂ.

ചുവടെ നൽകിയിട്ടുള്ള ഫ്ലോ ചാർട്ട് നിരീക്ഷിക്കൂ

തോത് അടിസ്ഥാനമാക്കി ഭൂപടങ്ങളെ എങ്ങനെ വർഗീകരിച്ചിരിക്കുന്നുവെന്ന് കണ്ടെത്തൂ.

## തോതിന്റെ അടിസ്ഥാനത്തിലുള്ള ഭൂപടങ്ങളുടെ വർഗീകരണം

**ഭൂപടങ്ങൾ**

| വലിയതോത് ഭൂപടങ്ങൾ | ചെറിയതോത് ഭൂപടങ്ങൾ |
|---|---|
| ഒരു ചെറിയ പ്രദേശത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ചിത്രീകരിക്കുന്നു | ഒരു പ്രദേശത്തെ സംബന്ധിച്ച കേവലമായ വിവരങ്ങൾ മാത്രം ചിത്രീകരിക്കുന്നു |
| ഉദാ: ധരാതലീയ ഭൂപടം വില്ലേജ് ഭൂപടം | ഉദാ: ലോക ഭൂപടം, ഇന്ത്യാ ഭൂപടം, കേരളത്തിന്റെ ഭൂപടം |
| തോത് ഉദാ:<br>1 സെന്റിമീറ്റർ = ½ കിലോമീറ്റർ<br>1 സെന്റിമീറ്റർ = ¼ കിലോമീറ്റർ | തോത് ഉദാ:<br>1 സെന്റിമീറ്റർ = 25 കിലോമീറ്റർ<br>1 സെന്റിമീറ്റർ = 10 കിലോമീറ്റർ |

> ചാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സവിശേഷതകൾ വിശകലനം ചെയ്ത് വലിയ തോത് ഭൂപടങ്ങളും ചെറിയതോത് ഭൂപടങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് ഒരു കുറിപ്പ് തയ്യാറാക്കൂ.

വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റികളുടെയോ ഭൂപടങ്ങളും, ധരാതലീയ ഭൂപടങ്ങളും ഡൗൺലോഡ് ചെയ്യുക. സാമൂഹ്യശാസ്ത്ര ലാബിലെ ഭൂപടങ്ങളും അറ്റ്ലസിലെ ഭൂപടങ്ങളും നിങ്ങൾ ഡൗൺലോഡ് ചെയ്ത ഭൂപടങ്ങളും താരതമ്യം ചെയ്ത് തോത് അടിസ്ഥാനമാക്കി അവയെ വർഗീകരിച്ച് പട്ടികപ്പെടുത്തുക.

വിവിധതരം ഭൂപടങ്ങൾ, അവയുടെ വർഗീകരണം എന്നിവയെപ്പറ്റി നാം ചർച്ച ചെയ്തല്ലോ. ഇനി ഭൂപടങ്ങളിൽ നിന്നും നമുക്ക് എങ്ങനെ വിവരശേഖരണം നടത്താമെന്ന് നോക്കാം. ഭൂപടങ്ങൾ പരിശോധിച്ച് വിവരങ്ങൾ കണ്ടെത്തുന്നതിനെ അഥവാ ശേഖരിക്കുന്നതിനെ ഭൂപടവായന എന്നാണ് വിളിക്കുന്നത്. ഭൂപടവായനയ്ക്ക് സഹായകമായ ഘടകങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

ഭൂപടവായനയ്ക്ക് ആവശ്യമായ ഘടകങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്.

1 തലക്കെട്ട്
2 തോത്
3 ദിക്ക്
4 അക്ഷാംശരേഖ
5 രേഖാംശരേഖ
6 അംഗീകൃത നിറങ്ങൾ/ചിഹ്നങ്ങൾ
7 സൂചിക




*ചിത്രം 9.6*

കേരളത്തിന്റെ ഭൂപ്രകൃതി ഭൂപടം (ചിത്രം 9.6) നിരീക്ഷിച്ച് ഓരോ ഘടകവും തിരിച്ചറിയുക.

ഭൂപടങ്ങളിൽ നിന്നും വിവരശേഖരണം നടത്തുന്നതിനായി ഓരോ ഘടകവും എപ്രകാരം പ്രയോജനപ്പെടുത്തുന്നുവെന്ന് നമുക്ക് പരിശോധിക്കാം.

## തലക്കെട്ട്

ഒരു ഭൂപടത്തിൽ ചിത്രീകരിച്ചിട്ടുള്ള പ്രധാന ഭൗമോപരിതല സവിശേഷതയെയാണ് തലക്കെട്ട് സൂചിപ്പിക്കുന്നത്. നൽകിയിട്ടുള്ള ഭൂപടത്തിന്റെ തലക്കെട്ട് നോക്കൂ. കേരളത്തിന്റെ ഭൂപ്രകൃതി സവിശേഷതകളാണ് ഭൂപടത്തിൽ ചിത്രീകരിച്ചിട്ടുള്ളത് എന്നതാണ് 'കേരളം - ഭൂപ്രകൃതി' എന്ന തലക്കെട്ട് സൂചിപ്പിക്കുന്നത്.

സാമൂഹ്യശാസ്ത്ര ലാബിലെ ഭൂപടങ്ങൾ നിരീക്ഷിച്ച് അവയുടെ ഉള്ളടക്കവും തലക്കെട്ടും തമ്മിലുള്ള ബന്ധം തിരിച്ചറിയൂ.

## തോത്

തോത് അടിസ്ഥാനമാക്കിയാണ് ഭൂപടങ്ങൾ നിർമ്മിക്കുന്നതെന്ന് നമുക്കറിയാം. ഭൂതലത്തിലെ രണ്ട് സ്ഥലങ്ങൾ തമ്മിലുള്ള അകലവും ഭൂപടത്തിലെ അതേ രണ്ട് സ്ഥലങ്ങളുടെ അകലവും തമ്മിലുള്ള അനുപാതമാണ് തോത്. ഒരു നദിയുടെയോ, റോഡിന്റെയോ, റയിൽപാതയുടെയോ നീളം, ഒരു പ്രദേശത്തിന്റെ വിസ്തൃതിയോ, ഒരു ഭൗമോപരിതല സവിശേഷതയുടെ വ്യാപ്തിയോ ഒക്കെ ഭൂപടമുപയോഗിച്ച് കൃത്യമായി കണക്കാക്കുന്നത് ഈ തോത് അടിസ്ഥാനമാക്കിയാണ്.

ഭൂപടത്തിലെ തോത് അടിസ്ഥാനമാക്കി റോഡിന്റെ യഥാർഥ നീളം കണ്ടുപിടിച്ചത് ഓർക്കുന്നില്ലേ? അതുപോലെ സാമൂഹ്യശാസ്ത്ര ലാബിലുള്ള ഭൂപടങ്ങളിലെ തോത് അടിസ്ഥാനമാക്കി പ്രദേശങ്ങൾ തമ്മിലുള്ള അകലം, റോഡിന്റെയും നദിയുടെയും റയിൽപാതകളുടെയും യഥാർഥ നീളം എന്നിവ കണ്ടെത്തി എഴുതൂ. ചിത്രത്തിൽ കാണുന്നതുപോലെ റോഡിന്റെയും നദിയുടെയും നീളം കണ്ടെത്താൻ ഒരു ചരട് ഉപയോഗിക്കൂ.




*ചിത്രങ്ങൾ 9.7*
*ചരട് ഉപയോഗിച്ച് നദിയുടെ നീളം കണ്ടെത്തുന്നു.*

ചരട് ഉപയോഗിച്ച് റോഡിന്റെയോ നദിയുടെയോ നീളം കണ്ടെത്തുക. പിന്നീട് ഒരു സ്കെയിലിന്റെ സഹായത്തോടെ നീളം അളന്നെടുക്കുക. ഭൂപടത്തിലെ തോത് അടിസ്ഥാനമാക്കി യഥാർഥ നീളം കണ്ടെത്തുക.

ഇവിടെ 7 സെന്റീമീറ്റർ ആണ് ലഭിച്ചിരിക്കുന്നത്. എങ്കിൽ ഭൂപടത്തിലെ ഒരു സെന്റിമീറ്റർ ഭൗമോപരിതലത്തിൽ ഒരു കിലോമീറ്റർ (1 സെന്റിമീറ്റർ = 1 കിലോമീറ്റർ) എന്ന തോത് അനുസരിച്ച് യഥാർഥ നീളം എത്രയായിരിക്കും?

ഭൂപടങ്ങളിൽ തോത് രേഖപ്പെടുത്താൻ പൊതുവെ മൂന്ന് രീതികളാണ് സ്വീകരിച്ചിട്ടുള്ളത്.

## പ്രസ്താവനാരീതി (Statement of Scale)

പ്രസ്താവനാരീതിയിൽ തോത് എഴുതുന്നത് എങ്ങനെയെന്ന് നോക്കൂ. ഉദാഹരണമായി ഭൂപടത്തിലെ 1 സെന്റിമീറ്റർ അകലം ഭൂതലത്തിലെ 1 കിലോമീറ്ററിനെ സൂചിപ്പിക്കുന്നു. അല്ലെങ്കിൽ 1 സെന്റിമീറ്റർ = 1 കിലോമീറ്റർ, ഏതൊരാൾക്കും മനസ്സിലാകുന്ന വിധമാണ് ഇവിടെ തോത് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂപടങ്ങൾ നിരീക്ഷിച്ച് പ്രസ്താവനാരീതിയിൽ രേഖപ്പെടുത്തിയിട്ടുള്ള തോതുകൾ കണ്ടെത്തിയെഴുതൂ.

## ഭിന്നകരീതി (Representative Fraction or RF)

RF = 1:100000 - എന്ന രീതിയിൽ തോതുകൾ രേഖപ്പെടുത്തിയിട്ടുള്ളത് നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ ? ഇതാണ് ഭിന്നക രീതി. ഭൂപടത്തിലെ 1 യൂണിറ്റ് ദൂരം ഭൂതലത്തിലെ 100000 യൂണിറ്റുകൾക്ക് തുല്യമെന്നാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ഈ രീതിയിൽ അനുപാതത്തിന് (:) മുന്നിൽ നൽകിയിട്ടുള്ള യൂണിറ്റ് ഭൂപടത്തിലെ അകലവും അനുപാതത്തിന് (:) ശേഷം നൽകിയിട്ടുള്ള യൂണിറ്റ് ഭൂതലത്തിലെ അകലവും സൂചിപ്പിക്കുന്നു. ഇവിടെ ഭൂതലത്തിലും ഭൂപടത്തിലുമുള്ള അകലം ഒരേ ഏകകത്തിലാണ് സൂചിപ്പിച്ചിട്ടുള്ളത്. ഉദാഹരണമായി, ഇവിടെ അകലം സൂചിപ്പിക്കുന്നതിനായി സെന്റീമീറ്റർ എന്ന ഏകകമാണ് ഉപയോഗിക്കുന്നത് എന്ന് കരുതൂ. അപ്പോൾ ഈ ഭിന്നക രീതിയിലുള്ള തോത് അർഥമാക്കുന്നത് ഭൂപടത്തിലെ ഒരു യൂണിറ്റ് അകലം അതായത് ഒരു സെന്റീമീറ്റർ ഭൂതലത്തിലെ ഒരു ലക്ഷം സെന്റീമീറ്റർ അകലത്തെ സൂചിപ്പിക്കുന്നു. ഒരു ലക്ഷം സെന്റീമീറ്റർ ഒരു കിലോമീറ്റർ ആണല്ലോ. അങ്ങനെയാണെങ്കിൽ ഭൂപടത്തിലെ ഒരു സെന്റീമീറ്റർ ഭൂതലത്തിലെ ഒരു ലക്ഷം സെന്റീമീറ്റർ അഥവാ ഒരു കിലോമീറ്റർ എന്നാണ് അർഥമാക്കുന്നത്.

RF:1:200000 എന്ന ഭിന്നക രീതിയിലുള്ള തോതുകൊണ്ട് എന്താണ് അർഥമാക്കുന്നതെന്ന് എഴുതി നോക്കൂ.

ഭൂപടങ്ങൾ നിരീക്ഷിച്ച് ഭിന്നക രീതിയിൽ (RF) രേഖപ്പെടുത്തിയിട്ടുള്ള തോതുകൾ കണ്ടെത്തി എഴുതൂ.

## രേഖീയ രീതി (Linear Scale)




ചിത്രത്തിൽ നൽകിയിട്ടുള്ള രീതിയിൽ തോത് വരച്ച് രേഖപ്പെടുത്തുന്ന രീതിയാണ് രേഖീയരീതി. ഭൂപടങ്ങൾ നിരീക്ഷിച്ച് രേഖീയ രീതിയിലുള്ള തോതുകൾ പരിചയപ്പെടൂ.

## ദിക്കുകൾ



ചിത്രം 9.8

ദിക്കുകളെപ്പറ്റിയുള്ള ധാരണ നിങ്ങൾക്ക് മുൻ ക്ലാസുകളിൽ നിന്നും ലഭിച്ചിട്ടുണ്ടല്ലോ? ഭൂപടത്തിന്റെ മുകൾഭാഗത്ത് 'N' എന്ന് അടയാളപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിച്ചില്ലേ. ഇത് ഭൂപടത്തിൽ ചിത്രീകരിച്ചിട്ടുള്ള പ്രദേശത്തിന്റെ വടക്കിനെ സൂചിപ്പിക്കുന്നു. ഭൂപടത്തിന്റെ സഹായത്തോടെ നാം ഒരു യാത്ര പോകുന്നുവെന്ന് കരുതൂ. അങ്ങനെയെങ്കിൽ ഒരു വടക്കുനോക്കിയന്ത്രം ഉപയോഗിച്ച് വടക്ക് കണ്ടെത്തി ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വടക്ക്, വടക്കുനോക്കിയന്ത്രത്തിന് അനുസൃതമായി ക്രമീകരിച്ചാൽ മാത്രമേ ദിശ തെറ്റാതെ നമുക്ക് സഞ്ചരിക്കാനാകൂ. ചിത്രം 9.8 ശ്രദ്ധിക്കൂ.

ക്ലാസിൽ ഒരു കോമ്പസ് ഉപയോഗിച്ച് വടക്ക് ദിശ കണ്ടെത്തിയതിനു ശേഷം ഭൂപടങ്ങൾ അതനുസരിച്ചു ക്രമീകരിച്ച് നോക്കൂ.

ഭൂപടത്തിൽ ചിത്രീകരിച്ചിട്ടുള്ള ഭൗമസവിശേഷതകളുടെ സ്ഥാനം അതിന്റെ കിടപ്പ്, നദിയുടെ ഒഴുക്കിന്റെ ദിശ എന്നിവയൊക്കെ കണ്ടെത്തി വിവരങ്ങൾ ശേഖരിക്കുന്നത് ഭൂപടവായനയുടെ ഭാഗമാണ്.

ചുവടെ ചേർത്തിട്ടുള്ള രൂപരേഖ പരിശോധിച്ച് പട്ടിക പൂർത്തിയാക്കുക.




ചിത്രം 9.9

| ഭൂവിവരങ്ങൾ | ദിക്ക് |
|---|---|
| സ്കൂൾ മൈതാനത്തിന്റെ ഏത് ദിക്കിലായാണ് സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നത് | |
| സ്കൂൾ കെട്ടിടത്തിന്റെ ഏത് ദിക്കിലാണ് കുടിവെള്ള സംഭരണി സ്ഥിതിചെയ്യുന്നത് | |
| സ്കൂൾ കെട്ടിടത്തിൽ നിന്നും ഏത് ദിശയിലേക്ക് സഞ്ചരിച്ചാൽ ശൗചാലയത്തിൽ എത്തിച്ചേരാം | |
| കിണർ, കുടിവെള്ള സംഭരണിയുടെ ഏത് ദിക്കിലായി സ്ഥിതിചെയ്യുന്നു | |

ഇനി നമുക്കൊരു ഗെയിം ആയാലോ?

### ദിക്ക് കണ്ടെത്തൂ



ചിത്രം 9.10

കുട്ടികൾ പല ഗ്രൂപ്പുകളായി തിരിയുക. ഓരോ ഗ്രൂപ്പും രൂപരേഖ അടിസ്ഥാനമാക്കി പട്ടികയിൽ നല്കിയിട്ടുള്ളതുപോലെ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും തയ്യാറാക്കുക. ഓരോ ഗ്രൂപ്പും അവർക്ക് ലഭിക്കുന്ന അവസരത്തിനനുസരിച്ച് കണ്ടെത്തിയിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുക. ശരിയായ ഉത്തരം ആദ്യം പറയുന്ന ഗ്രൂപ്പിന് ഒരു സ്കോർ വീതം നൽകുക. സ്കെച്ചിന് പകരം ഭൂപടങ്ങൾ ഉപയോഗിച്ചും ഗെയിം തുടരാം. ഉദാഹരണമായി ഭൗമോപരിതല സവിശേഷതകളുടെ ദിക്ക് അടിസ്ഥാനമാക്കിയുള്ള സ്ഥാനം, നഗരങ്ങൾ തമ്മിലുള്ള അകലം, നദിയുടെ ഒഴുക്കിന്റെ ദിശ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കി ഗെയിമിൽ അവതരിപ്പിക്കാം.

## അംഗീകൃത നിറങ്ങൾ/ചിഹ്നങ്ങൾ

ഭൂപടങ്ങളിൽ മനുഷ്യ നിർമ്മിതവും പ്രകൃതിദത്തവുമായ വിവിധ ഭൗമോപരിതല സവിശേഷതകൾ ചിത്രീകരിക്കുന്നുവെന്ന് നമുക്കറിയാം. ഓരോ ഭൗമോപരിതല സവിശേഷതകളും വ്യത്യസ്ത നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ചാണ് ചിത്രീകരിക്കുന്നത്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നിറങ്ങളും ചിഹ്നങ്ങളുമാണ് ഇതിനായി ഉപയോഗിക്കുന്നത്.

ഭൂപടങ്ങളിൽ ഭൂവിവരങ്ങൾ ചിത്രീകരിക്കാൻ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയാമോ? ഏതൊരു രാജ്യത്തുള്ളവർക്കും ആശയക്കുഴപ്പമില്ലാതെ ഏതൊരു രാജ്യത്ത് നിർമ്മിച്ച ഭൂപടവും വായിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള അംഗീകൃത നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നത്.

മനുഷ്യനിർമ്മിതവും പ്രകൃതിദത്തവുമായ ഭൂവിവരങ്ങൾ ഒരുമിച്ച് ചിത്രീകരിക്കുന്ന ഭൂപടങ്ങളിലാണ് പൊതുവെ ഇത്തരം നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നത്.

ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നിറങ്ങളും ചിഹ്നങ്ങളുമാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പട്ടിക പരിശോധിച്ച് ഓരോന്നും ഏത് ഭൂവിവരത്തെ സൂചിപ്പിക്കുന്നുവെന്ന് കണ്ടെത്തൂ.

| നിറങ്ങൾ /ചിഹ്നങ്ങൾ | സവിശേഷതകൾ |
|---|---|
| പച്ച | നൈസർഗിക സസ്യജാലങ്ങൾ |
| മഞ്ഞ | കൃഷിയിടങ്ങൾ |
| ചുവപ്പ് | പാർപ്പിടങ്ങൾ, റോഡുകൾ |
| കറുപ്പ് | തീവണ്ടിപ്പാത, അക്ഷാംശരേഖകൾ |
| | രേഖാംശരേഖകൾ, ടെലിഫോൺ ലൈൻ |
| നീല | ജലാശയങ്ങൾ |
| തവിട്ട് | പാറക്കൂട്ടങ്ങൾ, മണൽക്കൂനകൾ, കുന്നുകൾ |
|  | ടാറിട്ട റോഡ് |
|  | തീവണ്ടിപ്പാത |
|  | അരുവി |
|  | നദി |
|  | ക്രിസ്ത്യൻ പള്ളി |
|  | ക്ഷേത്രം |
|  | മുസ്ലീം പള്ളി |
|  | പാർപ്പിടങ്ങൾ |
| PO | പോസ്റ്റാഫീസ് |
|  | കിണർ |
| PS | പോലീസ് സ്റ്റേഷൻ |
|  | കോട്ട |
|  | പാലം |
|  | കുളം |
|  | കുഴൽക്കിണർ |
|  | ശ്മശാനം |

വ്യത്യസ്ത നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് ഭൂവിവരങ്ങൾ ചിത്രീകരിച്ചിട്ടുള്ള ഒരു സ്കെച്ച് ആണ് ചുവടെ നൽകിയിട്ടുള്ളത്. സ്കെച്ച് നിരീക്ഷിച്ച് ഓരോ ഭൂവിവരങ്ങളും അവ ചിത്രീകരിക്കാനുപയോഗിക്കുന്ന നിറങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് സ്കെച്ചിനോടൊപ്പം നൽകിയിട്ടുള്ള സൂചികയിൽ രേഖപ്പെടുത്തൂ.




*ചിത്രം 9.11*

| നിറങ്ങളും ചിഹ്നങ്ങളും | സവിശേഷതകൾ |
|---|---|
| | |
| | തീവണ്ടിപ്പാത |
| | |
| | പാലം |
| | കോട്ട |
| | |
| | ശ്മശാനം |
| | കുളം |

## സൂചിക

മുകളിൽ നൽകിയിട്ടുള്ള രൂപരേഖയുടെ ഒരു സൂചിക തയ്യാറാക്കിയത് എങ്ങനെയാണെന്ന് തിരിച്ചറിഞ്ഞല്ലോ? ഭൂപടവായനയ്ക്ക് അനിവാര്യമായ ഒരു ഘടകമാണ് സൂചിക. ഭൂപടങ്ങളിലെ നിറങ്ങൾ, ചിഹ്നങ്ങൾ, അടയാളങ്ങൾ തുടങ്ങിയവ ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നുവെന്ന് കാണിക്കുന്നതാണ് സൂചിക.

## അക്ഷാംശരേഖകളും രേഖാംശരേഖകളും

ഭൂമിയിലെ ഓരോ പ്രദേശത്തിന്റെയും ഭൗമോപരിതല സവിശേഷതയുടെയുമൊക്കെ സ്ഥാനം കൃത്യമായി തിരിച്ചറിയുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും അക്ഷാംശ രേഖാംശരേഖകൾ അനിവാര്യമാണ്. മുൻ ക്ലാസുകളിൽ അക്ഷാംശ രേഖാംശരേഖകളുടെ സവിശേഷതകളെക്കുറിച്ച് ചർച്ച ചെയ്തത് നിങ്ങൾ ഓർക്കുന്നില്ലേ?

**ഇന്ത്യയുടെ ഭൂപടം പരിശോധിച്ച് ഇന്ത്യയുടെ സ്ഥാനം ഏതൊക്കെ അക്ഷാംശ രേഖാംശ രേഖകൾക്കിടയിലാണെന്ന് കണ്ടെത്തി എഴുതൂ.**

ഭൂപടങ്ങളിൽ നിന്നും ഭൗമോപരിതല സവിശേഷതകളെപ്പറ്റിയുള്ള വിവരങ്ങൾ വായിച്ചെടുക്കുന്നത് എങ്ങനെയാണെന്ന ധാരണ നിങ്ങൾക്ക് ലഭിച്ചല്ലോ. അവ ശേഖരിക്കാനും സൂക്ഷിച്ചുവയ്ക്കാനും അപഗ്രഥിക്കുവാനും പ്രയോജനപ്പെടുത്തുവാനും ഇന്ന് നിരവധി നൂതനസങ്കേതങ്ങൾ നിലവിലുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയിലുണ്ടായ പുരോഗതി ഭൗമോപരിതല സവിശേഷതകളുടെ വിവരശേഖരണം, വിശകലനം, അവതരണം, ചിത്രീകരണം, ഭൂപട നിർമ്മാണം തുടങ്ങിയവയിൽ അഭൂതപൂർവമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. ഇത്തരം നൂതനസങ്കേതങ്ങൾ ഏതെല്ലാമെന്ന് നമുക്ക് ചർച്ച ചെയ്യാം.

കഥകളിലും മറ്റും കേട്ടിട്ടുള്ള ഒരു മാന്ത്രികക്കണ്ണാടി നിങ്ങൾക്ക് ലഭിച്ചെന്ന് കരുതൂ. നിങ്ങൾ കാണാൻ ആഗ്രഹിക്കുന്ന വിദൂരതയിലുള്ള ഒരു ചരിത്ര നിർമ്മിതി ആ മാന്ത്രിക കണ്ണാടിയിൽ തെളിഞ്ഞുവരുന്നു. ആ ചരിത്ര നിർമ്മിതിയുടെ സ്ഥാനം, നിങ്ങളുടെ സ്ഥാനം, അവിടേക്ക് പോകാനുള്ള വഴി തുടങ്ങിയവയൊക്കെ ആ കണ്ണാടി കാട്ടിത്തരുന്നു. അതിശയമെന്ന് തോന്നിയോ? മുമ്പ് മാന്ത്രികമായി കരുതിയ ഇത്തരം കാര്യങ്ങളൊക്കെ ഇന്ന് സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിസ്സാരമായി മാറിയിരിക്കുന്നു. ഒരു സ്മാർട്ട് ഫോണിന്റെ സഹായത്തോടെ ഇന്ന് നമുക്കിതെല്ലാം സാധ്യമാണ്.

ഒരു കുട്ടി തയ്യാറാക്കിയ യാത്രാ വിവരണത്തിന്റെ ഏതാനും വരികളാണ് ചുവടെ നൽകിയിട്ടുള്ളത്.

"ദൂരെ ഉയർന്ന് നിരനിരയായി കാണുന്ന കുന്നുകൾ.... വെള്ളിനൂൽ പോലെ താഴേക്ക് ഒഴുകുന്ന അരുവികൾ... കുന്നുകൾക്കിടയിലെ ചോലവനങ്ങൾ.. എഴുന്നു നിൽക്കുന്ന കരിമ്പാറക്കൂട്ടങ്ങൾ.... എത്ര നേരം നോക്കിനിന്നാലും മതിവരാത്തത്ര മനോഹരമായ കാഴ്ച!"

ക്യാമറ ഉപയോഗിച്ച് പ്രദേശങ്ങളുടെ ചിത്രങ്ങൾ പകർത്തി അവ നിരീക്ഷിച്ചുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ഇവിടെ യാത്രാകുറിപ്പ് തയ്യാറാക്കിയിരിക്കുന്നത്.

ഇതൊരു വിദൂരസംവേദന രീതിയാണ്

## എന്താണ് വിദൂരസംവേദനം? (Remote Sensing)

ഒരു വസ്തുവിനെയോ പ്രദേശത്തെയോ പ്രതിഭാസത്തെയോ കുറിച്ചുള്ള വിവരങ്ങൾ വിദൂരതയിൽ നിന്നും സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണ് വിദൂരസംവേദനം.

ക്യാമറ ഉപയോഗിച്ച് ചിത്രങ്ങൾ പകർത്തി വിവരങ്ങൾ ശേഖരിക്കുന്ന രീതി മാത്രമാണോ വിദൂരസംവേദനം?

ബലൂണുകൾ, വിമാനങ്ങൾ, കൃത്രിമ ഉപഗ്രഹങ്ങൾ എന്നിവയിലും ക്യാമറകൾ, സ്കാനറുകൾ (വിവര ശേഖരണത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ) എന്നിവ ഘടിപ്പിച്ച് ഭൂവിവരങ്ങൾ ശേഖരിക്കാം.

ഇത്തരത്തിൽ ഭൂവിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണങ്ങൾ അഥവാ സംവേദകങ്ങൾ (Sensors) ഘടിപ്പിച്ചിട്ടുള്ള പ്രതലങ്ങളെ പ്ലാറ്റുഫോമുകൾ എന്നാണ് വിളിക്കുന്നത്.

വിദൂരസംവേദനത്തിനായുള്ള പ്ലാറ്റുഫോമുകൾ ഏതൊക്കെയെന്ന് കണ്ടെത്തി പട്ടികപ്പെടുത്തൂ.

- ബലൂൺ
- 

ഭൂവിവരങ്ങൾ ശേഖരിക്കാൻ നാം ആശ്രയിക്കുന്ന പ്ലാറ്റുഫോമുകളുടെ അടിസ്ഥാനത്തിൽ വിദൂരസംവേദനത്തെ മൂന്നായി തരംതിരിക്കാം.

ചുവടെ നൽകിയിട്ടുള്ള ചിത്രങ്ങളും പട്ടികയും പരിശോധിച്ച് മൂന്ന് വിദൂരസംവേദന രീതികളും അവയുടെ സവിശേഷതകളും തിരിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കൂ.

| ഭൂതല വിദൂരസംവേദനം<br>Terrestrial Remote Sensing | ആകാശീയ വിദൂരസംവേദനം<br>Ariel Remote Sensing | ഉപഗ്രഹ വിദൂരസംവേദനം<br>Satellite Remote Sensing |
|---|---|---|
| <br>ചിത്രം 9.12 | <br>ചിത്രം 9.13 | <br>ചിത്രം 9.14 |
| ഭൂതലത്തിൽനിന്നും ഭൗമോപരിതല സവിശേഷതകൾ ക്യാമറകൾ ഉപയോഗിച്ച് പകർത്തുന്ന രീതിയാണ് ഭൂതലവിദൂര സംവേദനം | വിമാനത്തിൽ ഉറപ്പിച്ചിട്ടുള്ള ക്യാമറയുടെ സഹായത്തോടെ ആകാശത്തുനിന്നും ഭൗമോപരിതല സവിശേഷതകളുടെ ചിത്രങ്ങൾ പകർത്തുന്ന രീതിയാണ് ആകാശീയ വിദൂര സംവേദനം | കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സംവേദകങ്ങൾ വഴി ഭൂവിവരങ്ങൾ ശേഖരിക്കുന്ന പ്രക്രിയയാണ് ഉപഗ്രഹവിദൂര സംവേദനം. |

വിവിധതരം വിദൂര സംവേദന പ്രക്രിയാരീതികൾ നിങ്ങൾ തിരിച്ചറിഞ്ഞല്ലോ. ഇനി അവയുടെ സാധ്യതകൾ എന്തെല്ലാമെന്ന് നോക്കാം.

ആധുനിക ലോകത്ത് വിദൂര സംവേദനത്തിന് അനന്തസാധ്യതകളാണുള്ളത്. അവയിൽ ചില താണ് ചുവടെ നൽകിയിട്ടുള്ളത്.

- കാലാവസ്ഥാപഠനത്തിന്
- കാർഷിക മേഖലയിലെ പഠനത്തിന്
- പ്രകൃതിവിഭവങ്ങളുടെ ലഭ്യത മനസ്സിലാക്കുന്നതിന്
- വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായ പ്രദേശങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിന്
- 

വിദൂരസംവേദനത്തിന്റെ കൂടുതൽ സാധ്യതകൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കണ്ടെത്തിയെഴുതൂ.

## ഭൂവിവര വ്യവസ്ഥ (GIS)

ഭൂപടവിശകലനം, വിദൂരസംവേദനം തുടങ്ങിയ മാർഗങ്ങളിലൂടെ ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ അഥവാ ഭൂവിവരങ്ങൾ ശേഖരിക്കുവാൻ കഴിയുമെന്ന് തിരിച്ചറിഞ്ഞല്ലോ? ഈ മാർഗങ്ങളിലൂടെ ശേഖരിക്കുന്ന വിവരങ്ങളെ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുവാനും ഭൂപടങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ മുതലായ ഉൽപന്നങ്ങൾ നിർമ്മിക്കുവാനും കഴിയുന്നു. ഭൂവിവരങ്ങൾ വിശകലനം ചെയ്ത് ഇത്തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി സോഫ്റ്റ്‌വെയർ അധിഷ്ഠിത കമ്പ്യൂട്ടർ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു. ഈ സാങ്കേതികവിദ്യയാണ് ഭൂവിവരവ്യവസ്ഥ അഥവാ ജി.ഐ.എസ്. (Geographic Information System).

ഭൂവിവര വ്യവസ്ഥയുടെ പ്രവർത്തനം വിശദമാക്കുന്ന ഡയഗ്രമാണ് ചുവടെ നൽകിയിരിക്കുന്നത് നിരീക്ഷിക്കൂ.




*ചിത്രം 9.15*

## ഭൂവിവരവ്യവസ്ഥ കൊണ്ടുള്ള പ്രയോജനങ്ങൾ

ഭൂവിവരവ്യവസ്ഥ പ്രയോജനപ്പെടുത്തുന്ന ഏതാനും മേഖലകളാണ് ചുവടെ നൽകിയിട്ടുള്ള ആശയപടത്തിലുള്ളത്. ആശയപടം നിരീക്ഷിച്ച് അവ ഏതെല്ലാമെന്ന് തിരിച്ചറിയൂ. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ മറ്റ് മേഖലകൾകൂടി കണ്ടെത്തി എഴുതിച്ചേർക്കൂ.




## ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം (ജി.പി.എസ്.)

ഒരു വിമാനം ആകാശത്തിലൂടെ സഞ്ചരിക്കുമ്പോൾ അതിന്റെ സ്ഥാനം, പറക്കുന്ന ഉയരം, ദിശ, ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ എടുക്കുന്ന സമയം ഇതൊക്കെ കൃത്യമായി കണ്ടെത്തിത്തരുന്ന ഒരു സാങ്കേതിക വിദ്യയെക്കുറിച്ചൊന്നു ചിന്തിച്ചുനോക്കൂ. ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം എന്നാണ് ഈ സാങ്കേതികവിദ്യ അറിയപ്പെടുന്നത്.


ചിത്രം 9.16

ഭൂമിയിൽ ഒരു വസ്തുവിന്റെ അക്ഷാംശ -രേഖാംശ സ്ഥാനം, അതിന്റെ ഉയരം എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്ന സാങ്കേതിക വിദ്യയാണിത്. ഇനി അതൊരു ചലിക്കുന്ന വസ്തുവാണെങ്കിലോ അതിന്റെ സ്ഥാനം, സഞ്ചാരദിശ, സഞ്ചാരവേഗത, സമയം എന്നിവയൊക്കെ കൃത്യമായി നിർണയിക്കാൻ ഈ സാങ്കേതികവിദ്യ കൊണ്ട് സാധിക്കും. വിമാനങ്ങൾ, കപ്പലുകൾ തുടങ്ങിമിക്ക

വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഇന്നുപയോഗിക്കുന്നുണ്ട്. ഒരു കൂട്ടം കൃത്രിമ ഉപഗ്രഹങ്ങളുടെ സഹായത്തോടുകൂടിയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

നിങ്ങളുടെ സ്കൂൾ ബസ്സിൽ ജി.പി.എസ്. ഘടിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമല്ലോ?

എന്തൊക്കെ ആവശ്യങ്ങൾക്കാണ് നിത്യജീവിതത്തിൽ ഇന്ന് ജി.പി.എസ്. ഉപയോഗിക്കുന്നതെന്ന് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ കണ്ടെത്തി പട്ടികപ്പെടുത്തൂ.

വിദൂരസംവേദനം, ഭൂവിവരവ്യവസ്ഥ, ജി.പി.എസ്. എന്നീ നൂതന സങ്കേതങ്ങളുടെ സാധ്യതകൾ രാഷ്ട്രനിർമ്മാണത്തിനും രാജ്യപുരോഗതിയ്ക്കുമായി പ്രയോജനപ്പെടുത്തുമ്പോഴാണ് മനുഷ്യജീവിതം കൂടുതൽ മെച്ചപ്പെടുന്നതും അർഥപൂർണമാകുന്നതും. നാം ആർജിക്കുന്ന ശാസ്ത്രപുരോഗതിയും ശാസ്ത്രബോധവും നമുക്ക് നാടിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്താം.

ഇന്ത്യയിൽ ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത ഭൂപട നിർമ്മാണ സംവിധാനമാണ് ഭുവൻ. ജി.ഐ.എസ്., വിദൂര സംവേദനം എന്നിവയുടെ പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടുള്ള ഈ സംവിധാനത്തിന്റെ സവിശേഷതകൾ വിവരസാങ്കേതികവിദ്യയുടെ സഹായം കൂടി പ്രയോജനപ്പെടുത്തി അന്വേഷിച്ചറിയൂ.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ വിദ്യാലയത്തിന്റെ രൂപരേഖ തയ്യാറാക്കി നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് വിവരങ്ങൾ ചിത്രീകരിക്കുക.
- വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധതരം ഭൗതിക-സാംസ്കാരിക ഭൂപടങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുക.
- വിവരസംവേദന മേഖലയിൽ ഐ.എസ്.ആർ.ഒ. കൈവരിച്ച നേട്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ചുമർപത്രിക തയ്യാറാക്കൂ. സാമൂഹ്യശാസ്ത്ര നിരീക്ഷണ പുസ്തകത്തിലും ഉൾപ്പെടുത്തുമല്ലോ?



# 10

# ബജറ്റ് : വികസനത്തിന്റെ നേർരേഖ




*ചിത്രം 10.1*

ഈ കുടുംബാംഗങ്ങളുടെ സംഭാഷണം ശ്രദ്ധിച്ചല്ലോ.

സംഭാഷണത്തിൽ പരാമർശിക്കപ്പെടുന്ന ചെലവുകൾ ഏതെല്ലാമാണ്?

- കടം വീട്ടൽ
-
-
-

എന്തൊക്കെ ചെലവുകൾക്കാണ് നിത്യജീവിതത്തിൽ നാം പണം വിനിയോഗിക്കുന്നത്.

- ആഹാരം
- ആരോഗ്യം
-
-
-
-

## കുടുംബചെലവ്

ഒരു കുടുംബം ഭക്ഷ്യ ഉപഭോഗത്തിനും (Food Consumption) ഭക്ഷ്യേതര ഉപഭോഗത്തിനുമായി (Non Food Consumption) ഒരു നിശ്ചിത കാലയളവിൽ ചെലവഴിക്കുന്ന ആകെ തുകയാണ് കുടുംബചെലവ്. കുടുംബത്തിലെ എല്ലാ ചെലവുകളും നമുക്ക് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയില്ല. അതുകൊണ്ട് കുടുംബചെലവുകളെ ഇങ്ങനെ തരംതിരിക്കാം.



*ചിത്രം 10.2*

**കുടുംബചെലവ്**

↓ ↓

**പ്രതീക്ഷിത ചെലവ്**

നിശ്ചിത കാലയളവിനുള്ളിൽ ഒരു കുടുംബത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന ചെലവുകളാണ് പ്രതീക്ഷിത ചെലവ്. പ്രതിമാസം, പ്രതിവർഷം എന്നിങ്ങനെ ഇത് കണക്കാക്കാവുന്നതാണ്.

ഉദാഹരണം: ആഹാരം
വൈദ്യുതി ബിൽ
തുടങ്ങിയവ

**അപ്രതീക്ഷിത ചെലവ്**

നിശ്ചിത കാലയളവിനുള്ളിൽ ഒരു കുടുംബത്തിന് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയാത്തതും ആകസ്മികമായി ഉണ്ടാകുന്നതുമായ ചെലവുകളാണ് അപ്രതീക്ഷിത ചെലവുകൾ.

ഉദാഹരണം: പ്രകൃതിക്ഷോഭം
രോഗങ്ങൾ
തുടങ്ങിയവ

പ്രതീക്ഷിത ചെലവിനും, അപ്രതീക്ഷിത ചെലവിനും കൂടുതൽ ഉദാഹരണങ്ങൾ എഴുതി പട്ടിക പൂർത്തീകരിക്കുക?

| പ്രതീക്ഷിത ചെലവ് | അപ്രതീക്ഷിത ചെലവ് |
|---|---|
| • വിദ്യാഭ്യാസം | • അപകടം |
| | |
| | |

## കുടുംബവരുമാനം




ചിത്രം 10.3

നിഖിലിന്റെ കുടുംബാംഗങ്ങൾ ഏർപ്പെടുന്ന വിവിധ പ്രവർത്തന മേഖലകളാണ് ചിത്രത്തിൽ. ഇതിൽ തൊഴിലുകളിൽ ഏർപ്പെടുന്നവരും അല്ലാത്തവരുമുണ്ട്. അവർ ആരൊക്കെയെന്ന് നോക്കാം.

| കുടുംബാംഗങ്ങൾ | പ്രവർത്തനമേഖല/ വരുമാനസ്രോതസ്സ് | വരുമാനം ഉണ്ട്/ഇല്ല |
|---|---|---|
| നിഖിൽ | വിദ്യാർഥി | |
| അച്ഛൻ | തയ്യൽ | |
| അമ്മ | സെയിൽസ് വുമൺ | |
| മുത്തച്ഛൻ | കൃഷി | |
| മുത്തശ്ശി | പെൻഷൻ | |

ഒരു നിശ്ചിത കാലയളവിൽ ഒരു കുടുംബത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ആകെ വരുമാനമാണ് കുടുംബവരുമാനം. വരുമാനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിലൂടെ സമ്പാദ്യശീലം വളർത്തുന്നതിനും അപ്രതീക്ഷിതചെലവുകൾ നേരിടുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും കഴിയും.



എന്തൊക്കെ വരുമാനമാർഗങ്ങളാണ് നിങ്ങളുടെ കുടുംബത്തിനുള്ളത്?

## കുടുംബ ബജറ്റ്

നിശ്ചിത കാലയളവിലേക്കുള്ള ഒരു കുടുംബത്തിന്റെ പ്രതീക്ഷിത വരവും ചെലവും ഉൾപ്പെടുത്തി തയ്യാറാക്കുന്ന ധനരേഖയാണ് കുടുംബ ബജറ്റ്. പ്രതിമാസത്തിലേക്കോ പ്രതിവർഷത്തിലേക്കോ തയ്യാറാക്കാവുന്ന കുടുംബ ബജറ്റ് കുടുംബത്തിന്റെ വലിപ്പവും വരുമാനവും ആവശ്യങ്ങളും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടുവേണം കുടുംബ ബജറ്റ് തയ്യാറാക്കേണ്ടത്. കൃത്യമായ ഇടവേളകളിൽ ബജറ്റിലെ നിർദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലൂടെ കുടുബത്തിന് സാമ്പത്തികഭദ്രതയും ക്ഷേമവും കൈവരിക്കാൻ കഴിയും.

സംഭാഷണം ശ്രദ്ധിക്കാം.




*ചിത്രം 10.4*

അപ്രതീക്ഷിത വിലവർധനവ് എങ്ങനെയാണ് കുടുംബ ബജറ്റിനെ ബാധിക്കുന്നതെന്ന് മുകളിൽ നൽകിയിട്ടുള്ള സംഭാഷണത്തിൽ നിന്ന് തിരിച്ചറിഞ്ഞല്ലോ.

ഇതുപോലെ നിങ്ങളുടെ കുടുംബ ബജറ്റിനെ സ്വാധീനിക്കുന്ന മറ്റെന്തെല്ലാം ഘടകങ്ങളുണ്ടെന്ന് കണ്ടെത്തൂ.

- വൈദ്യുതി നിരക്ക് വർധനവ്
- 
- 
- 

വരവ്, ചെലവിനേക്കാൾ കൂടുതലാകുകയോ, വരവും ചെലവും തുല്യമാവുകയോ ചെയ്യുമ്പോഴാണ് കുടുംബബജറ്റ് സുസ്ഥിരമാകുന്നത്.

## കുടുംബചെലവ് എങ്ങനെയൊക്കെ കുറയ്ക്കാം

- പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഭക്ഷണത്തിനായി ഉപയോഗിക്കുക.
- ഭക്ഷ്യവസ്തുക്കൾ സ്വന്തമായി കൃഷി ചെയ്യുക.
- പൊതുവിതരണസംവിധാനവും ന്യായവില വില്പന കേന്ദ്രങ്ങളും പരമാവധി പ്രയോജനപ്പെടുത്തുക.
- 
- 

ഒരു കുടുംബത്തിന്റെ ഒരു മാസത്തെ ബജറ്റിന്റെ മാതൃകയാണ് ചുവടെ നൽകിയിരിക്കുന്നത്.

| നം | വരവ് | തുക | നം | ചെലവ് | തുക |
|---|---|---|---|---|---|
| 1 | കൂലി | 9500 | 1 | അരി, പലവ്യഞ്ജനം | 5000 |
| 2 | ശമ്പളം | 10000 | 2 | പാൽ, പച്ചക്കറി | 1200 |
| 3 | പെൻഷൻ | 3200 | 3 | മൽസ്യം, മാംസം | 2000 |
| 4 | കൃഷി | 2100 | 4 | വൈദ്യുതി | 1100 |
| | | | 5 | വസ്ത്രം | 1500 |
| | | | 6 | ചികിത്സ | 1000 |
| | | | 7 | വിദ്യാഭ്യാസം | 1500 |
| | | | 8 | വിനോദം | 500 |
| | | | 9 | യാത്ര | 2300 |
| | | | 10 | വായ്പതിരിച്ചടവ് | 5000 |
| | | | 11 | ഫോൺ, പത്രം, ഗ്യാസ് | 1500 |
| | | | 12 | കൃഷി | 1000 |
| | | | 13 | മറ്റ് ചെലവുകൾ | 2100 |
| | **ആകെ** | **24,800** | | **ആകെ** | **25,700** |
| | കമ്മി | 900 | | | |

- ഈ കുടുംബ ബജറ്റിന്റെ പ്രത്യേകതയെന്ത്?
- ഈ കുടുംബ ബജറ്റിനെ ഒരു മിച്ചബജറ്റാക്കിമാറ്റുവാൻ എന്തൊക്കെ നിർദേശങ്ങൾ നിങ്ങൾക്ക് നൽകാൻ കഴിയും?

കുടുംബ ബജറ്റ് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം? കൂടുതൽ കണ്ടെത്തി പട്ടിക വിപുലീകരിക്കുക.

| | |
|---|---|
| **വിവിധ വരുമാനസ്രോതസ്സുകൾ തിരിച്ചറിയുന്നു** | **വരവിനനുസരിച്ച് ചെലവ് ക്രമീകരിക്കുന്നു** |
| **മിതവ്യയശീലം** | |
| | |

## പൊതുചെലവ്




*ചിത്രങ്ങൾ 10.5*

സർക്കാർ നടപ്പിലാക്കുന്ന വിവിധ ക്ഷേമ-വികസന പ്രവർത്തനങ്ങളുടെ വാർത്താതലക്കെട്ടുകളാണ് മുകളിൽ നൽകിയിരിക്കുന്നത്.

സർക്കാരിന് ഈ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ധാരാളം പണം ആവശ്യമായി വരുന്നു. ഇവ കൂടാതെ മറ്റെന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് സർക്കാർ ധനം ചെലവഴിക്കുന്നത്.

- ശമ്പളം
- പലിശ
- പ്രതിരോധചെലവുകൾ
- ആശുപത്രി നിർമ്മാണ പ്രവർത്തനങ്ങൾ
- സാമൂഹികസുരക്ഷാപദ്ധതികൾ
- 

സർക്കാർ ധനം ഉപയോഗിച്ച് നിങ്ങളുടെ നാട്ടിൽ നടന്ന ക്ഷേമ-വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

വികസന-വികസനേതര പ്രവർത്തനങ്ങൾക്കായി സർക്കാർ ചെലവഴിക്കുന്ന ധനമാണ് പൊതുചെലവുകൾ. സർക്കാരിന്റെ പ്രവർത്തനങ്ങൾ വിപുലമാകുന്നതിനനുസരിച്ച് പൊതുചെലവുകളും വർധിക്കും.

പൊതുചെലവുകളെ രണ്ടായി തരംതിരിക്കാം.

**വികസന ചെലവുകൾ** (Developmental Expenditure)

രാജ്യത്തിന്റെ സാമ്പത്തികവും, സാമൂഹികവുമായ വികസനവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന ചെലവുകളെ വികസന ചെലവുകൾ എന്ന് വിളിക്കുന്നു. ഇവ രാജ്യത്തിന്റെ ഉൽപാദനത്തെയും യഥാർഥ സമ്പത്ത് വ്യവസ്ഥയെയും ഉത്തേജിപ്പിച്ച് സാമ്പത്തികവളർച്ചയ്ക്ക് വലിയസംഭാവന നൽകുന്നതിനാൽ ഇവ ഉൽപാദന ചെലവുകൾ എന്നും അറിയപ്പെടുന്നു. റോഡ്, പാലം, തുറമുഖം എന്നിവ നിർമ്മിക്കുക, പുതിയ സംരംഭങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ചെലവുകളാണ് വികസനചെലവുകളായി കണക്കാക്കുന്നത്.

**വികസനേതര ചെലവുകൾ** (Non-Developmental Expenditure)

രാജ്യതാൽപര്യത്തിനും പൊതുസേവനങ്ങൾക്കുമായി സർക്കാർ നിരന്തരം വഹിക്കുന്ന ചെലവുകളാണ് വികസനേതര ചെലവുകൾ. പ്രതിരോധം, പലിശ, പെൻഷൻ, മഹാമാരി, പ്രകൃതിദുരന്തം തുടങ്ങിയവയ്ക്കുള്ള ചെലവുകൾ ഇതിൽപ്പെടുന്നു.



ചുവടെ നൽകിയിരിക്കുന്ന ചെലവുകളെ വികസന ചെലവുകൾ, വികസനേതര ചെലവുകൾ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുക.

- പലിശ
- ഊർജോല്പാദനം
- മഹാമാരി
- ക്ഷേമ പെൻഷൻ
- കടബാധ്യത
- സബ്സിഡികൾ
- റോഡ് നിർമ്മാണം
- വിദ്യാലയ നിർമ്മാണം
- യുദ്ധം
- പ്രതിരോധം
- പൊതുഭരണം
- വ്യവസായശാലകൾ

| വികസനചെലവുകൾ | വികസനേതര ചെലവുകൾ |
| --- | --- |
| | |

**2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തെ കേന്ദ്രസർക്കാരിന്റെ പൊതു ചെലവുകളാണ് ചുവടെ നൽകിയിരിക്കുന്നത്.**




*ചിത്രം 10.6*

**സർക്കാരിന്റെ പൊതുചെലവുകളുടെ അടിസ്ഥാനത്തിൽ ഗ്രാഫ് അപഗ്രഥിച്ച് നിഗമനങ്ങൾ രേഖപ്പെടുത്തുക.**

## പൊതുവരുമാനം

വികസന-ക്ഷേമ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് സർക്കാരിന് ധാരാളം പണം ആവശ്യമായി വരുന്നു. ഇത്തരം ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിവിധ സ്രോതസ്സുകളിൽ നിന്ന് സർക്കാർ സമാഹരിക്കുന്ന ധനമാണ് പൊതുവരുമാനം. ഇത് സർക്കാർ ബജറ്റിന്റെ ഒരു പ്രധാന ഘടകമാണ്. സർക്കാരിന്റെ വരുമാനമാർഗങ്ങൾ ഏതൊക്കെയാണെന്ന് ആലോചിച്ച് നോക്കൂ. പ്രധാനമായും രണ്ട് സ്രോതസ്സുകളിൽ നിന്നാണ് സർക്കാർ വരുമാനം കണ്ടെത്തുന്നത് ചുവടെ നൽകിയിരിക്കുന്ന ചാർട്ട് ശ്രദ്ധിക്കൂ.




*ചിത്രം 10.7*

- **പൊതുവരുമാനം**
  - **നികുതിവരുമാനം**
    - നികുതിയിലൂടെ ലഭിക്കുന്ന വരുമാനം
      - **പ്രത്യക്ഷ നികുതി**
        നികുതി ആരിലാണോ ചുമത്തിയിരിക്കുന്നത്, ആ വ്യക്തി തന്നെ ഒടുക്കുന്ന നികുതിയാണ് പ്രത്യക്ഷ നികുതി. അതായത് നികുതി ദായകൻ തന്നെ നികുതി ഭാരം വഹിക്കുന്നു എന്നർഥം. ആദായ നികുതി, കെട്ടിട നികുതി എന്നിവ ഉദാഹരണങ്ങളാണ്.
      - **പരോക്ഷ നികുതി**
        ഒരാളുടെ മേൽ ചുമത്തപ്പെടുന്ന നികുതി ഭാഗികമായോ, പൂർണ്ണമായോ മറ്റൊരാൾ നൽകേണ്ടി വരുന്നു. വില്പനനികുതി, വിനോദ നികുതി എന്നിവ ഉദാഹരണങ്ങളാണ്
  - **നികുതിയേതരവരുമാനം**
    - നികുതിയിലൂടെ അല്ലാതെ മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം. ഉദാ: ഫീസ്, പിഴ, ഗ്രാന്റ്, ലാഭം, പലിശ.

### നികുതി

ക്ഷേമപ്രവർത്തനങ്ങൾ, വികസന പ്രവർത്തനങ്ങൾ എന്നിങ്ങനെ പൊതുതാല്പര്യത്തിനുവേണ്ടിയുള്ള ചെലവുകൾ വഹിക്കാനായി ജനങ്ങൾ സർക്കാരിന് നിർബന്ധമായും നൽകേണ്ട പണമാണ് നികുതി. നികുതി നൽകുന്ന വ്യക്തിയെ നികുതിദായകനെന്ന് വിളിക്കുന്നു.



പ്രത്യക്ഷ നികുതി, പരോക്ഷ നികുതി എന്നിവയ്ക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## ചരക്ക് സേവന നികുതി (Goods and Services Tax-GST)

രാജ്യത്ത് ഒറ്റ നികുതി എന്ന തത്വം നടപ്പിലാക്കുന്നതിന് ഭരണഘടനയിലെ 101-ാം ഭേദഗതി പ്രകാരം 2017 ജൂലൈ 1 മുതൽ നിലവിൽവന്ന ഏകീകൃത പരോക്ഷ നികുതി സമ്പ്രദായമാണ് ചരക്ക് സേവന നികുതി (GST). ഒരു സാമ്പത്തികവർഷം വിറ്റുവരവ് സർക്കാർ നിശ്ചയിക്കുന്ന തുകയിൽ കൂടുതലാണെങ്കിൽ വ്യാപാരികൾ നിർബന്ധമായും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. നിലവിൽ 0%, 5%, 12%, 18%, 28% എന്നിങ്ങനെയുള്ള നിരക്കുകളിലാണ് ഉപഭോക്താവ് ജി.എസ്.ടി. നൽകേണ്ടത്. ഇത്തരത്തിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിവിധ നിരക്കിലുള്ള നികുതികൾ വ്യാപാരികൾ സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. കാലാനുസൃതമായി ജി.എസ്.ടി. നിരക്കിൽ മാറ്റം വരാവുന്നതാണ്.







വാർത്താതലക്കെട്ട് ശ്രദ്ധിച്ചല്ലോ. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ബജറ്റ് തയ്യാറാക്കാറുണ്ട്.

## ബജറ്റ് (Budget)




ചിത്രം 10.8

ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന ചെലവും വരവും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന ധനരേഖയാണ് ബജറ്റ്. നമ്മുടെ രാജ്യത്ത് ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള ഒരു സാമ്പത്തിക വർഷത്തേക്കാണ് ബജറ്റ് തയ്യാറാക്കുന്നത്. ധനകാര്യമന്ത്രിയാണ് ബജറ്റ് അവതരിപ്പിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 112 അനുസരിച്ച് രാജ്യത്തിന്റെ വാർഷിക സാമ്പത്തിക ഓഡിറ്റ് കൂടിയാണ് കേന്ദ്ര ബജറ്റ്.

## ബജറ്റ് പലതരം

വരവുചെലവുകളുടെ അടിസ്ഥാനത്തിൽ ബജറ്റുകളെ മൂന്നായി തിരിക്കാം.





*ചിത്രങ്ങൾ 10.9*

### ബജറ്റിന്റെ ഉദ്ഭവം

'ബോഗറ്റ്' എന്ന ഫ്രഞ്ച് വാക്കിൽ നിന്നാണ് ബജറ്റ് എന്ന വാക്കിന്റെ ഉദ്ഭവം. ചെറിയ ബാഗ് അല്ലെങ്കിൽ സഞ്ചി എന്നാണ് ഇതിന്റെ അർഥം. സർക്കാരിന്റെ ധനകാര്യ രേഖകൾ അടങ്ങുന്ന ഒരു സഞ്ചി എന്ന അർഥത്തിലാണ് ബജറ്റ് എന്ന പദം രൂപംകൊണ്ടത്. 11-ാം നൂറ്റാണ്ടിലാണ് ബജറ്റിന്റെ ആദ്യ അവതരണം നടന്നത്. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ കേന്ദ്രബജറ്റ് അവതരിപ്പിച്ചത് ധനകാര്യമന്ത്രിയായിരുന്ന ആർ.കെ. ഷൺമുഖം ചെട്ടി ആണ്.

## പൊതുകടം (Public Debt)

വികസന-ക്ഷേമ പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുവാനും, ഭരണപരമായ വിവിധ ആവശ്യങ്ങൾ നിറവേറ്റുവാനും വരുമാനം തികയാതെ വരുമ്പോൾ ഗവൺമെന്റിന് കടമെടുക്കേണ്ടി വരും. ഇത്തരത്തിൽ സർക്കാർ വാങ്ങുന്ന വായ്പകളാണ് പൊതുകടം. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വായ്പകൾ വാങ്ങാറുണ്ട്. ഇവ യഥാക്രമം ആഭ്യന്തരകടം, വിദേശകടം എന്നിങ്ങനെ അറിയപ്പെടുന്നു.

**ആഭ്യന്തരകടം** : രാജ്യത്തിനകത്തുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സർക്കാർ വാങ്ങുന്ന വായ്പകളാണ് ആഭ്യന്തരകടം.




*വ്യക്തികൾ* *സർക്കാർ സ്ഥാപനങ്ങൾ*

*ചിത്രം 10.10*

**വിദേശകടം :** വിദേശ ഗവൺമെന്റുകളിൽ നിന്നും അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന വായ്പകളാണ് വിദേശകടം.




*വിദേശ ഗവൺമെന്റുകൾ*






*അന്തർദ്ദേശീയ സ്ഥാപനങ്ങൾ*
*ചിത്രം 10.11*

ഇത്തരം വായ്പകളുടെ ഉൽപാദനക്ഷമമായ ഉപയോഗം വികസന-ക്ഷേമപ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനും അതുവഴി വരുമാന വർധനവിനും പൊതുകടം കുറയ്ക്കുന്നതിനും സഹായകമാകുന്നു.

## ധനനയം (Fiscal Policy)

പൊതുവരുമാനം, പൊതുചെലവ്, പൊതുകടം എന്നിവയെ സംബന്ധിച്ച സമഗ്രമായ സർക്കാർ നയമാണ് ധനനയം. ധനകാര്യവകുപ്പ് തയ്യാറാക്കുന്ന ഈ നയം നടപ്പിലാക്കുന്നത് ബജറ്റിലൂടെയാണ്. നിലവിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സാമ്പത്തികസ്ഥിരത കൈവരിക്കുന്നതിനും ഗവൺമെന്റിന് മാർഗനിർദേശം നൽകുന്ന ഒരു നയം കൂടിയാണിത്.

## ധനനയത്തിന്റെ ലക്ഷ്യങ്ങൾ

- സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക
- തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക
- അധിക ചെലവുകൾ നിയന്ത്രിക്കുക
- വരുമാന വിതരണത്തിലെ അസമത്വം ഇല്ലാതാക്കുക

സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാനം, രാജ്യം എന്നിവ ബജറ്റ് തയ്യാറാക്കി പ്രവർത്തിക്കുന്നത് വഴി വികസന-ക്ഷേമ കാര്യങ്ങൾ യാഥാർഥ്യമാക്കുന്നതിനും, സുസ്ഥിര വികസനം കൈവരിക്കുന്നതിനും സഹായകമാകുന്നു.

## തുടർപ്രവർത്തനങ്ങൾ

- വരവ്-ചെലവ് കണക്കുകളെക്കുറിച്ച് രക്ഷിതാക്കളോട് ചോദിച്ചറിഞ്ഞ് നിങ്ങളുടെ കുടുംബ ബജറ്റ് തയ്യാറാക്കുക.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന പത്രവാർത്ത ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.
- സാധനങ്ങളും സേവനങ്ങളും സ്വീകരിക്കുമ്പോൾ നാം നൽകുന്ന ജി.എസ്.ടി. നിരക്കുകളാണ് ചുവടെ നൽകിയിരിക്കുന്നത്. ഏതൊക്കെ സാധനങ്ങൾക്കും സേവനങ്ങൾക്കുമാണ് ഈ നികുതി ചുമത്തുന്നതെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| നികുതി നിരക്കുകൾ | സാധനങ്ങൾ | സേവനങ്ങൾ |
|---|---|---|
| 0% | | |
| 5% | | |
| 12% | | |
| 18% | | |
| 28% | | |

- കേന്ദ്ര-സംസ്ഥാന സർക്കാരുകളെപ്പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ തരം നികുതികൾ ഈടാക്കുന്നുണ്ടല്ലോ. അവ ഏതെല്ലാമാണെന്ന് അന്വേഷിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക.







11

# വിവേചനത്തിനെതിരെ

"ഈ കോടതിമുറിയിൽ തങ്ങിനിൽക്കുന്ന വെള്ളമേധാവിത്വത്തിന്റെ അന്തരീക്ഷം എന്നെ അസ്വസ്ഥനാക്കുന്നു. ഇതേ മേധാവിത്വം എന്റെ ജനങ്ങളിൽ ഏല്പിച്ച മനുഷ്യവിരുദ്ധമായ ദുർനീതികൾ എന്നെ അസ്വസ്ഥനാക്കുന്നു. ഈ രാജ്യത്തെ പാർലമെന്റ് കാരണമാണ് ഞാൻ വോട്ടവകാശം ഇല്ലാത്തവനായിത്തീർന്നത് എന്ന് ഞാൻ ഓർക്കുന്നു. ഞങ്ങൾക്ക് ഒരുതുണ്ട് ഭൂമിയില്ല. എന്നിട്ടും ജനങ്ങൾ ദാരിദ്ര്യം കൊണ്ട് പൊറുതിമുട്ടുന്നിടത്തേക്ക് നിർബന്ധപൂർവം ഞങ്ങളെ പറഞ്ഞു വിടുന്നു. അനേക വർഷങ്ങളായി ഈ രാജ്യത്തെ അനീതികൾക്കും യാതനകൾക്കും കാരണമാകുന്ന അതേ വർണ്ണവിവേചനം നിഷ്പക്ഷ മായ ഒരു വിചാരണ എനിക്ക് ലഭ്യമാക്കുമെന്ന് എങ്ങനെ ഉറപ്പിക്കാൻ കഴിയും?".

*നെൽസൺ മണ്ടേലയുടെ പ്രിറ്റോറിയ വിചാരണ-(1962)*



*ചിത്രം 11.1*

ദക്ഷിണാഫ്രിക്കയുടെ സ്വാതന്ത്ര്യസമര നായകനായ നെൽസൺ മണ്ടേലയുടെ വാക്കുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

ആരാണ് ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനം നടപ്പിലാക്കിയത് ?

ഏതു സാഹചര്യത്തിലാണ് നെൽസൺ മണ്ടേലയ്ക്ക് ഇത്തരം ഒരു വിചാരണ നേരിടേണ്ടി വന്നത് ?

വർണ്ണത്തിന്റെ പേരിൽ നൂറ്റാണ്ടുകളോളം അടിച്ചമർത്തൽ നേരിട്ട ദക്ഷിണാഫ്രിക്കൻ ജനതയുടെ മോചനത്തിനായി പോരാടിയ വ്യക്തിയാണ് നെൽസൺ മണ്ടേല. സ്വന്തം രാജ്യത്തിന്റെയും ജനങ്ങളുടെയും മോചനത്തിനുവേണ്ടി പ്രവർത്തിച്ചതിന് അദ്ദേഹത്തിന് മൂന്ന് ദശാബ്ദത്തോളം ജയിൽവാസമനുഭവിക്കേണ്ടിവന്നു. ദക്ഷിണാഫ്രിക്കൻ ജനത നേരിട്ട വിവേചനത്തെയും അടിച്ചമർത്തലിനെയും കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ഈ രാജ്യത്തിന്റെ പ്രത്യേകതകൾ നാം അറിയേണ്ടതുണ്ട്.

ദക്ഷിണാഫ്രിക്ക ഏതു വൻകരയിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് ലോക ഭൂപടം നോക്കി കണ്ടെത്തുക.




*ചിത്രം 11.2*
*ലോകഭൂപടം*

## ദക്ഷിണാഫ്രിക്ക: സ്ഥാനം, ഭൂപ്രകൃതി

ആഫ്രിക്കൻ വൻകരയുടെ തെക്കേയറ്റത്ത് ഇന്ത്യൻ മഹാസമുദ്രവും അറ്റ്ലാന്റിക് സമുദ്രവുമായി അതിർത്തി പങ്കിടുന്ന രാജ്യമാണ് ദക്ഷിണാഫ്രിക്ക. വൈവിധ്യമാർന്ന ഭൂപ്രകൃതി സവിശേഷതകൾ ദക്ഷിണാഫ്രിക്കയുടെ പ്രത്യേകതയാണ്. വിശാലമായ തീരപ്രദേശങ്ങൾ,

വിസ്തൃതമായ സമതലങ്ങളും പീഠഭൂമികളും, ഉയർന്ന പർവതനിരകൾ, വൻനദികൾ, വെള്ളച്ചാട്ടങ്ങൾ, വരണ്ട മരുപ്രദേശം തുടങ്ങിയവ ഈ രാജ്യത്തെ വ്യത്യസ്തമാക്കുന്നു. ഉൾനാടൻ കൃഷിഭൂമികളിലും ഖനികളിലും നിന്നുള്ള സമ്പത്ത്, കാലാവസ്ഥ, മനുഷ്യസമ്പത്ത് ഇവ യൂറോപ്യരെ ദക്ഷിണാഫ്രിക്കയിലേക്ക് ആകർഷിച്ചു.

ഗ്ലോബ്, അറ്റ്ലസ് എന്നിവ നിരീക്ഷിച്ച് താഴെപ്പറയുന്ന വിവരങ്ങൾ കണ്ടെത്തുക.

ഏതെല്ലാം അക്ഷാംശ, രേഖാംശ രേഖകൾക്കിടയിലാണ് ദക്ഷിണാഫ്രിക്ക സ്ഥിതി ചെയ്യുന്നത്?

ദക്ഷിണാഫ്രിക്കയുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങൾ ഏതെല്ലാം?




*ചിത്രം 11.3*

### ശുഭപ്രതീക്ഷാ മുനമ്പ്
(Cape of Good Hope)

ആഫ്രിക്കൻ വൻകരയുടെ തെക്കേയറ്റത്തായി അറ്റ്ലാന്റിക് സമുദ്രതീരത്ത് സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് ശുഭപ്രതീക്ഷാ മുനമ്പ്. യൂറോപ്യർക്ക് അറ്റ്ലാന്റിക് മഹാസമുദ്രത്തിലൂടെ ആഫ്രിക്കൻ വൻകരയെ ചുറ്റി ഇന്ത്യൻ മഹാസമുദ്രത്തിൽ എത്തിയാലേ ഏഷ്യാ വൻകരയിലെ ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് എത്താൻ കഴിയുമായിരുന്നുള്ളു. ഏഷ്യയിലേക്ക് എത്താനുള്ള പ്രതീക്ഷ നൽകുന്നത് എന്ന അർഥത്തിൽ ഇവിടം 'ശുഭപ്രതീക്ഷാ മുനമ്പ്' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ഡിജിറ്റൽ മാപ്പ് ഉപയോഗിച്ച് ആഫ്രിക്കൻ വൻകരയിൽ ദക്ഷിണാഫ്രിക്കയുടെ സ്ഥാനം, തലസ്ഥാനം, പ്രധാന നഗരങ്ങൾ, ചരിത്ര പ്രധാന കേന്ദ്രങ്ങൾ എന്നിവ കണ്ടെത്തുക.

## ദക്ഷിണാഫ്രിക്ക കോളനിവൽക്കരിക്കപ്പെടുന്നു

സാൻ, ഖോസാ തുടങ്ങിയ ജനവിഭാഗങ്ങളായിരുന്നു ദക്ഷിണാഫ്രിക്കയിലെ ആദിമനിവാസികൾ. ആഫ്രിക്കയുടെ മറ്റു പ്രദേശങ്ങളിൽ നിന്ന് എത്തിയ ഗോത്രവിഭാഗക്കാരായിരുന്നു ആദ്യമായി ഇവിടേക്ക് കുടിയേറ്റം നടത്തിയത്. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്യർ ദക്ഷിണാഫ്രിക്കയിൽ എത്തിത്തുടങ്ങി. പതിനേഴാം നൂറ്റാണ്ടോടുകൂടി ദക്ഷിണാ

### കോളനിവൽക്കരണം

ഒരു രാജ്യം മറ്റൊരു പ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും മേൽ അധികാരം സ്ഥാപിച്ച് രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനെയാണ് കോളനിവൽക്കരണം എന്നുപറയുന്നത്.

ഫ്രിക്കയിൽ ഡച്ച് സ്വാധീനം ശക്തമാകുകയും കേപ്പ് ടൗൺ എന്ന പ്രദേശം അവരുടെ പ്രധാന കോളനിയായി മാറുകയും ചെയ്തു.

പതിനെട്ടാം നൂറ്റാണ്ടോടെ ബ്രിട്ടീഷുകാർ ദക്ഷിണാഫ്രിക്കയിലെത്തിച്ചേർന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുതൽ ഭൂപ്രദേശങ്ങൾ സ്വന്തമാക്കുക, ആഫ്രിക്കൻ വൻകരയിലെ അളവറ്റ സമ്പത്ത് കൈക്കലാക്കുക, മറ്റ് യൂറോപ്യൻ രാജ്യങ്ങൾക്കുമേൽ അധീശത്വം സ്ഥാപിക്കുക, ഏഷ്യാവൻകരയിലേക്കുള്ള സഞ്ചാരത്തിന് ഇടത്താവളമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ബ്രിട്ടൻ ദക്ഷിണാഫ്രിക്കയെ കോളനിയാക്കാൻ ശ്രമിച്ചത്.

## ഗ്രേറ്റ് ട്രെക്ക് (Great Trek)

**ബൂവറുകൾ** (Boers)

യൂറോപ്പിൽ നിന്ന് ആദ്യം ദക്ഷിണാഫ്രിക്കയിലെത്തിയ നെതർലന്റ് (ഡച്ച്), ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യക്കാരുടെ പിന്മുറക്കാരാണ് ബൂവറുകൾ. കൃഷിക്കാരൻ എന്നാണ് ബൂവർ എന്ന ഡച്ച് പദത്തിന്റെ അർഥം. പിൽക്കാലത്ത് ഈ ജനവിഭാഗങ്ങൾ ആഫ്രിക്കാനർ (Afrikaner) എന്നും ഇവരുടെ ഭാഷയും സംസ്കാരവും ആഫ്രിക്കാൻസ് (Afrikaans) എന്നും അറിയപ്പെട്ടു.

ബ്രിട്ടൻ നടപ്പിലാക്കിയ കോളനിവൽക്കരണ പദ്ധതികൾ ബൂവർമാരെ എങ്ങനെ ബാധിച്ചുവെന്ന് നോക്കാം.

ഡച്ചുകാരിൽ നിന്ന് കേപ്പ് കോളനി പിടിച്ചെടുത്ത ബ്രിട്ടൻ ആ പ്രദേശത്ത് ചില നയങ്ങൾ നടപ്പിലാക്കി.

ഡച്ചുഭാഷയ്ക്ക് ഉപരോധമേർപ്പെടുത്തി. ഇംഗ്ലീഷ്, കേപ്പ് കോളനിയിലെ ഏക ഭാഷയാക്കി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ ബ്രിട്ടൻ, തങ്ങളുടെ കോളനികളിൽ അടിമത്തം നിരോധിച്ചു. അടിമകളെ പ്രയോജനപ്പെടുത്തി കൃഷി നടത്തിയിരുന്ന ബൂവറുകളെ ഇത് പ്രതികൂലമായി ബാധിച്ചു.



*ചിത്രം 11.4*
*ഗ്രേറ്റ് ട്രെക്ക്*

ബ്രിട്ടൻ നടപ്പിലാക്കിയ ഇത്തരം നയങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കേപ്പ് കോളനിയിൽ നിന്ന് ദക്ഷിണാഫ്രിക്കയുടെ ഉൾപ്രദേശങ്ങളിലേക്ക് ബൂവറുകൾ നടത്തിയ പലായനമാണ് ഗ്രേറ്റ് ട്രെക്ക് എന്നറിയപ്പെടുന്നത്.

ഗ്രേറ്റ് ട്രെക്കിനെത്തുടർന്ന് ബൂവറുകൾ ട്രാൻസ്‌വാൾ, ഓറഞ്ച് ഫ്രീ സ്റ്റേറ്റ്, നേറ്റാൽ എന്നിവിടങ്ങളിൽ റിപ്പബ്ലിക്കുകൾ സ്ഥാപിച്ചു.

## ബൂവർ യുദ്ധങ്ങൾ

ദക്ഷിണാഫ്രിക്കയുടെ ചരിത്രം തിരുത്തിയ ബൂവർ യുദ്ധങ്ങൾക്ക് കാരണമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബൂവർ റിപ്പബ്ലിക്കിന്റെ അധീനപ്രദേശങ്ങളിൽ സ്വർണ്ണത്തിന്റെയും വജ്രത്തിന്റെയും ഖനികൾ കണ്ടുപിടിക്കപ്പെട്ടു. ഇതോടെ ലോകത്തിലെ ഏറ്റവും പ്രധാന സ്വർണ്ണ, വജ്ര ഉൽപാദകരായി ദക്ഷിണാഫ്രിക്ക മാറി. ബൂവർ റിപ്പബ്ലിക്കുകളെ ബ്രിട്ടീഷ് കോളനി പ്രദേശങ്ങളോടൊപ്പം കൂട്ടിച്ചേർക്കാൻ ബ്രിട്ടൻ ശ്രമിച്ചതോടെയാണ് ബൂവർ യുദ്ധങ്ങൾ ആരംഭിച്ചത്.

### ഒന്നാം ബൂവർ യുദ്ധം

കൂടുതൽ പ്രദേശങ്ങളിലേക്ക് ബ്രിട്ടീഷ്ഭരണം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബ്രിട്ടൻ ബൂവറുകളിൽ നിന്നും ട്രാൻസ്‌വാൾ പിടിച്ചെടുത്തു. ഇതോടെ ഒന്നാം ബൂവർ യുദ്ധം (1880-81) ആരംഭിച്ചു. ഈ യുദ്ധത്തിൽ ബൂവറുകൾ വിജയിക്കുകയും ട്രാൻസ്‌വാളും സമീപ പ്രദേശങ്ങളും കൂട്ടിച്ചേർത്ത് ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്ക് രൂപീകരിക്കുകയും ചെയ്തു.

### രണ്ടാം ബൂവർ യുദ്ധം

സ്വർണ്ണഖനികളിൽ നിന്നുള്ള സമ്പത്തും അവയുടെ നിയന്ത്രണവും സംബന്ധിച്ച തർക്കങ്ങളാണ് രണ്ടാം ബൂവർ യുദ്ധത്തിലേക്ക് നയിച്ചത്. ബൂവർ ഭരണാധികാരികൾ ഖനികൾക്ക് നികുതി ഏർപ്പെടുത്തി. ഖനികളിലെ ബ്രിട്ടീഷുകാരായ തൊഴിലാളികൾക്ക് ബ്രിട്ടൻ വോട്ടവകാശം ആവശ്യപ്പെട്ടു. റിപ്പബ്ലിക്കൻ ഭരണാധികാരികൾ ഈ ആവശ്യം നിരസിച്ചതോടെ ദക്ഷിണാഫ്രിക്കയിലെ ഏറ്റവും വിനാശകരമായ സായുധപോരാട്ടമായ രണ്ടാം ബൂവർ യുദ്ധം (1899-1902) ആരംഭിച്ചു.

ഈ യുദ്ധത്തിൽ ബ്രിട്ടീഷ്സൈന്യം ബൂവർ റിപ്പബ്ലിക്കുകളെ പരാജയപ്പെടുത്തി.

വെരിനിഗിംഗ് സന്ധിയനുസരിച്ച് ബൂവറുകൾ ബ്രിട്ടന്റെ പരമാധികാരം അംഗീകരിച്ചു. ബ്രിട്ടന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ പ്രദേശം എന്ന നിലയിൽ യൂണിയൻ ഓഫ് സൗത്ത് ആഫ്രിക്ക രൂപീകരിച്ചു. യൂണിയൻ ഓഫ് സൗത്ത് ആഫ്രിക്കയിൽ നടപ്പിലാക്കിയ ഭരണഘടനയനുസരിച്ച് ബ്രിട്ടീഷുകാർക്കും ആഫ്രിക്കാനർമാർക്കും ഉയർന്ന പരിഗണന ലഭിച്ചു. കറുത്തവർഗക്കാരുടെ അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കപ്പെട്ടു.



*ചിത്രം 11.5*
*രണ്ടാം ബൂവർ യുദ്ധം*

ബൂവർ യുദ്ധങ്ങൾക്ക് ദക്ഷിണാഫ്രിക്കയുടെ ചരിത്രത്തിൽ ഉള്ള പ്രാധാന്യത്തെക്കുറിച്ച് ആശയപടം തയ്യാറാക്കുക.

## മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ




...മറ്റൊരു ഉദ്യോഗസ്ഥൻ എന്റെ അടുത്തുവന്ന് പറഞ്ഞു: "വരൂ, നിങ്ങൾ മുന്നിലെ കമ്പാർട്ട്മെന്റിലേക്ക് പോകണം".

"പക്ഷേ എനിക്ക് ഒന്നാം ക്ലാസ് ടിക്കറ്റ് ഉണ്ടല്ലോ" ഞാൻ പറഞ്ഞു. "അതിൽ കാര്യമില്ല. നിങ്ങൾ തീർച്ചയായും ഇതിന്റെ മുന്നിലെ കമ്പാർട്ട്മെന്റിലേക്ക് പോകണമെന്ന് ഞാൻ പറയുന്നു" അയാൾ പ്രതികരിച്ചു.

"ഡർബാനിൽ വെച്ച് ഈ കമ്പാർട്ട്മെന്റിൽ യാത്രചെയ്യാൻ എന്നെ അനുവദിച്ചതാണെന്നും ഇതിൽ തന്നെ എനിക്ക് പോകണമെന്നും ഞാൻ നിങ്ങളോട് പറയുന്നു". "സാധ്യമല്ല. നിങ്ങൾക്കതിൽ പോകാനാവില്ല. നിങ്ങൾ ഈ കമ്പാർട്ട്മെന്റിൽ നിന്ന് പോകണം. അല്ലാത്തപക്ഷം നിങ്ങളെ പുറത്തേയ്ക്കെറിയാൻ വേണ്ടി എനിക്കൊരു പോലീസ് കോൺസ്റ്റബിളിനെ വിളിക്കേണ്ടിവരും" എന്ന് ആ ഉദ്യോഗസ്ഥൻ പറഞ്ഞു.

"ശരി. നിങ്ങൾക്കങ്ങനെ ചെയ്യാം. ഞാൻ സ്വമേധയാ പുറത്തു പോകാൻ വിസമ്മതിക്കുന്നു". പോലീസുകാരൻ വന്നു. അയാൾ കൈക്കുപിടിച്ച് എന്നെ പുറത്തേക്കു തള്ളി. എന്റെ സാധനങ്ങളും പുറത്തേക്കെറിഞ്ഞു... വൈകിട്ടത്തെ തീവണ്ടി വന്നു. അതിൽ എനിക്കായി സംവരണം ചെയ്യപ്പെട്ട ഒരു ബർത്ത് ഉണ്ടായിരുന്നു. ഡർബാനിൽ വെച്ച് ഞാൻ നിരസിച്ച കിടക്കയ്ക്കുള്ള ടിക്കറ്റ് ഇപ്പോൾ മാരിട്സ് ബർഗിൽ ഞാൻ വാങ്ങി.

എം കെ ഗാന്ധി- *'ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണകഥ'*

ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന സാമൂഹ്യാവസ്ഥയാണ് ഗാന്ധിജി തന്റെ ആത്മകഥയിൽ വിവരിക്കുന്നത്.

മഹാത്മാഗാന്ധി 1893-ലാണ് ദക്ഷിണാഫ്രിക്കയിൽ എത്തിയത്. അപ്രഖ്യാപിത വർണ്ണവിവേചനത്തിന്റെ കാലമായിരുന്നു അത്. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച 'ഇന്ത്യൻ ഒപ്പീനിയൻ' എന്ന പത്രത്തിൽ കൊളോണിയൽ ഭരണകൂടം ആഫ്രിക്കക്കാരോട് കാണിക്കുന്ന വിവേചനത്തെക്കുറിച്ച് ഇപ്രകാരം എഴുതി; 'ആഫ്രിക്കക്കാർ മാത്രമാണ് ഭൂമിയിലെ ആദിമനിവാസികൾ. വെള്ളക്കാരാകട്ടെ, ആ ഭൂമി ബലപ്രയോഗത്തിലൂടെ കൈവശപ്പെടുത്തുകയും തങ്ങളുടെ അധീനതയിലാക്കുകയും ചെയ്തു'.

രണ്ടാം ബൂവർ യുദ്ധകാലത്ത് യുദ്ധക്കെടുതികളിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുന്ന സന്നദ്ധപ്രവർത്തനങ്ങളിൽ അദ്ദേഹം പങ്കെടുത്തിരുന്നു. സത്യഗ്രഹം, നിസ്സഹകരണം, നിയമലംഘനം തുടങ്ങിയ സമരരീതികൾ ഗാന്ധിജി പരീക്ഷിച്ചത് ഇവിടെയായിരുന്നു. 'ഗാന്ധിജിയുടെ രാഷ്ട്രീയപരീക്ഷണശാല' എന്നാണ് ദക്ഷിണാഫ്രിക്ക അറിയപ്പെടുന്നത്.

ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന വിവേചനത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ അഭിപ്രായവും അദ്ദേഹത്തിന്റെ സമരരീതികളും ഉൾപ്പെടുത്തി ഒരു വിശകലന കുറിപ്പ് തയ്യാറാക്കുക.

## ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം

ദക്ഷിണാഫ്രിക്ക ബ്രിട്ടന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ പ്രദേശമായതിനുശേഷം നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ വെള്ളക്കാരാൽ നയിക്കപ്പെട്ട ദക്ഷിണാഫ്രിക്കൻ പാർട്ടി അധികാരത്തിലെത്തി. പാർപ്പിടം, ഭരണം, വ്യവസായം തുടങ്ങിയ മേഖലകളിൽ ജനങ്ങളെ ബാധിക്കുന്ന നിയമങ്ങൾ കൊണ്ടുവന്നു. കറുത്തവരും വെളുത്തവരും എന്ന വംശീയ വേർതിരിവ് ശക്തമായി. ജനങ്ങൾക്ക് സഞ്ചാരസ്വാതന്ത്ര്യവും, വിദ്യാഭ്യാസത്തിനുള്ള അവകാശവും നിഷേധിച്ചു. ഈ നയങ്ങളിൽ പ്രതിഷേധിച്ച് ആഫ്രിക്കൻ ജനതയുടെ അവകാശസംരക്ഷണത്തിനായി രൂപീകരിച്ച സൗത്ത് ആഫ്രിക്കൻ നേറ്റീവ് നാഷണൽ കോൺഗ്രസ് എന്ന സംഘടനയാണ് പിൽക്കാലത്ത് ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് എന്നറിയപ്പെട്ടത്. വിവേചനരഹിത ദക്ഷിണാഫ്രിക്ക പടുത്തുയർത്തുന്നതിന് ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് നേതാക്കൾ പല സമരമാർഗങ്ങളും ആവിഷ്കരിച്ചു.

ദക്ഷിണാഫ്രിക്കയിൽ അധികാരത്തിലിരുന്ന വിവിധ ഗവൺമെന്റുകൾ നടപ്പിലാക്കിയ അടിച്ചമർത്തൽ നിയമങ്ങളും അവയുടെ ഫലങ്ങളും എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

| നിയമങ്ങൾ | ഫലങ്ങൾ |
|---|---|
| ഖനി-തൊഴിൽ നിയമം (The Mines and Works Regulations Act) | വൈദഗ്ധ്യം ആവശ്യമുള്ള തൊഴിലുകൾ വെളുത്ത വർഗക്കാർക്ക് മാത്രമായി സംവരണം ചെയ്തു. |
| പ്രാദേശിക ഭൂനിയമം (Natives Land Act) | കറുത്തവർക്ക് 'റിസർവുകൾ' എന്ന പേരിൽ നീക്കിവച്ച പ്രത്യേക പ്രദേശങ്ങളിൽ അല്ലാതെ മറ്റിടങ്ങളിൽ നിന്നും ഭൂമി വാങ്ങാൻ അവകാശമില്ല |
| പ്രാദേശിക നഗര പ്രദേശ നിയമം (The Natives [Urban Areas] Act) | കറുത്ത വർഗക്കാർക്ക് നഗരങ്ങളിലേക്ക് പ്രവേശിക്കാൻ നിയന്ത്രണം ഏർപ്പെടുത്തി. |
| വോട്ടർമാരുടെ പ്രത്യേക പ്രാതിനിധ്യനിയമം (Separate Representation of Voters Act) | കറുത്ത വർഗക്കാരെ പൊതു വോട്ടർപട്ടികയിൽ നിന്ന് നീക്കം ചെയ്തു. |

## നെൽസൺ മണ്ടേല

1918 ജൂലൈ 18-ന് ദക്ഷിണാഫ്രിക്കയിലെ ട്രാൻസ്കി പ്രവിശ്യയിലെ തെംബു രാജകുടുംബത്തിലാണ് നെൽസൺ മണ്ടേല ജനിച്ചത്. രോലിഹ്ലാഹ്ല എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. പിതാവ്, മാഡിബ വംശത്തിന്റെ തലവനായിരുന്ന ഗാഡ്‌ല ഹെൻട്രി മണ്ടേലയും മാതാവ്, നോസ്കെനി ഫാന്നിയുമാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം ദക്ഷിണാഫ്രിക്കൻ ഗോത്രപാരമ്പര്യം, സംസ്കാരം എന്നിവയിൽ പഠനം നടത്തുകയും പിന്നീട് അഭിഭാഷക ബിരുദം നേടുകയും ചെയ്തു.




ചിത്രം 11.7

"എന്റെ കുടുംബത്തിൽ ആരും ഇതുവരെ സ്കൂളിൽ പോയിട്ടില്ല... സ്കൂളിലെ ആദ്യ ദിവസം എന്റെ ടീച്ചർ മിസ് എംഡിൻഗേൻ (Miss Mdingane) ഞങ്ങൾക്ക് ഓരോരുത്തർക്കും ഒരു ഇംഗ്ലീഷ് പേര് നൽകി. അക്കാലത്ത് ആഫ്രിക്കക്കാരുടെ ഇടയിൽ ഇത് പതിവായിരുന്നു. ഇത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ബ്രിട്ടീഷ് പക്ഷപാതിത്വം കാരണമായിരുന്നു. അന്ന്, മിസ് എംഡിൻഗേൻ എന്നോട് പറഞ്ഞു, എന്റെ പുതിയ പേര് നെൽസൺ എന്നാണ്. എന്തുകൊണ്ടാണ് ഈ പ്രത്യേക പേര്, എനിക്കറിയില്ല."

നെൽസൺ മണ്ടേല - ലോംഗ് വാക്ക് ടു ഫ്രീഡം, 1994.

"ദക്ഷിണാഫ്രിക്കയിലെ ഒരു ആഫ്രിക്കൻ കുട്ടി ആഫ്രിക്കക്കാർക്ക് മാത്രമുള്ള ആശുപത്രിയിൽ ജനിക്കുന്നു......അവൻ വലുതാകുമ്പോൾ ആഫ്രിക്കക്കാരന്റെ മാത്രം ജോലികൾ ചെയ്യാനും, ആഫ്രിക്കൻ ടൗൺഷിപ്പിൽ മാത്രം ഒരു വീട് വാടകയ്ക്കെടുക്കാനും, ആഫ്രിക്കന്റെ മാത്രം ട്രെയിനുകളിൽ യാത്ര ചെയ്യാനും നിർബന്ധിക്കപ്പെടുന്നു. രാത്രിയോ പകലോ വ്യത്യാസമില്ലാതെ ഏത് സമയത്തും തടഞ്ഞു നിർത്തി 'പാസ്' ഹാജരാക്കാൻ അവനോട് ഉത്തരവിടുന്നു, അതില്ലാത്തപക്ഷം അറസ്റ്റ് ചെയ്ത് ജയിലിൽ എറിയുന്നു. അവന്റെ വളർച്ചയെ തളർത്തുകയും അവന്റെ കഴിവുകളെ കെടുത്തുകയും അവന്റെ ജീവിതത്തെ മുരടിപ്പിക്കുകയും ചെയ്യുന്ന ക്രൂരമായ വംശീയ നിയമങ്ങളും ചട്ടങ്ങളും അവന്റെ ജീവിതത്തെ ചുറ്റിയിരിക്കുന്നു."

നെൽസൺ മണ്ടേല - ലോംഗ് വാക്ക് ടു ഫ്രീഡം, 1994.

ദക്ഷിണാഫ്രിക്കൻ ജനത അഭിമുഖീകരിക്കേണ്ടിവന്ന ജീവിതാവസ്ഥകളെക്കുറിച്ച് നെൽസൺ മണ്ടേല നടത്തിയ പരാമർശങ്ങൾ വായിച്ചല്ലോ.

മാതാപിതാക്കൾ നൽകിയ പേരിന് പകരം നെൽസൺ മണ്ടേലക്ക് ടീച്ചർ പുതിയ പേര് നൽകാൻ കാരണമെന്തായിരിക്കും?

ദക്ഷിണാഫ്രിക്കയിലെ ജനങ്ങൾ എന്തെല്ലാം അടിച്ചമർത്തലുകളാണ് നേരിട്ടിരുന്നത്?

കോളനിവൽക്കരണത്തിൽ നിന്നും വർണ്ണവിവേചനത്തിൽ നിന്നും തദ്ദേശീയ ജനതയെ മോചിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട നെൽസൺ മണ്ടേല, തന്റെ നാടിന്റെയും ജനങ്ങളുടെയും വിമോചനത്തിനായി അക്ഷീണം പ്രയത്നിച്ചു.

ദക്ഷിണാഫ്രിക്കയിൽ നടപ്പിലാക്കിയിരുന്ന നിയമങ്ങൾ, നെൽസൺ മണ്ടേല യുടെ പരാമർശങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ കറുത്ത വർഗക്കാർ അഭി മുഖീകരിക്കേണ്ടിവന്ന ജീവിതാവസ്ഥയെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.

നെൽസൺ മണ്ടേല യുവജനങ്ങളെ അണിനിരത്തി ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് യൂത്ത് ലീഗ് എന്ന യുവജന സംഘടന രൂപീകരിക്കുകയും ആഫ്രിക്കൻ നാഷണൽ കോൺ ഗ്രസിൽ അംഗത്വമെടുക്കുകയും ചെയ്തു.

വാൾട്ടർ സിസിലു, ഒലിവർ താംബോ, ഡെസ്മണ്ട് ടുട്ടു തുടങ്ങിയവരായിരുന്നു മണ്ടേല യോടൊപ്പം പ്രവർത്തിച്ചിരുന്ന മറ്റ് പ്രധാന നേതാക്കൾ.



*ചിത്രം 11.8*
വാൾട്ടർ സിസിലു



*ചിത്രം 11.9*
ഒലിവർ താംബോ



*ചിത്രം 11.10*
ഡെസ്മണ്ട് ടുട്ടു

## വർണ്ണവിവേചനം (Apartheid)

കറുത്ത വർഗക്കാർക്കെതിരെ വംശീയമായും സാമ്പത്തികമായും ഏർപ്പെടുത്തിയ വേർതി രിക്കലിന്റെ സാമൂഹ്യക്രമമാണ് വർണ്ണവിവേചനം. ദക്ഷിണാഫ്രിക്കയിലെ ഇതര ജനവിഭാ ഗങ്ങളിൽ നിന്ന് വെളുത്ത വർഗക്കാർക്ക് ഉയർന്ന പരിഗണന ഇതുമൂലം ഉറപ്പാക്കപ്പെട്ടു.

1948-ൽ അധികാരത്തിൽ വന്ന നാഷണൽ പാർട്ടി, വേർതിരിവും വിവേചനവും നിയമം മൂലം നടപ്പിലാക്കിക്കൊണ്ട് വർണ്ണവിവേചനം നിയമാനുസൃതമാക്കി. വർണ്ണവിവേചനം നടപ്പിലാക്കുന്നതിനുവേണ്ടി രൂപീകരിച്ച നിയമങ്ങളിൽ പ്രധാനപ്പെട്ടവയാണ് ചുവടെ ചേർത്തിട്ടുള്ളത്.

| | |
|---|---|
| പാസ്സ് നിയമം<br>(Native Pass Law Act) | കറുത്ത വർഗക്കാർക്ക് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കാൻ പ്രത്യേക അനുമതിപത്രങ്ങൾ (Passes) ആവശ്യമായിരുന്നു. |
| ഗ്രൂപ്പ് ഏരിയ നിയമം<br>(Group Areas and Segregation Act) | വംശത്തെ അടിസ്ഥാനമാക്കി ആളുകളെ പ്രത്യേക പ്രദേശങ്ങളിലേക്ക് മാറ്റി. ഈ വ്യവസ്ഥ മഹാവർണ്ണവിവേചനം (Great Apartheid) എന്നറിയപ്പെട്ടു. |
| ജനസംഖ്യ രജിസ്ട്രേഷൻ നിയമം<br>(Population Registration Act) | 18 വയസ്സ് കഴിഞ്ഞ എല്ലാവർക്കും അവരുടെ വംശത്തെ വ്യക്തമാക്കുന്ന തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കി. |
| ബന്റു അധികാര നിയമം<br>(Home Land System Bantu Authorities Act) | കറുത്തവർ പ്രത്യേക സ്വയംഭരണ പ്രദേശങ്ങളിലെ പൗരരായി മാറുകയും അവർക്ക് ദക്ഷിണാഫ്രിക്കൻ പൗരത്വം നഷ്ടപ്പെടുകയും ചെയ്തു. |
| പ്രത്യേക സൗകര്യ സംവരണ നിയമം<br>(Reservation of Separate Amenities Act) | മൈതാനങ്ങൾ, ബീച്ചുകൾ, ബസ്സ്, ആശുപത്രി, സ്കൂളുകൾ, പാർക്ക് തുടങ്ങിയ പൊതുഇടങ്ങളിൽ സൂചനാഫലകങ്ങൾ സ്ഥാപിച്ചു. |
| ബന്റു വിദ്യാഭ്യാസ നിയമം<br>(The Bantu Education Act) | കറുത്ത വർഗക്കാർക്ക് പരമ്പരാഗത രീതിയിലുള്ള വിദ്യാഭ്യാസത്തിന് മാത്രം അവകാശം നൽകി. |

പ്രത്യേക സൗകര്യ സംവരണ നിയമവുമായി ബന്ധപ്പെട്ട് ദക്ഷിണാഫ്രിക്കയിൽ സ്ഥാപിക്കപ്പെട്ടിരുന്ന ചില മുന്നറിയിപ്പ് ബോർഡുകൾ ശ്രദ്ധിക്കൂ.




വെള്ളക്കാരല്ലാത്ത പുരുഷന്മാർക്കു മാത്രം പ്രവേശനം




യൂറോപ്യൻ കുട്ടികൾക്ക് മാത്രമുള്ള കളിസ്ഥലം




വെളുത്ത വർഗക്കാർക്കുമാത്രം പ്രവേശനം




ഈ പൊതുസ്ഥലവും സൗകര്യങ്ങളും വെളുത്ത വർഗക്കാർക്കുമാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.




മുന്നറിയിപ്പ് : തദ്ദേശീയരെ സൂക്ഷിക്കുക




ഡർബൻ തീര നിയമം സെക്ഷൻ 37 പ്രകാരം ഡർബൻ കടൽത്തീരം വെളുത്ത വർഗക്കാർ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

*ചിത്രങ്ങൾ 11.11*
*വർണ്ണവിവേചനകാലത്തെ മുന്നറിയിപ്പ് ബോർഡുകൾ*

കറുത്ത വർഗക്കാർ സ്വന്തം നാട്ടിൽ അനുഭവിക്കേണ്ടിവന്ന മനുഷ്യാവകാശ ലംഘനങ്ങളുടെ തീവ്രതയാണ് ഈ മുന്നറിയിപ്പ് ബോർഡുകൾ സൂചിപ്പിക്കുന്നത്.

ഇത്തരം മനുഷ്യത്വരഹിതമായ നിയമങ്ങൾ നടപ്പിലാക്കിയതോടെ ദക്ഷിണാഫ്രിക്കയുടെ ഉടമകളായിരുന്ന ജനങ്ങൾ വോട്ടവകാശമില്ലാത്തവരും ഭരണാവകാശവും വിദ്യാഭ്യാസാവകാശവും നിഷേധിക്കപ്പെട്ടവരുമായിത്തീർന്നു.



വർണ്ണവിവേചന നിയമങ്ങൾമൂലം ജനങ്ങൾക്ക് നേരിട്ട ബുദ്ധിമുട്ടുകൾ റോൾപ്ലേ ആയി അവതരിപ്പിക്കുക.

## ദക്ഷിണാഫ്രിക്കൻ സ്വാതന്ത്ര്യസമരം

കോളനിവൽക്കരണവും വർണ്ണവിവേചനവും ദക്ഷിണാഫ്രിക്കയിലെ ജനജീവിതത്തെ പ്രതികൂലമായി ബാധിച്ചു. ദക്ഷിണാഫ്രിക്കയിലെ കറുത്ത വർഗക്കാർ രാഷ്ട്രീയമായും

സാമ്പത്തികമായും സാംസ്കാരികമായും തകർച്ച നേരിട്ടു. ദേശീയ സമ്പദ്‌വ്യവസ്ഥ ദ്രുത ഗതിയിൽ വളർന്നെങ്കിലും തദ്ദേശീയജനത അടിസ്ഥാന ആവശ്യങ്ങൾക്കുപോലും ബുദ്ധിമുട്ടി.

ഇത്തരം വിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെ ദക്ഷിണാഫ്രിക്കൻ ജനത നടത്തിയ ചില പ്രധാന സമരങ്ങൾ ഏതെല്ലാമെന്ന് നോക്കാം.

നെൽസൺ മണ്ടേലയുടെ നേതൃത്വത്തിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് കറുത്ത വർഗക്കാരുടെ മോചനത്തിനായി രാജ്യവ്യാപക പ്രക്ഷോഭങ്ങൾ ആരംഭിച്ചു. ആദ്യകാല പ്രക്ഷോഭങ്ങൾ തികച്ചും സമാധാനപരമായ നിയമലംഘന സമരങ്ങളായിരുന്നു.




*ചിത്രം 11.12*
*അടിച്ചമർത്തലുകൾക്കെതിരെ ദക്ഷിണാഫ്രിക്കൻ ജനത നടത്തിയ പ്രക്ഷോഭം*

ദക്ഷിണാഫ്രിക്കൻ ഇന്ത്യൻ കോൺഗ്രസിന്റേയും ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെയും ആഹ്വാനമനുസരിച്ച് ഫാക്ടറിത്തൊഴിലാളികൾ, ഓഫീസ് ജീവനക്കാർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങി വിവിധ വിഭാഗം ജനങ്ങൾ സമരങ്ങളിൽ ഒത്തുചേർന്നു. പാസ്സ് നിയമങ്ങൾ, നിരോധനാജ്ഞ എന്നിവയെ ചോദ്യം ചെയ്ത പ്രതിഷേധക്കാരെ അറസ്റ്റ് ചെയ്ത് തടവിലാക്കി.

1956-ൽ രാജ്യദ്രോഹക്കുറ്റം ചുമത്തി നെൽസൺ മണ്ടേലയെ വീണ്ടും അറസ്റ്റ് ചെയ്തു. നീണ്ട കാലത്തെ വിചാരണയ്ക്കുശേഷം അദ്ദേഹത്തെ കുറ്റവിമുക്തനാക്കി.



*ചിത്രം 11.13*

### ആഫ്രിക്കൻ വർഷം

ആഫ്രിക്കൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന വർഷമാണ് 1960. പതിനേഴ് ആഫ്രിക്കൻ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ച ഈ വർഷത്തിന് ദക്ഷിണാഫ്രിക്കയുടെ ചരിത്രത്തിലും വളരെ പ്രാധാന്യമുണ്ട്. പാസ് നിയമങ്ങൾക്കെതിരെ ഷാർപ്പ് വിൽ (Sharp Velle) എന്ന സ്ഥലത്ത് സമരം ചെയ്ത ആൾക്കാരെ കൂട്ടക്കൊല ചെയ്തതും ദക്ഷിണാഫ്രിക്കൻ ഗവൺമെന്റിനെതിരായ സായുധകലാപം ആരംഭിച്ചതും 1960-ൽ ആണ്.

## റോബൻ ദ്വീപ്



ചിത്രം 11.14

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ആൻഡമാൻ ദ്വീപിലെ സെല്ലുലാർ (കാലാപാനി) ജയിലിനുള്ള പ്രാധാന്യമാണ് ദക്ഷിണാഫ്രിക്കൻ ചരിത്രത്തിൽ റോബൻ ദ്വീപിനുള്ളത്. അറസ്റ്റിലാകുന്ന ആഫ്രിക്കൻ ജനനേതാക്കളെ നാടുകടത്താനായി ഉപയോഗിച്ചിരുന്ന ദ്വീപാണിത്. പതിനെട്ട് വർഷം നെൽസൺ മണ്ടേല തടവിൽ കഴിഞ്ഞത് ഇവിടെയാണ്.

വോട്ടവകാശം, വർണ്ണവിവേചനം ഇല്ലാത്ത ഭരണഘടന, പാസ്സ് നിയമങ്ങൾ പിൻവലിക്കൽ എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് വീട്ടിലിരിപ്പ് (Stay-at-home) എന്ന പുതിയ സമരരീതി സംഘടിപ്പിക്കപ്പെട്ടു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസും ദക്ഷിണാഫ്രിക്കൻ ഇന്ത്യൻ കോൺഗ്രസുമാണ് ഈ സമരത്തിന് നേതൃത്വം നൽകിയത്. തദ്ദേശീയരും ഇന്ത്യക്കാരുമായ തൊഴിലാളികൾ ഈ സമരത്തിൽ പങ്കെടുത്തു. രാജ്യത്തെ ഫാക്ടറികൾ, തുണിമില്ലുകൾ, വിദ്യാലയങ്ങൾ ഇവയെല്ലാം അടഞ്ഞു കിടന്നു. ഈ പണിമുടക്ക് വർണ്ണവിവേചന വിരുദ്ധ പ്രസ്ഥാനത്തിന്റെ ഐക്യവും ശക്തിയും വെളിപ്പെടുത്തി. ദക്ഷിണാഫ്രിക്കൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ സുപ്രധാന സമരമായിരുന്നു വീട്ടിലിരിപ്പ് സമരം.

സമാധാനപരമായ സമരങ്ങൾക്ക് ഫലം കാണാത്തതിനെത്തുടർന്ന് നെൽസൺ മണ്ടേല സായുധകലാപങ്ങൾക്ക് ആഹ്വാനം ചെയ്തു.

1964-ൽ അട്ടിമറി, രാജ്യദ്രോഹം, ഗൂഢാലോചന എന്നീ കുറ്റങ്ങളാരോപിച്ച് നെൽസൺ മണ്ടേലയ്ക്ക് ജീവപര്യന്തം തടവ് വിധിച്ചു. റോബൻ ദ്വീപിലും പോൾസ്മൂർ ജയിലിലുമായി തുടർച്ചയായി 26 വർഷം കഠിനമായ ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നു. ലോകരാഷ്ട്രങ്ങൾ ദക്ഷിണാഫ്രിക്കക്കെതിരെ ഉപരോധം ഏർപ്പെടുത്തി. ഐക്യരാഷ്ട്രസംഘടന, 'മനുഷ്യത്വത്തിനെതിരെയുള്ള കുറ്റമാണ് വർണ്ണ വിവേചനം' എന്ന് പ്രമേയം പാസാക്കി. ഇതോടെ നാട്ടിലാകെ കലാപങ്ങൾ പടർന്നു. ജനങ്ങളുടെ പ്രതിഷേധം അടിച്ചമർത്താൻ ഗവൺമെന്റ് 1984-ൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. തുടർന്നുണ്ടായ സംഘർഷങ്ങളിൽ ധാരാളം കറുത്ത വർഗക്കാർ കൊല്ലപ്പെട്ടു.

പ്രക്ഷോഭങ്ങൾ അനിയന്ത്രിതമായപ്പോൾ വർണ്ണവിവേചനം നിർത്തലാക്കാനുള്ള നടപടികൾ ആരംഭിച്ചു. രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കുകയും രാഷ്ട്രീയപ്പാർട്ടികൾക്കുണ്ടായിരുന്ന നിരോധനം നീക്കുകയും ചെയ്തു. 1990 ഫെബ്രുവരി 11-ന് നെൽസൺ മണ്ടേല ജയിൽമോചിതനായി.

1991-ൽ വർണ്ണവിവേചനനയം പിൻവലിക്കപ്പെട്ടു. 1994-ൽ നടന്ന ആദ്യത്തെ ജനകീയ തിരഞ്ഞെടുപ്പിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് ഭൂരിപക്ഷം നേടുകയും നെൽസൺ മണ്ടേല സ്വതന്ത്ര ജനാധിപത്യ ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്ത വർഗക്കാരനായ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ദക്ഷിണാഫ്രിക്കയുടെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉൾപ്പെടുത്തി ചോദ്യങ്ങൾ തയ്യാറാക്കി ചോദ്യോത്തരപ്പയറ്റ് സംഘടിപ്പിക്കുക.

## പ്രസിഡന്റായി സ്ഥാനമേറ്റ നെൽസൺ മണ്ടേല നടത്തിയ പ്രസംഗം

ഞങ്ങൾ, ദക്ഷിണാഫ്രിക്കയിലെ ജനങ്ങൾ, നമ്മുടെ രാജ്യത്തിനും ലോകത്തിനും അറിയാൻ പ്രഖ്യാപിക്കുന്നു: ദക്ഷിണാഫ്രിക്ക, ഈ രാജ്യത്ത് വസിക്കുന്ന കറുപ്പും വെളുപ്പുമുള്ള എല്ലാവർക്കും അവകാശപ്പെട്ടതാണ്. ഇവിടെ ജനങ്ങളുടെ ഇച്ഛയെ അടിസ്ഥാനമാക്കിയുള്ളതല്ലാതെ ഒരു ഗവൺമെന്റിനും ന്യായമായി അധികാരം അവകാശപ്പെടാനാവില്ല.

1994-ലെ സ്വാതന്ത്ര്യ ചാർട്ടറിന്റെ പ്രാരംഭ വാക്കുകൾ.

ഈ പ്രസംഗത്തിലൂടെ ആഫ്രിക്കക്കാർ ഒറ്റജനതയായി നിൽക്കേണ്ടതിന്റെ പ്രാധാന്യം നെൽസൺ മണ്ടേല ഓർമ്മിപ്പിച്ചു.

ഒരേ പ്രദേശത്ത്, വ്യത്യസ്ത വംശങ്ങൾ ഒരുമിച്ചുജീവിക്കുന്ന വർത്തമാനകാലത്ത്, നെൽസൺ മണ്ടേല ഉയർത്തിപ്പിടിച്ച സഹവർത്തിത്വ നിലപാട് ലോകരാഷ്ട്രങ്ങൾക്കെല്ലാം മാതൃകയാണ്.

## തുടർപ്രവർത്തനങ്ങൾ

- ദക്ഷിണാഫ്രിക്കയിൽ വെളുത്ത വർഗക്കാർ നടപ്പിലാക്കിയ കോളനിവൽക്കരണവും വർണ്ണവിവേചനവും കറുത്ത വർഗക്കാരുടെ ജീവിതം എത്രത്തോളം ദുസ്സഹമാക്കിയെന്ന് നിങ്ങൾ കണ്ടല്ലോ. വിവേചനത്തിന്റെ വേരറുക്കാൻ അവർ നടത്തിയ പോരാട്ടങ്ങൾ നാടകരൂപത്തിൽ അവതരിപ്പിക്കുക.
- ദക്ഷിണാഫ്രിക്കയുടെ വർണ്ണവിവേചന വിരുദ്ധ സമരങ്ങളുടെ സംഭവബഹുലമായ നാൾവഴികൾ ഉൾപ്പെടുത്തി ഒരു ടൈം ലൈൻ (Time Line) തയ്യാറാക്കുക.



12

# ചരിത്രത്തിന്റെ ആധാര ശിലകൾ

പ്രാദേശിക ചരിത്രരചനാമത്സരത്തിൽ അനു തയ്യാറാക്കിയ പ്രാദേശിക ചരിത്രത്തിന്റെ ഒരു ഭാഗമാണ് ചുവടെ നൽകിയിട്ടുള്ളത്.

തിരുവനന്തപുരം നഗരത്തിൽ നിന്ന് 15 കിലോമീറ്റർ തെക്കുമാറി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് വിഴിഞ്ഞം. പ്രാചീനകാലം മുതൽക്ക് തന്നെ ചരിത്രപരവും വാണിജ്യപരവുമായ പ്രാധാന്യം ഏറെയുള്ള തീരപ്രദേശമാണിത്. പ്രാചീന തമിഴകത്തെ സുപ്രധാന കേന്ദ്രങ്ങളിൽ ഒന്നായിരുന്നു വിഴിഞ്ഞം എന്ന് സംഘകാല സാഹിത്യകൃതികളിൽ പരാമർശിക്കുന്നു.

ഒരു തുറമുഖം എന്ന നിലയിലും വ്യാപാര കേന്ദ്രം എന്ന നിലയിലും ഈ പ്രദേശം ദക്ഷിണേന്ത്യൻ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക ചരിത്രത്തിന്റെ ഭാഗമാണ്. സി.ഇ. 9-10 നൂറ്റാണ്ടുകളിൽ ദക്ഷിണേന്ത്യയിലെ ആയ് രാജവംശത്തിന്റെ കേന്ദ്രമായിരുന്നു വിഴിഞ്ഞം എന്ന് ശിലാലിഖിതങ്ങളും മറ്റു ചരിത്ര രേഖകളും സൂചിപ്പിക്കുന്നു. ലീലാതിലകത്തിന്റെ വ്യാഖ്യാനത്തിൽ ആറ്റൂർ കൃഷ്ണപിഷാരടി, പാണ്ഡ്യന്മാരാൽ പരാജിതരായ ആയ് കുടുംബം ആയ്ക്കുടി ഉപേക്ഷിച്ചു വിഴിഞ്ഞത്തേക്ക് കുടിയേറിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദ്യോതന സൂരി എന്ന ജൈനമുനി രചിച്ച 'കുവലയമാല' എന്ന കൃതിയിൽ വിഴിഞ്ഞത്തെ 'വിജയപുരി' എന്ന് പരാമർശിച്ചിരിക്കുന്നു. പാണ്ഡ്യരാജാവായ നെടുഞ്ചേഴിയന്റെ ശാസനത്തിൽ ഇവിടുത്തെ കോട്ടയെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്.

സംഘകാലഘട്ടത്തിൽതന്നെ വിഴിഞ്ഞം ഒരു സുപ്രധാന വാണിജ്യ തുറമുഖ

കേന്ദ്രമായിരുന്നു എന്ന് വിദേശ സഞ്ചാര സാഹിത്യ കൃതിയായ 'പെരിപ്ലസ് ഓഫ് ദി എറിത്രിയൻ സീ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കേരള സർവകലാശാല പുരാവസ്തുവകുപ്പ് നടത്തിയ ഉദ്ഖനനങ്ങളിൽ ഈ പ്രദേശത്തിന്റെ സമീപത്തായി നിലനിന്നിരുന്ന കോട്ടയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 'കോട്ടപ്പുറം' എന്ന സ്ഥലനാമം ഇപ്പോഴും വിഴിഞ്ഞത്തിന് സമീപത്തുണ്ട്. ചൈനീസ് നിർമ്മിതവും റോമൻ നിർമ്മിതവുമായ പാത്രങ്ങളുടെയും മറ്റ് വസ്തുക്കളുടെയും അവശിഷ്ടങ്ങൾ, റോമൻ നാണയങ്ങൾ എന്നിവ ഇവിടെനിന്ന് ലഭിച്ചിട്ടുണ്ട്. ഈ പുരാവസ്തു തെളിവുകൾ പ്രാചീനകാലത്തെ വിദേശ വ്യാപാര ബന്ധത്തിന്റെ സൂചനകളായി കണക്കാക്കാം.

ഇവിടെ സ്ഥിതിചെയ്യുന്ന പ്രാചീന ഗുഹാക്ഷേത്രം ഈ പ്രദേശത്തിന്റെ പൗരാണികത വ്യക്തമാക്കുന്നു. വിവിധ ജാതിമത വിഭാഗങ്ങളിൽപ്പെട്ടവർ സഹിഷ്ണുതയോടെ വസിക്കുന്ന ഈ പ്രദേശത്ത് വ്യത്യസ്ത മതസ്ഥരുടെ ധാരാളം ആരാധനാലയങ്ങൾ കാണാം. പ്രാചീന തുറമുഖമായിരുന്ന വിഴിഞ്ഞം ഇന്ന് ആധുനിക സൗകര്യങ്ങളുള്ള ഒരു തുറമുഖ കേന്ദ്രമായി മാറിയിരിക്കുന്നു.

മുകളിൽ നൽകിയിരിക്കുന്ന പ്രാദേശിക ചരിത്രക്കുറിപ്പ് വായിച്ചല്ലോ. ഈ കുറിപ്പ് തയ്യാറാക്കുന്നതിന് ഏതെല്ലാം സ്രോതസ്സുകളെയാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് കണ്ടെത്താമോ?

- പുരാവസ്തു തെളിവുകൾ
- ലിഖിതങ്ങൾ
- സാഹിത്യകൃതികൾ
- 
- 
- 
- 

ഇത്തരത്തിൽ തെളിവുകളെ അടിസ്ഥാനമാക്കി ഭൂതകാലത്തെ ശാസ്ത്രീയമായി രേഖപ്പെടുത്തുന്ന പഠനശാഖയാണ് ചരിത്രം. ചരിത്ര രചനയ്ക്കാവശ്യമായ ഒട്ടേറെ തെളിവുകൾ ഓരോ കാലവും പല രൂപത്തിൽ അവശേഷിപ്പിച്ചിട്ടുണ്ടാകും. അവ സമാഹരിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് ഭൂതകാലത്തെ രേഖപ്പെടുത്തുന്നതാണ് ചരിത്രരചന.

മധ്യകാല ഇന്ത്യയിൽ നിലനിന്നിരുന്ന വിശാലമായ മുഗൾ-വിജയനഗര രാജ്യങ്ങളെക്കുറിച്ചും അവിടുത്തെ ഭരണാധികാരികളെക്കുറിച്ചും മുൻ അധ്യായത്തിൽ നിങ്ങൾ ചർച്ച ചെയ്തല്ലോ. ഇത്തരത്തിൽ വിശാലമായ രാജ്യങ്ങളുടെയും രാജാക്കന്മാരുടെയും ചരിത്രത്തിൽ നിന്ന് വ്യത്യസ്തമായി ഒരു ചെറിയ പ്രദേശത്തിന്റെയോ വ്യക്തിയുടെയോ സംഭവത്തിന്റെയോ സൂക്ഷ്മവും സമഗ്രവുമായ രേഖപ്പെടുത്തലാണ് പ്രാദേശിക ചരിത്രം.

| ചരിത്രം | പ്രാദേശിക ചരിത്രം |
|---|---|
| വിശാലമായ പ്രദേശത്തിന്റെയോ നാടിന്റെയോ രാജ്യത്തിന്റെയോ സംഭവങ്ങളുടെയോ ചരിത്രം രേഖപ്പെടുത്തുന്നു. | ലോക ചരിത്രം, രാജ്യ ചരിത്രം, പ്രവിശ്യാ ചരിത്രം എന്നിവയിൽ നിന്ന് വ്യത്യസ്തമായി ചെറിയ ഭൂപ്രദേശത്തിന്റെയോ വിഷയങ്ങളുടെയോ സംഭവങ്ങളുടെയോ സൂക്ഷ്മമായ ചരിത്രാന്വേഷണമാണിത്. |
| എഴുതപ്പെട്ട രേഖകൾ, പുരാവസ്തു തെളിവുകൾ, ചരിത്ര അവശേഷിപ്പുകൾ എന്നിവ ഉപയോഗപ്പെടുത്തി ചരിത്രം നിർമ്മിക്കുന്നു. | പ്രാദേശിക ആഘോഷങ്ങളും രുചിശീലങ്ങളും ആചാരാനുഷ്ഠാനങ്ങളും വാമൊഴി വഴക്കങ്ങളും ചരിത്ര രചനയുടെ ഭാഗമാകുന്നു. |
| ഭൂതകാല സംഭവങ്ങൾ, സംസ്കാരങ്ങൾ, സമൂഹങ്ങൾ എന്നിവയെ വിശാലമായ കാഴ്ചപ്പാടിൽ വിലയിരുത്തുന്നു. | ചരിത്രത്തെ ജനാധിപത്യവൽക്കരിച്ച് മുഖ്യധാരാചരിത്രത്തിൽ ഇടം കിട്ടാതെപോയ പ്രദേശങ്ങൾക്കും ജനവിഭാഗങ്ങൾക്കും സംഭവങ്ങൾക്കും അർഹമായ പ്രാതിനിധ്യം നൽകുന്നു. |

കൂടുതൽ വിവരങ്ങൾ കണ്ടെത്തി 'ചരിത്രവും പ്രാദേശിക ചരിത്രവും' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കുക.

## ചരിത്ര സ്രോതസ്സുകൾ

വിവിധങ്ങളായ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയാണ് ചരിത്രരചന നിർവഹിക്കുന്നത് എന്ന് നിങ്ങൾ കണ്ടല്ലോ. ചരിത്രത്തെക്കുറിച്ച് നമുക്ക് വിവരം നൽകുന്ന എന്തിനെയും ചരിത്രരചനയ്ക്കുള്ള സ്രോതസ്സുകൾ എന്ന് വിളിക്കാം. നിശ്ചിത കാലഘട്ടവുമായി ബന്ധപ്പെട്ടതും ഉപയുക്തമായ വിവരങ്ങൾ നമുക്ക് നൽകുന്നതുമായ ഏതൊരു വസ്തുവും ഒരു ചരിത്ര സ്രോതസ്സാണ്.

ചരിത്രരചനയ്ക്ക് പ്രയോജനകരമായ പ്രധാന സ്രോതസ്സുകളെ നമുക്ക് പരിചയപ്പെടാം.

ചരിത്ര സ്രോതസ്സുകൾ →

- പുരാവസ്തുക്കൾ
- സ്മാരകങ്ങൾ
- സാഹിത്യകൃതികൾ
- സഞ്ചാരക്കുറിപ്പുകൾ
- പത്രങ്ങൾ
- ഔദ്യോഗിക രേഖകൾ

## പുരാവസ്തുശാസ്ത്രപരമായ സ്രോതസ്സുകൾ

പുരാവസ്തുശാസ്ത്രപരമായ സ്രോതസ്സുകൾ അവ നിർമ്മിക്കപ്പെട്ട കാലഘട്ടത്തിലെ ജീവിതത്തെക്കുറിച്ച് വിവരങ്ങളോ തെളിവുകളോ നൽകുന്നവയാണ്. അവയിൽ പ്രധാനപ്പെട്ട സ്രോതസ്സുകളെ നമുക്ക് പരിചയപ്പെട്ടാലോ.




### ശിലാസ്മാരകങ്ങൾ

നമുക്ക് ചുറ്റും കാണുന്ന ഓരോ കല്ലിനും ഓരോ കഥ പറയാനുണ്ടാകും. വലിയ കല്ലുകൾ കൊണ്ട് നിർമ്മിച്ച ധാരാളം സ്മാരകങ്ങളുടെ അവശേഷിപ്പുകൾ നമ്മുടെ പൂർവികർ ഇവിടെ ഉപേക്ഷിച്ചുപോയിട്ടുണ്ട്.

തന്നിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കുക.



*കുടക്കല്ല്* *തൊപ്പിക്കല്ല്* *മുനിയറ*

*ചിത്രങ്ങൾ 12.1*

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെടുത്ത ചരിത്രശേഷിപ്പുകളാണ് ഈ ശിലാസ്മാരകങ്ങൾ. വലിയ ശിലകൾ കൊണ്ട് നിർമ്മിച്ചതിനാൽ ഇവയെ മഹാശിലാസ്മാരകങ്ങൾ എന്നാണ് വിളിക്കുന്നത്. പുരാതന മനുഷ്യർ നിർമ്മിച്ച ഈ സ്മാരകശിലകൾ

പോയകാലത്തെ ചരിത്രം നമ്മോട് പറയുന്നുണ്ട്. ഇടുക്കി ജില്ലയിലെ മറയൂർ, തൃശ്ശൂർ ജില്ലയിലെ ചിറമനങ്ങാട്, മലപ്പുറം ജില്ലയിലെ തവനൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഇത്തരത്തിലുള്ള ശിലാസ്മാരകങ്ങളുടെ ശേഷിപ്പുകൾ ലഭിച്ചിട്ടുണ്ട്. നമ്മുടെ പൂർവികരുടെ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്യാനാണ് ഇവ ഉപയോഗിച്ചിരുന്നത്.



ചിത്രം 12.2

### നന്നങ്ങാടികൾ

മഹാശിലാ കാലഘട്ടത്തിൽ ശവസംസ്കാരത്തിനുപയോഗിച്ചിരുന്ന വലിയ കളിമൺ ഭരണികളാണ് നന്നങ്ങാടികൾ. ഭൗതികാവശിഷ്ടം അടക്കം ചെയ്ത് മണ്ണിനടിയിൽ മൂടുന്ന ഭരണികളാണിവ.

### ഗുഹകൾ

കേരളത്തിന്റെ പ്രാചീന ചരിത്രത്തെക്കുറിച്ച് വെളിച്ചം വീശുന്നവയാണ് ഗുഹകൾ. പ്രകൃതിദത്തമായ ഇത്തരം ഗുഹകളിൽ ചരിത്രാതീതകാലത്തെ മനുഷ്യ ജീവിതത്തെ സൂചിപ്പിക്കുന്ന ചിത്രങ്ങളും മറ്റും ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. എടയ്ക്കൽ (വയനാട്), മറയൂർ (ഇടുക്കി), ആങ്കോട് (തിരുവനന്തപുരം), തെന്മല, കോട്ടുക്കൽ (കൊല്ലം) എന്നിവിടങ്ങളിൽ ചില പ്രധാന ഗുഹകൾ സ്ഥിതി ചെയ്യുന്നു. ഇത്തരത്തിൽ കേരളത്തിലെ ചരിത്രപ്രാധാന്യമുള്ള പുരാവസ്തുക്കളെ സംരക്ഷിക്കുന്നത് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും കേരള ആർക്കിയോളജി വകുപ്പുമാണ്.

### എടയ്ക്കൽ ഗുഹ



ചിത്രം 12.3

പ്രാചീന മനുഷ്യർ ഉപയോഗിച്ചിരുന്ന കേരളത്തിലെ പ്രധാനപ്പെട്ട ഗുഹകളിൽ ഒന്നാണ് എടയ്ക്കൽ ഗുഹ. വയനാട് ജില്ലയിലെ സുൽത്താൻബത്തേരിയിൽ നിന്ന് 10 കിലോമീറ്റർ അകലെയാണ് എടയ്ക്കൽ ഗുഹ. ഇവിടുത്തെ ചുമരുകളിൽ കൊത്തിയിരിക്കുന്ന ഗുഹാചിത്രങ്ങൾ ശിലായുഗത്തിലെ മനുഷ്യരെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.

നിങ്ങളുടെ പ്രദേശത്ത് ശിലാസ്മാരകങ്ങൾ നിലനിൽക്കുന്നുണ്ടോ? നിങ്ങൾക്കറിയാവുന്ന ശിലാസ്മാരകത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

## പുരാലിഖിതങ്ങൾ

ഒരു പ്രതലത്തിൽ വരച്ചതോ കൊത്തിവച്ചതോ ആയ സന്ദേശമോ വാചകമോ ആണ് ലിഖിതങ്ങൾ. വ്യത്യസ്ത പ്രതലങ്ങളിലാണ് ലിഖിതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

പുരാലിഖിതങ്ങൾ



ലോഹത്തകിടുകൾ



ശിലകൾ



ഓലകൾ

*ചിത്രങ്ങൾ 12.4*

### ലിഖിതപഠനം
(Epigraphy)

ശിലകൾ, ലോഹത്തകിടുകൾ, ഓലകൾ തുടങ്ങിയവയിലെ എഴുത്തുകളെ ക്കുറിച്ചുള്ള പഠനമാണ് ലിഖിതപഠനം.

ഇത്തരത്തിൽ കേരളത്തിലങ്ങോളമിങ്ങോളം ധാരാളം ലിഖിതങ്ങൾ കണ്ടെടുത്തിട്ടുണ്ട്. തരിസാപ്പള്ളി ലിഖിതം (കൊല്ലം), ജൂത ശാസനം (മട്ടാഞ്ചേരി), പാലിയം ശാസനം (ആലപ്പുഴ) എന്നിവ കേരളത്തിലെ പ്രധാന ലിഖിതങ്ങളാണ്. കേരളത്തിൽ പുരാലിഖിതങ്ങളുടെ ശേഖരണവും സംരക്ഷണവും കേരള ആർക്കൈവ്സ് വകുപ്പാണ് നിർവഹിക്കുന്നത്.




*ചിത്രം 12.5*

നിങ്ങളുടെ വിദ്യാലയത്തിലെ ശിലാഫലകം ശ്രദ്ധിക്കൂ. നിങ്ങളുടെ സമീപത്തുള്ള പൊതുകെട്ടിടങ്ങളിലും ആരാധനാലയങ്ങളിലും ഇത്തരത്തിലുള്ള ശിലാഫലകങ്ങൾ കണ്ടിട്ടുണ്ടാകുമല്ലോ. ശിലാഫലകത്തിൽ നിന്നും ആ സ്ഥാപനത്തിന്റെ ചരിത്രരചനയ്ക്ക് സഹായകരമായ എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുക?

## കോട്ടകളും കൊട്ടാരങ്ങളും

രാജ്യസുരക്ഷ, സൈനികാവശ്യങ്ങൾ, വ്യാപാരം എന്നിവയ്ക്കായി നിർമ്മിച്ചിരുന്ന കോട്ടകളെ ചരിത്ര രചനയ്ക്കുള്ള പ്രധാന സ്രോതസ്സുകളായി പ്രയോജനപ്പെടുത്താം. കേരളത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളെക്കുറിച്ചും ഭരണാധികാരികളെക്കുറിച്ചും കോട്ടകൾ നമുക്ക് വിവരം നൽകുന്നു. ബേക്കൽ കോട്ട, കണ്ണൂർ കോട്ട, പാലക്കാട് കോട്ട, അഞ്ചുതെങ്ങ് കോട്ട തുടങ്ങിയവ കേരളത്തിലെ പ്രധാന കോട്ടകളാണ്. നിങ്ങളുടെ നാട്ടിൽ ഇതുപോലുള്ള കോട്ടകൾ നിലവിലുണ്ടോ?

കോട്ടകളെപ്പോലെ തന്നെ ചരിത്രപ്രാധാന്യമുള്ളതാണ് കൊട്ടാരങ്ങൾ. കേരളത്തിലെ ചില പ്രധാന കൊട്ടാരങ്ങളുടെ പേരുകൾ ചുവടെ നൽകുന്നു. നിങ്ങൾക്കറിയാവുന്ന കൊട്ടാരങ്ങൾ ഉൾപ്പെടുത്തി പട്ടിക വിപുലപ്പെടുത്തൂ.

- പത്മനാഭപുരം കൊട്ടാരം
- മട്ടാഞ്ചേരി പാലസ്
- കിളിമാനൂർ കൊട്ടാരം
- അറയ്ക്കൽ കൊട്ടാരം
- കൃഷ്ണപുരം കൊട്ടാരം
- 
- 



*ചിത്രം 12.6*

### ബേക്കൽ കോട്ട

17-ാം നൂറ്റാണ്ടിൽ നിർമ്മിച്ച, കേരളത്തിലെ ഏറ്റവും വലിയ കോട്ടയായ ബേക്കൽ കോട്ട, കാസർഗോഡ് ജില്ലയിൽ പള്ളിക്കര വില്ലേജിൽ സ്ഥിതിചെയ്യുന്നു. ഈ കോട്ടയ്ക്കുള്ളിൽ ആയുധപ്പുരകൾ, കടലിലേക്ക് തുറന്നിരിക്കുന്ന കിളിവാതിലുകൾ, കടൽവഴിവരുന്ന ശത്രുക്കളെ നേരിടാനുള്ള ഇടങ്ങൾ, രഹസ്യഭൂഗർഭ അറകൾ, ഒളിത്താവളങ്ങൾ, ജലസംഭരണി എന്നിവയുണ്ട്.

നിങ്ങളുടെ ജില്ലയിലും കോട്ടകളോ കൊട്ടാരങ്ങളോ ഉണ്ടാകുമല്ലോ? അവയെക്കുറിച്ച് ഒരു ലഘു ചരിത്രവിവരണം തയ്യാറാക്കുക.

## നാണയങ്ങൾ

നാണയങ്ങൾ പ്രധാന ചരിത്ര സ്രോതസ്സുകളാണ്. നിർമ്മിക്കപ്പെട്ട കാലഘട്ടത്തിലെ സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക ചരിത്രത്തെക്കുറിച്ച് അവ നമുക്ക് അറിവ് നൽകുന്നു. നാണയങ്ങളെക്കുറിച്ചുള്ള പഠനത്തിന് നാണയശാസ്ത്രം (Numismatics) എന്നാണ് പറയുന്നത്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിച്ച നാണയങ്ങളുടെ ചിത്രങ്ങളാണ് ചുവടെ കാണുന്നത്. കാശ്, അച്ച്, പണം, അനന്തരായൻ പണം, സുൽത്താൻ കാശ് തുടങ്ങിയ പേരുകളിൽ അവ അറിയപ്പെടുന്നു. വിവിധ കാലങ്ങളിൽ പുറത്തിറങ്ങിയ ഈ നാണയ

ങ്ങളിൽ നിന്ന് നമുക്ക് എന്തൊക്കെ കാര്യങ്ങൾ വായിച്ചെടുക്കാൻ കഴിയും?

- നാണയം നിർമ്മിക്കപ്പെട്ട കാലഘട്ടം
- നാണയം പുറത്തിറക്കിയ ഭരണാധികാരികൾ
- 
- 
- 




*ചിത്രങ്ങൾ 12.7*

### വീരരായൻ പണം



*ചിത്രം 12.8*

കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരിമാരുടെ കാലത്ത് പ്രചാരത്തിലിരുന്ന നാണയമാണ് വീരരായൻ പണം. പഴയ വീരരായൻ, പുതിയ വീരരായൻ എന്നീ രണ്ട് വിധത്തിൽ നാണയങ്ങൾ നിലവിലുണ്ടായിരുന്നു. 1667-മുതൽക്കാണ് ഈ നാണയങ്ങൾ അടിച്ചിറക്കാൻ തുടങ്ങിയത്. സ്വർണത്തിൽ നിർമ്മിച്ച ഈ നാണയത്തെ വിദേശീയർ 'പൊൻപണം' എന്നാണ് വിളിച്ചിരുന്നത്. വൈഷ്ണവർ ഉപയോഗിച്ചിരുന്ന നാമകുറി, സൂര്യന്റെ അടയാളം, സിംഹത്തിന്റെ അടയാളം തുടങ്ങിയവ ഇതിൽ കാണാവുന്നതാണ്.

'പുരാവസ്തുശാസ്ത്രപരമായ സ്രോതസ്സുകൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസിൽ സെമിനാർ സംഘടിപ്പിക്കുക.

## ചരിത്ര സ്മാരകങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കുക. ഓരോ പ്രദേശത്തിന്റെയും സാമ്പത്തിക സാംസ്കാരിക ചരിത്രത്തിലേക്ക് നമ്മെ നയിക്കുന്ന സ്രോതസ്സുകളാണിവ.




*തളി ക്ഷേത്രം*



*മിശ്കാൽ പള്ളി*




*ദേവമാതാ കത്തീഡ്രൽ*



*കടൽപ്പാലം*

*ചിത്രങ്ങൾ 12.9*

കോഴിക്കോട്ടെ ചില ചരിത്രസ്മാരകങ്ങളുടെ ചിത്രങ്ങളാണിവ. സാമൂതിരിയുടെ കാലത്ത് പ്രസിദ്ധമായ രേവതി പട്ടത്താനം എന്ന പണ്ഡിതസദസ്സ് നടത്തിയിരുന്നത് തളി ക്ഷേത്രത്തിൽ വച്ചായിരുന്നു. പോർച്ചുഗീസുകാർക്കെതിരെയുള്ള സാമൂതിരിയുടെ പ്രധാന യുദ്ധകേന്ദ്രമായിരുന്നു മിശ്കാൽ പള്ളി. കോഴിക്കോട്ടെ പോർച്ചുഗീസ് സാന്നിധ്യത്തിന്റെ സ്മാരകമാണ് 1513-ൽ നിർമ്മിച്ച ദേവമാതാ കത്തീഡ്രൽ. കടൽ പാലങ്ങൾ നൂറ്റാണ്ടുകളായി വിവിധ വിദേശ രാജ്യങ്ങളുമായി കോഴിക്കോടിനുണ്ടായിരുന്ന വ്യാപാരബന്ധത്തിന് തെളിവാണ്.

ഇങ്ങനെ കേരളത്തിലുടനീളം ധാരാളം സ്മാരകങ്ങൾ കാണാം. ഇത്തരം ചരിത്രസ്മാരകങ്ങൾ ഓരോന്നും പോയകാലത്തിന്റെ ചരിത്രം നമ്മോട് പറയും.

**ചരിത്രസ്മാരകങ്ങൾ**

ജില്ലകൾ കണ്ടെത്തി എഴുതൂ



കരുമാടിക്കുട്ടൻ സ്മാരകം

-----------------------------



ചന്ദ്രഗിരിക്കോട്ട

-----------------------------



സിനഗോഗ്

-----------------------------



പുനലൂർ തൂക്കുപാലം

-----------------------------



വാഗൺ ട്രാജഡി സ്മാരകം

-----------------------------

*ചിത്രങ്ങൾ 12.10*

## സാഹിത്യസ്രോതസ്സുകൾ

ലഭ്യമായ ചരിത്രരചനാ സ്രോതസ്സുകളിൽ പ്രധാനപ്പെട്ട ഒന്നാണ് സാഹിത്യസ്രോതസ്സുകൾ. വ്യത്യസ്ത പ്രമേയമുള്ള നിരവധി സാഹിത്യകൃതികൾ ചരിത്രത്തിന്റെ പുനർനിർമ്മാണത്തിൽ നമ്മെ സഹായിക്കുന്നവയാണ്.

'കടൽ മകളായ കന്യക ഈ നഗരത്തിൽ വാസമുറപ്പിച്ചതുകൊണ്ടാണത്രേ, കടലമ്മ ദ്വീപാന്തരങ്ങളിൽ നിന്ന് രത്നങ്ങളൊക്കെ ചുമന്നുകൊണ്ടു വരുന്ന കപ്പലുകളെ തിരമാലകൾ കൊണ്ട് തട്ടിത്തട്ടി കോഴിക്കോട്ട് എത്തിച്ചിരുന്നത്.'

-കോകില സന്ദേശം.

പതിനഞ്ചാം നൂറ്റാണ്ടിൽ ഉദ്ദണ്ഡ ശാസ്ത്രികൾ രചിച്ച 'കോകിലസന്ദേശ'മെന്ന സംസ്കൃത സന്ദേശകാവ്യത്തിൽ കോഴിക്കോടിനെ കുറിച്ചെഴുതിയ ഒരു ശ്ലോകത്തിന്റെ ആശയം വായിച്ചുനോക്കൂ.



### സംഘസാഹിത്യകൃതികൾ

കേരളത്തിന്റെ പ്രാചീനചരിത്രത്തെക്കുറിച്ച് വെളിച്ചം വീശുന്ന സാഹിത്യ സ്രോതസ്സുകളാണ് തമിഴിൽ രചിക്കപ്പെട്ട സംഘസാഹിത്യകൃതികൾ. പതിറ്റുപ്പത്ത്, പുറനാനൂറ്, അകനാനൂറ്, കുറുംതൊകൈ, നറ്റിനൈ തുടങ്ങിയവ പ്രധാന സംഘസാഹിത്യ കൃതികളാണ്.

ഇതുപോലെ വിവിധ ഭാഷകളിലായി വിവിധ കാലഘട്ടത്തിൽ രചിക്കപ്പെട്ട ധാരാളം സാഹിത്യകൃതികൾ നമുക്ക് ലഭ്യമാണ്. ഈ കൃതികൾ രചിക്കപ്പെട്ട കാലത്തിന്റെ ചരിത്രം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. ഉദാഹരണത്തിന് 12-15 നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട 'മണിപ്രവാള കൃതികൾ' ആ കാലഘട്ടത്തിലെ നാടുവാഴി വ്യവസ്ഥയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും നമുക്ക് വിവരം നൽകുന്നു. മലബാറിൽ നിന്നുള്ള 'വടക്കൻ പാട്ടുകൾ' മധ്യകാല ചരിത്രത്തിലെ സാധാരണ മനുഷ്യരുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ' മലബാറിലെ സാമൂഹ്യ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു.

## സഞ്ചാരക്കുറിപ്പുകൾ

'ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും കച്ചവടക്കപ്പലുകൾ ഏറ്റവും വിശിഷ്ടങ്ങളായ സാധനങ്ങളുമായി ഇവിടെ വരികയും എളുപ്പത്തിൽ അവ വിറ്റഴിക്കുകയും ചെയ്തിരുന്നു. നഗരത്തിലെ രക്ഷാനടപടികളും നീതിപാലനവും ഏറ്റവും കാര്യക്ഷമമായി നടത്തിവരുന്നു. അതുകൊണ്ട് വിദേശങ്ങളിൽ നിന്നും ചരക്കുകളുമായിവരുന്ന വ്യാപാരികൾക്ക് യാതൊരു ഭയവുമില്ല. കമ്പോളത്തിലെ മുഴുവൻ ഉത്തരവാദിത്വവും രാജാവിനാണ്. കമ്പോളത്തിലെത്തിക്കുന്ന ചരക്കുകളുടെ നാൽപ്പതിലൊരുഭാഗം ചുങ്കമായികൊടുക്കണം. ഏതെങ്കിലും വ്യാപാരി മരണപ്പെടുകയോ ചരക്കുകൾ കയറ്റിയ കപ്പൽ പൊളിഞ്ഞ് അതിലെ ചരക്കുകൾ തുറമുഖത്ത് അടുക്കുകയോ ചെയ്താൽ ആ ചരക്കുകളെ സംബന്ധിച്ച് യാതൊരു കൃത്രിമവും ഉണ്ടാകുന്നതല്ല. ഇവിടെ നിന്ന് പ്രധാനമായും കയറ്റി അയക്കുന്നത് കുരുമുളകാണ്. ഇവിടുത്തുകാർ സമുദ്രവ്യാപാരത്തിൽ സമർഥരാണ്.'

*പേർഷ്യൻ സഞ്ചാരിയായ അബ്ദുർ റസാഖിന്റെ സഞ്ചാരക്കുറിപ്പിൽ നിന്ന്.*

മുകളിൽ കൊടുത്തിരിക്കുന്ന സഞ്ചാരക്കുറിപ്പ് വായിച്ചല്ലോ.

പതിനഞ്ചാം നൂറ്റാണ്ടിൽ കോഴിക്കോട്ട് വന്ന പേർഷ്യൻ സഞ്ചാരിയായ അബ്ദുർ റസാഖ് കോഴിക്കോട് തുറമുഖത്തെക്കുറിച്ച് പറയുന്ന വിവരണമാണിത്. എന്തൊക്കെ കാര്യങ്ങളാണ് ഈ വിവരണത്തിൽ നിന്ന് നിങ്ങൾക്ക് കണ്ടെത്താനാവുന്നത്?

-
-
-

പ്രാദേശിക ചരിത്ര രചനയിൽ സുപ്രധാന പങ്കുവഹിക്കുന്നവയാണ് സഞ്ചാരക്കുറിപ്പുകൾ. പ്രത്യേക സ്ഥലങ്ങൾ, സംഭവങ്ങൾ, സംസ്കാരങ്ങൾ എന്നിവയുടെ നേരനുഭവങ്ങൾ നൽകാൻ സഞ്ചാരക്കുറിപ്പുകൾക്ക് കഴിയുന്നു. ഒരു പ്രദേശത്തിന്റെ ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ഘടന, സാമൂഹിക ജീവിതം എന്നിവയിലേക്ക് ഇത് വെളിച്ചം വീശുന്നു.

| കേരളത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ള ചില വിദേശസഞ്ചാരികൾ | |
|---|---|
| **സഞ്ചാരി** | **ദേശം/രാജ്യം** |
| മെഗസ്തനിസ് | ഗ്രീസ് |
| സുലൈമാൻ | പേർഷ്യ |
| അബ്ദുർ റസാഖ് | പേർഷ്യ |
| മാർകോപോളോ | വെനീസ് |
| ഇബ്നു ബത്തൂത്ത | മൊറോക്കോ |
| നിക്കോളോ കോണ്ടി | വെനീസ് |
| മാഹ്വാൻ | ചൈന |
| ബാർബോസ | പോർട്ടുഗൽ |



*ചിത്രം 12.11*
മാർകോ പോളോ



*ചിത്രം 12.12*
ഇബ്നു ബത്തൂത്ത

സ്കൂൾ ലൈബ്രറിയിൽ നിന്ന് സഞ്ചാര സാഹിത്യകൃതികൾ കണ്ടെത്തി കേരളവുമായി ബന്ധപ്പെട്ട ഭാഗം വായിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കുക.

## ആത്മകഥകളും ജീവചരിത്രങ്ങളും

ചരിത്രരചനയ്ക്ക് ഉപയോഗിക്കാവുന്ന സാഹിത്യസ്രോതസ്സുകളാണ് മിക്ക ആത്മകഥകളും ജീവചരിത്രങ്ങളും.




*ചിത്രം 12.13*

"ഞാൻ ആദ്യമായി ഒരുടുപ്പിട്ടത് അമ്പലപ്പുഴ സ്കൂളിൽ പോയപ്പോഴാണ്. കേമ്പിരിത്തുണികൊണ്ടു രണ്ടുടുപ്പ് തയ്പിച്ചു... വസ്തുങ്ങൾ തേയ്ക്കുന്ന ഏർപ്പാട് ഞങ്ങളുടെ നാട്ടിലന്നില്ല. നല്ല കഞ്ഞിപ്പശയിൽ നീലം ചേർത്ത് മുണ്ടു പിഴിഞ്ഞുണക്കും. പിന്നീട് ഉരുളൻ തടികൊണ്ട് തുണി മടക്കിത്തല്ലി ഒതുക്കിയെടുക്കും... ആദ്യമായി തേയ്ച്ച ഷർട്ടിട്ടതു തിരുവനന്തപുരം ലാക്കോളജിൽ ചേർന്നതിനു ശേഷമാണെന്നു തോന്നുന്നു. സോപ്പ് തകഴിയിൽ അക്കാലത്ത് അപൂർവവസ്തുവാണ്. തെങ്ങിൻമടൽ കത്തിച്ച ചാരം തെളിയൂറ്റി എടുത്ത് അതിലാണു മുണ്ട് വെളുപ്പിച്ചിരുന്നത്".

(അവലംബം: ആത്മകഥ തകഴി, പേജ് 47)

മുകളിൽ നൽകിയിരിക്കുന്നതുപോലെയുള്ള ആത്മകഥകളും ജീവചരിത്രങ്ങളും അത് എഴുതിയ പ്രദേശത്തിന്റെ/കാലത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് വിവരങ്ങൾ നൽകുന്നവയാണ്.

ക്ലാസ് ലൈബ്രറിയിൽ സജ്ജീകരിച്ചിരിക്കുന്ന ആത്മകഥകളും ജീവചരിത്രങ്ങളും പരിശോധിച്ച് ചരിത്രരചനയ്ക്ക് സഹായകമായ ഭാഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

## വർത്തമാനപത്രങ്ങൾ


ഇന്നുമുതൽ സ്വതന്ത്രരാഷ്ട്രം
ഞങ്ങളുടെ മംഗളാശംസ

അർധരാത്രിയിൽ സ്വാതന്ത്ര്യം
യൂണിയൻ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി ഇൻഡ്യയുടെ പരമാധികാരം ഏറ്റെടുത്തു
കൽക്കത്തയിൽ ബാപ്പുജിക്ക് ഉപവാസം

*ചിത്രങ്ങൾ 12.14*

ദൈനംദിന സംഭവങ്ങൾ അറിയാൻ നാമിന്ന് പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ നവമാധ്യമങ്ങൾ തുടങ്ങിയവയെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഈ പത്രങ്ങൾ കാലക്രമേണ ചരിത്രമറിയാനുള്ള പ്രധാന ഉപാധിയായി മാറും. ഇന്ത്യയിലെ വിദേശാധിപത്യത്തിന്റെ ചരിത്രം മനസ്സിലാക്കാൻ ചരിത്രവിദ്യാർഥികൾ ഉപയോഗപ്പെടുത്തുന്ന പ്രധാന സ്രോതസ്സാണ് അക്കാലത്തെ വർത്തമാനപത്രങ്ങൾ. കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക ചരിത്രത്തിന്റെ എല്ലാവശങ്ങളെക്കുറിച്ചറിയാനും പത്രങ്ങൾ നമ്മെ സഹായിക്കുന്നുണ്ട്.

നിങ്ങളുടെ പ്രദേശത്തെക്കുറിച്ച്/അവിടെ നടന്ന സംഭവങ്ങളെക്കുറിച്ച് പത്രത്തിൽ വന്നിട്ടുള്ള വാർത്തകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുക.

## പ്രാദേശിക ചരിത്രരചനയിലേക്ക്

ഒരു നിശ്ചിതപ്രദേശത്തെ മുൻകാല സംഭവങ്ങളെക്കുറിച്ചുള്ള പഠനമാണ് പ്രാദേശിക ചരിത്രം. നാം ഇതുവരെ പരിചയപ്പെട്ട ചരിത്ര സ്രോതസ്സുകൾ പ്രധാനമായും മുഖ്യധാരാ ചരിത്ര രചനയ്ക്കാണ് സഹായകമാകുന്നത്. പ്രാദേശിക ചരിത്രരചനയ്ക്കായി നമ്മെ സഹായിക്കുന്ന മറ്റുചില സ്രോതസ്സുകൾ ഇനി നമുക്ക് പരിചയപ്പെടാം.



## പ്രാദേശിക നിരീക്ഷണം

പ്രാദേശിക ചരിത്രരചന ചെറിയൊരു പ്രദേശത്തിന്റെയോ സംഭവത്തിന്റെയോ സൂക്ഷ്മ പഠനമാണ്. ഒരു പ്രദേശത്തിന്റെ സൂക്ഷ്മവശങ്ങൾ തിരിച്ചറിയാൻ പ്രാദേശിക നിരീക്ഷണം നമ്മെ സഹായിക്കുന്നു. ഒരു പ്രാദേശിക സമൂഹം നിലനിൽക്കുന്ന ഭൂപ്രദേശം, അവിടത്തെ ഭൂമിശാസ്ത്ര പ്രത്യേകതകൾ, ദിക്ക്, സസ്യ-ജന്തുജാലങ്ങൾ, തണ്ണീർത്തടങ്ങൾ, കൃഷിരീതികൾ തുടങ്ങിയ വൈവിധ്യങ്ങൾ മനസ്സിലാക്കാൻ പ്രാദേശിക നിരീക്ഷണം നടത്തേണ്ടത് അത്യാവശ്യമാണ്.




നിങ്ങൾ താമസിക്കുന്ന പ്രദേശത്ത് നിരീക്ഷണം നടത്തി ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കൂ.

| | |
|---|---|
| പ്രദേശത്തിന്റെ പേര് : | താലൂക്ക് : |
| വില്ലേജ് : | ജില്ല : |

| | |
|---|---|
| മണ്ണിനങ്ങൾ : | സ്ഥാപനങ്ങൾ : |
| സസ്യജാലങ്ങൾ : | ഗതാഗത-വാർത്താ വിനിമയ മാർഗങ്ങൾ : |
| ജന്തുജാലങ്ങൾ : | ആരാധനാലയങ്ങൾ : |
| കൃഷിയിനങ്ങൾ : | ഉത്സവങ്ങൾ : |
| കൃഷിരീതികൾ : | ആഹാരരീതികൾ : |
| തൊഴിൽ : | വസ്ത്രധാരണം : |
| ജലസ്രോതസ്സുകൾ : | വിനോദങ്ങൾ : |
| | സാഹിത്യകൃതികൾ : |
| | കലകൾ : |

## ഓർമ്മകൾ (വാമൊഴി)

നേരനുഭവങ്ങൾ ഉള്ള തലമുറയിൽ നിന്ന് സ്വീകരിക്കുന്ന മൊഴികളാണ് വാമൊഴി ചരിത്രങ്ങൾ. പ്രാദേശിക ചരിത്രരചന നടത്താൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തെ മുതിർന്ന ആളുകളുടെ ഓർമ്മകൾ ശേഖരിക്കുക ഏറെ പ്രധാനമാണ്. ഒരു പ്രദേശവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, ഗതാഗതമാർഗങ്ങൾ, വസ്ത്രധാരണരീതി, രുചിശീലങ്ങൾ തുടങ്ങി ചരിത്രരചനയ്ക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ വാമൊഴി വിവരണങ്ങൾ അനിവാര്യമാണ്. ഇവയെക്കുറിച്ചുള്ള വ്യക്തികളുടെ ഓർമ്മകൾ ചരിത്രത്തെ പുനർനിർമ്മിക്കാൻ നമ്മെ സഹായിക്കും. സമൂഹത്തിൽ നിലനിന്നിരുന്ന സമ്പ്രദായങ്ങളും പിൽക്കാലത്തുണ്ടായ മാറ്റങ്ങളും വിശകലനം ചെയ്യാൻ ഈ ഓർമ്മകൾ സഹായിക്കുന്നു. വാമൊഴി സ്രോതസ്സുകളെ മറ്റുസ്രോതസ്സുകളോടൊപ്പം ചേർത്തുവച്ച് പരിശോധിച്ച് വിശ്വാസ്യത ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.



നിങ്ങളുടെ വീട്ടിലെ/പ്രദേശത്തെ മുതിർന്നവരോട് വിവരങ്ങൾ ചോദിച്ചറിഞ്ഞ് പ്രാദേശിക വിവരപ്പട്ടിക തയ്യാറാക്കുക.

| | പഴയത് | പുതിയത് |
|---|---|---|
| ദേശത്തിന്റെ പേര് | | |
| സ്ഥാപനങ്ങൾ | | |
| തൊഴിൽ | | |
| കൃഷി | | |
| വസ്ത്രധാരണം | | |
| രുചിശീലങ്ങൾ | | |
| ഗതാഗതമാർഗങ്ങൾ | | |

## സ്ഥലനാമ ചരിത്രം

നിങ്ങളുടെ നാടിന്റെ പേര് എങ്ങനെ രൂപപ്പെട്ടതാണ്?

ഉദാഹരണത്തിന് കോഴിക്കോടിന് ആ പേര് എങ്ങനെ കിട്ടി? 'കോയിൽ' (കൊട്ടാരം) എന്നും 'കോട്ട' എന്നുമുള്ള രണ്ടു പദങ്ങൾ ചേർന്ന 'കോയിൽകോട്ട' എന്നായിരുന്നു പഴയ പേര്. കോയിൽ എന്നാൽ കൊട്ടാരം എന്നാണ് അർഥം. കോട്ട കൊണ്ട് സംരക്ഷിച്ച കൊട്ടാരമെന്നാണ് കോയിൽ കോട്ട എന്ന പേരുകൊണ്ട് അർഥമാക്കുന്നത്. ഇത് പിന്നീട് കോഴിക്കോട് എന്നായിമാറിയെന്ന് ചരിത്രകാരർ പറയുന്നു. തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി, തങ്കശ്ശേരി എന്നീ സ്ഥലനാമങ്ങൾ ശ്രദ്ധിക്കൂ. കേരളത്തിൽ അങ്ങോളമിങ്ങോളം 'ഊര്' അല്ലെങ്കിൽ 'ചേരി' എന്നീ വാക്കുകളിൽ അവസാനിക്കുന്ന സ്ഥലപ്പേരുകൾ ധാരാളമുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സ്ഥലനാമ രൂപീകരണത്തിൽ സ്വാധീനം ചെലുത്താറുണ്ട്.

നിങ്ങളുടെ നാടിന് ആ പേരു വന്ന വഴിയെക്കുറിച്ച് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കി സ്കൂൾ വിക്കിയിൽ ചേർക്കുക.

## കുടുംബ ചരിത്രം

കുടുംബങ്ങളുടെ ചരിത്രവും പ്രാദേശിക ചരിത്രരചനയിൽ പ്രാധാന്യമർഹിക്കുന്ന ഒരു സാഹിത്യസ്രോതസ്സാണ്. ഒരു ഗ്രാമത്തിന്റെയോ പ്രദേശത്തിന്റെയോ വളർച്ചയിൽ വ്യക്തികൾ നടത്തിയ ഇടപെടലുകളും സംഭാവനകളും വസ്തുനിഷ്ഠത ഉറപ്പാക്കി ശേഖരിക്കുക എന്നത് പ്രാദേശിക ചരിത്രാന്വേഷകന്റെ കടമയാണ്.

## ഔദ്യോഗിക രേഖകൾ

താഴെ കൊടുത്തിരിക്കുന്ന വിവരണം ശ്രദ്ധിക്കുക.

### "ഉപ്പുനിയമം ലംഘിച്ചു"

*1930 മേയ് 17-ാം തീയ്യതി വൻജനാവലിയുടെ നേതൃത്വത്തിൽ 27 സ്ഥലങ്ങളിലായി കോഴിക്കോട് കടപ്പുറത്ത് ബ്രിട്ടീഷുകാർ നടപ്പാക്കിയ ഉപ്പ് നിയമം ലംഘിച്ചു. കോഴിക്കോട്ടെ ഗുജറാത്തി നിവാസികൾ താല്പര്യത്തോടെ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു. തിരുവിതാംകൂറിൽ നിന്നും വന്ന സത്യഗ്രഹ വളണ്ടിയർമാരും കൂടെ ചേർന്നു. കടൽ വെള്ളം വറ്റിച്ച് ഉപ്പുമായി നിയമലംഘകർ ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം മുഴക്കി ജാഥ നടത്തി. ഉപ്പ് ഉണ്ടാക്കാനായി ഉപയോഗിച്ചിരുന്ന വസ്തുക്കളും അവർ കൈയിൽ കരുതിയിരുന്നു. കടപ്പുറത്ത് നടന്ന ഉപ്പുസത്യഗ്രഹ സമരത്തെ പോലീസ് ക്രൂരമായി നേരിട്ടു. സ്വതന്ത്ര്യസമര പതാക പോലീസിൽ നിന്നും സംരക്ഷിക്കാൻ പി. കൃഷ്ണ പിള്ളയും, അബ്ദുൾറഹ്മാൻ സാഹിബും ഐതിഹാസികമായ പ്രതിരോധമാണ് നടത്തിയത്.* *(HFM files, No. 103, Tamil Nadu State Archives, Egmore)*

തമിഴ്നാട് പുരാരേഖാസമുച്ചയത്തിൽ (Archives) സൂക്ഷിച്ചിട്ടുള്ള ഈ രേഖ കേരളത്തിന്റെ സ്വാതന്ത്ര്യസമരത്തിലേക്ക് വെളിച്ചം വീശുന്നു. എന്തൊക്കെ കാര്യങ്ങളാണ് ഈ രേഖയിൽ പരാമർശിക്കുന്നത്?

**പ്രധാനപ്പെട്ട ഔദ്യോഗിക രേഖകൾ താഴെപ്പറയുന്നവയാണ്.**

- സെൻസസ് റിപ്പോർട്ടുകൾ
- ഗസറ്റ് രേഖകൾ
- കോടതി രേഖകൾ
- സർവ്വേ റിപ്പോർട്ടുകൾ
- നികുതി രേഖകൾ
- പോലീസ് റിപ്പോർട്ടുകൾ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനരേഖ

ബ്രിട്ടീഷ് കോളനിവാഴ്ചക്കെതിരെ നടന്ന സമരങ്ങൾ, കലാപങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ നമ്മൾ മനസ്സിലാക്കുന്നത് കോടതി രേഖകളിലൂടെയാണ്. ഒരു പ്രദേശത്തിലെ ജനസംഖ്യ, ജനവിഭാഗങ്ങൾ എന്നിവ മനസ്സിലാക്കാൻ നാം സെൻസസ് രേഖകളെയാണ് ആശ്രയിക്കുന്നത്.

## പണയ രേഖകൾ, ആധാരങ്ങൾ

പണയ രേഖകളും ആധാരങ്ങളും പ്രാദേശിക ചരിത്രരചനയ്ക്ക് മുതൽക്കൂട്ടാണ്. ഇവയിൽ നിന്ന് വ്യക്തി വിവരങ്ങൾ, സ്വകാര്യ സ്വത്തുകൾ തുടങ്ങിയവയെക്കുറിച്ച് അറിവ് ലഭിക്കുന്നു.

നിങ്ങളുടെ വസ്തുവിന്റെ ആധാരം/പണയരേഖ നിരീക്ഷിച്ച് അതിലെ വിവരങ്ങൾ കുറിക്കുക.

## നാട്ടറിവുകൾ, പാട്ടുകൾ, ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ

പ്രാദേശിക ചരിത്രരചനയ്ക്ക് ഏറെ സഹായകമായ സ്രോതസ്സുകളാണ് നാട്ടറിവുകളും പാട്ടുകളും മറ്റ് ആചാരാനുഷ്ഠാനങ്ങളും. അങ്ങാടികൾ, ചന്തകൾ എന്നിവിടങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളെക്കുറിച്ചുള്ള പാട്ടുകൾ നാടിന്റെ പ്രത്യേകതകൾ സൂചിപ്പിക്കുന്നു.

*കൂരൻ, ചോഴൻ, പഴവരി, കുറക്കൊങ്ങണം, വെണ്ണക്കണ്ണൻ*
*മോടൻ, കാടൻ, കുറുവ, കൊടിയൻ, പങ്കി, പൊങ്കാളി, ചെന്നെൽ,*
*ആനക്കോടൻ, കിളിയിറ കനങ്ങാരിയൻ വീരവിത്തൻ*
*കാണാം മറ്റും പലവിധമുടൻ നെല്ലു കല്യാണകീർത്തേ.*

*ഉണ്ണുനീലി സന്ദേശം*

ഏതെല്ലാം പ്രാദേശിക നെൽവിത്തിനങ്ങളെക്കുറിച്ചുള്ള സൂചനകളാണ് ഈ വരികളിൽ നിന്ന് ലഭിക്കുന്നത്.

പുരാരേഖകൾക്കും ചരിത്രസ്മാരകങ്ങൾക്കും പുറമേ സ്മരണകൾ, പാട്ടുകൾ, പഴഞ്ചൊല്ലുകൾ, കഥകൾ, നാട്ടുവ്യാഖ്യാനങ്ങൾ, നോട്ടീസുകൾ, ക്ഷണക്കത്തുകൾ ഇവയെല്ലാം സ്രോതസ്സുകളാക്കി എഴുതുന്ന ചരിത്രമാണ് പ്രാദേശിക ചരിത്രം. പ്രദേശത്തിന്റെ സമഗ്ര ജീവിതശൈലിയും ദൈനംദിന ജീവിതവും പ്രാദേശിക ചരിത്രത്തിൽ പരാമർശിക്കപ്പെടുന്നു. നാം ഓരോരുത്തരും ബന്ധപ്പെടുന്ന സമൂഹത്തിന്റെ നേർ ചിത്രീകരണമാണ് പ്രാദേശിക ചരിത്രം. മുകളിൽ പറഞ്ഞ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നമുക്ക് പ്രാദേശിക ചരിത്രരചന നടത്താനാകും.

## പ്രാദേശിക ചരിത്രരചന : ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

| | |
|---|---|
| ഭൂപ്രകൃതി | പ്രാദേശിക ചരിത്രപഠനത്തിനായി തിരഞ്ഞെടുക്കുന്ന പ്രദേശത്തിന്റെ കൃത്യമായ ഭൂമിശാസ്ത്ര അതിരുകൾ, പ്രകൃതിദത്ത പ്രത്യേകതകൾ (കുന്ന്, നദി, തണ്ണീർത്തടം) എന്നിവ ചരിത്രരചനയിൽ ഉണ്ടായിരിക്കണം. |

| | |
|---|---|
| ചരിത്രസ്മാരകങ്ങൾ | പ്രദേശത്തെ ആവാസകേന്ദ്രങ്ങൾ, മഹാശിലകൾ (Megaliths), ശിലാലിഖിതങ്ങൾ, കോട്ടകൾ, ആരാധനാലയങ്ങൾ എന്നിവ പ്രതിപാദിച്ചിരിക്കണം. |
| ഉപജീവനം | പ്രദേശത്തെ പ്രധാന കൃഷി, കൈത്തൊഴിൽ, വാണിജ്യകേന്ദ്രങ്ങൾ, ആതുരശുശ്രൂഷ, വൈദ്യം എന്നിവയെക്കുറിച്ച് സൂചനകളുണ്ടായിരിക്കണം. |
| അതിജീവന മാതൃകകൾ | പേമാരി, വരൾച്ച, പകർച്ചവ്യാധികൾ, ദാരിദ്ര്യം, കുടിയിറക്കൽ തുടങ്ങിയ പ്രശ്നങ്ങളെ പ്രതിരോധിച്ചതിന്റെ വിശകലനം ഉൾപ്പെടുത്തണം. |
| സാംസ്കാരിക സ്ഥാപനങ്ങൾ | പ്രദേശത്തെ വിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം, വായനശാലകൾ തുടങ്ങിയവ വിവരിക്കണം. |
| ഭൂബന്ധങ്ങൾ | പ്രദേശത്തെ കാർഷിക ബന്ധങ്ങൾ, ജന്മിസമ്പ്രദായം, പഴയ സ്ഥിതിവിവരക്കണക്കുകൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തണം. |
| ദേശീയബോധം | പ്രദേശത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ, ദേശീയപ്രസ്ഥാനം, ദേശീയവ്യക്തിത്വങ്ങൾ എന്നിവ പ്രതിപാദിക്കാം. |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസനവും | പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവിടുത്തെ വികസന പ്രവർത്തനങ്ങളും പ്രാദേശിക ചരിത്രരചനയിൽ രേഖപ്പെടുത്തണം. |
| ഗ്രന്ഥസൂചി | ചരിത്രരചനയുടെ ആധികാരികത ഉറപ്പാക്കുന്ന ഒരു പ്രധാനഘടകമാണ് ഗ്രന്ഥസൂചി (Bibiliography). ചരിത്രരചനയ്ക്കായി ഉപയോഗിച്ച എല്ലാ സ്രോതസ്സുകളുടേയും വിശദമായ പട്ടികയാണിത്. പഠനത്തിന്റെ അവസാന ഭാഗത്താണ് ഗ്രന്ഥസൂചി നൽകുന്നത്. |

## പ്രാദേശിക ചരിത്രരചന-ഘടന

- തലക്കെട്ട്
- ഉള്ളടക്കം/കുട്ടിയുടെ പ്രസ്താവന
- സാക്ഷ്യപത്രം

- നന്ദിപ്രസ്താവന
- ആമുഖം
- അധ്യായങ്ങൾ
- ഉപസംഹാരം
- പരാമർശങ്ങൾ (അഭിമുഖത്തിൽ പങ്കെടുത്തവരുടെ പേര്, സന്ദർശിച്ച സ്ഥലങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവ)
- അനുബന്ധങ്ങൾ (ഫോട്ടോകൾ, പാട്ടുകൾ, ചോദ്യാവലി)
- ഗ്രന്ഥസൂചി

പ്രാദേശിക ചരിത്രരചന സംസ്കാരങ്ങളുടെ വീണ്ടെടുക്കലിന് നമ്മെ സഹായിക്കുന്നു. ജീവിതത്തിൽ നിരന്തരം സംഭവിക്കുന്ന മാറ്റങ്ങൾ കണ്ടെത്തുക, ഭാവിയിലേക്കുള്ള വഴികൾ രൂപപ്പെടുത്തുക, വരുംതലമുറകൾക്ക് നാടിന്റെ ചരിത്രം പകർന്നുകൊടുക്കുക തുടങ്ങിയവ പ്രാദേശിക ചരിത്രരചനയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നവയാണ്.

## തുടർപ്രവർത്തനങ്ങൾ

- പാഠഭാഗത്ത് നൽകിയിരിക്കുന്ന സ്രോതസ്സുകളെ അടിസ്ഥാനപ്പെടുത്തി നിങ്ങളുടെ പ്രദേശത്തിന്റെ ചരിത്രം രേഖപ്പെടുത്താനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് അവയെ വിശകലനം ചെയ്ത് നിങ്ങളുടെ ദേശത്തിന്റെ ചരിത്രം എഴുതുക.
- നിങ്ങളുടെ നാട്ടിലെ പ്രാദേശിക ചരിത്രരചനയിൽ താൽപര്യമുള്ളവർ/പ്രാദേശിക ചരിത്രകാരർ ഇവരുമായി ഒരു സംവാദം സംഘടിപ്പിക്കുക.
- നിങ്ങളുടെ സമീപപ്രദേശത്തുള്ള ചരിത്രസ്മാരകങ്ങളോ കൊട്ടാരങ്ങളോ സന്ദർശിച്ച് ഒരു വിവരണം തയ്യാറാക്കുക.
- വ്യത്യസ്ത രാജ്യങ്ങളിലെ പഴയതും പുതിയതുമായ നാണയങ്ങൾ ശേഖരിച്ച് ഓരോന്നിന്റെയും കാലഘട്ടം, രാജ്യം, പ്രത്യേകതകൾ എന്നിവ കണ്ടെത്തി ആൽബം തയ്യാറാക്കുക.
- നിങ്ങളുടെ വിദ്യാലയത്തിന്റെ ചരിത്രം തയ്യാറാക്കി സ്കൂൾ വിക്കിയിൽ കൂട്ടിച്ചേർക്കുക.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***